പതിമൂന്നാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2014-2016)

അമ്പത്തിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2014-2016)

അമ്പത്തിനാലാമത് റിപ്പോർട്ട്

[കേരള സംസ്ഥാന ആഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ
സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ്
പ്രവൃത്തികൾ സംബന്ധിച്ച പ്രവർത്തന
അവലോകന റിപ്പോർട്ടുമായി ബന്ധപ്പെട്ട
ആഡിറ്റ് ഖണ്ഡികകൾ
സംബന്ധിച്ച്]

330/2016.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും	..	96
അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നുള്ള മറുപടി	..	116

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അമ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ (2011-12) ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളെ സംബന്ധിച്ച പ്രവർത്തന അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ

3.2.1 ആമുഖം

സാമൂഹ്യനീതിക്കും സാമ്പത്തിക വികസനത്തിനുംവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ അധികാരങ്ങളും വിഭവങ്ങളും 73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്നുണ്ടായ അധികാര വികേന്ദ്രീകരണത്തിലൂടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നഗരസഭകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

- 1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം റോഡുകളുടെയും മറ്റ് പൊതുമുതലുകളുടെയും സംരക്ഷണം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.
- കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്.
- കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള എല്ലാ ജില്ലാ റോഡുകളുടെയും നിർമ്മാണവും സംരക്ഷണവും ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്.
- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 30(1)-ലെ ഒന്നാം പട്ടിക(എ) പ്രകാരം റോഡുകളും മറ്റ് പൊതുമുതലുകളും പരിപാലിക്കുക എന്നുള്ളത് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ പ്രഥമസ്ഥാനം റോഡുകളുടെ വികസനത്തിനാണ്. 9, 10, 11 പദ്ധതി കാലയളവിൽ വികസന ഫണ്ടിന്റെ പരമാവധി 20% മാത്രമേ മേഖലാടിസ്ഥാനത്തിൽ റോഡുവികസനമുൾപ്പെടെയുള്ള പശ്ചാത്തലമേഖലയ്ക്ക് അനുവദിച്ചിരുന്നുള്ളുവെങ്കിലും തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ ലഭ്യത മേൽസൂചിപ്പിച്ച അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കംകൂട്ടിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നിരവധി അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധികാരപരിധി വിട്ട് പ്രവൃത്തികൾ ഏറ്റെടുക്കൽ, ഭരണാനുമതിയും സാങ്കേതികാനുമതിയും

ലഭിക്കുന്നതിനുമുമ്പ് പ്രവൃത്തി ഏൽപ്പിക്കൽ, കരാറുകാർക്ക് അധിക തുക നൽകൽ, ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച, പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കൽ, കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതിരിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

വാർഡ് വികസനമെന്ന കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തമായി പൊതു വികസനമെന്ന കാഴ്ചപ്പാടായിരിക്കണം വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ മുഖ്യമായിരിക്കേണ്ടതെന്ന് സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡു തലത്തിൽ മാത്രം വികസനം ഒതുങ്ങി നിൽക്കുന്ന തരത്തിലാണ് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിവരുന്നത്. പദ്ധതിപ്പണം വാർഡുതലത്തിൽ വീതംവയ്ക്കുന്നതുമൂലം ഓരോ വാർഡിലും നാമമാത്രമായ പ്രവൃത്തികളെ ഏറ്റെടുത്ത് നടത്താനാവൂ. സ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കി ദീർഘകാലാടിസ്ഥാനത്തിൽ റോഡ് വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പ് വിലയിരുത്തിയപ്പോൾ ശ്രദ്ധിക്കപ്പെട്ട പോരായ്മകൾ ചൂണ്ടിക്കാട്ടുകയും ആയവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും മുമ്പിൽ അവതരിപ്പിക്കുകയാണ് ഈ പ്രവർത്തനാവലോകന റിപ്പോർട്ടിന്റെ പ്രാഥമികലക്ഷ്യം.

3.2.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

പ്രവർത്തനാവലോകനത്തിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ഘടകങ്ങളാണ് ഓഡിറ്റ് വിലയിരുത്തിയത് :

1. 2009-10, 2010-11 വർഷങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയ പ്രാധാന്യം.
2. ആസ്തി രജിസ്റ്ററിന്റെ പരിപാലനം.
3. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ സൂക്ഷിക്കുന്നതിലെ കാര്യക്ഷമത.
4. കണക്ടിവിറ്റി പ്ലാൻ സമർപ്പിച്ചതിന്റെ വിവരം.
5. റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിച്ചതിന്റെ വിവരം.
6. സാങ്കേതികാനുമതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച്.
7. 1997-ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും മരാമത്ത് പണികളുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന്.

8. റോഡ് പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമാണോ?

9. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ?

10. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള റോഡ് പ്രവൃത്തികളുടെ വിലയിരുത്തൽ.

11. റോഡ് സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം.

3.2.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ.

2. 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ.

3. ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദമായ സാങ്കേതിക പരിശോധന, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച ജി. ഒ.(എംഎസ്.) 249/07/തസ്വഭവ. തീയതി 1-11-2007.

4. പൊതുമരാമത്ത് പണികളുടെ ടെണ്ടർ സംബന്ധിച്ച മാർഗ്ഗരേഖ ജി. ഒ. (പി) നമ്പർ 322/03/തസ്വഭവ. തീയതി 3-11-2003.

5. വികേന്ദ്രീകരണ ആസൂത്രണവുമായി ബന്ധപ്പെട്ട ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 128/07/തസ്വഭവ. തീയതി 14-5-2007, ജി. ഒ. (എംഎസ്.) 183/07/തസ്വഭവ. തീയതി 24-7-2007.

6. പി. ഡബ്ല്യൂ. ഡി. മാന്വൽ കോഡ്.

7. ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ(സംസ്ഥാന ആസൂത്രണ ബോർഡ്.)

8. പൊതുമരാമത്ത് പണികളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും.

3.2.4 ഓഡിറ്റ് അധികാരം

1. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

2. 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം.

3. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ.

4. 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ.

3.2.5 ഓഡിറ്റിന്റെ വ്യാപ്തി

2011 ഡിസംബർ മാസത്തിലെ ഓഡിറ്റിനോടനുബന്ധിച്ച് 79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ അവലോകനം നടത്തുകയുണ്ടായി. (അനുബന്ധം). ഓഡിറ്റിനു വിധേയമാക്കിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരശേഖരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, സ്ഥല പരിശോധന തുടങ്ങിയവയിലൂടെ ലഭിച്ച വിവരങ്ങൾ പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് കണ്ടെത്തലുകൾ

3.2.6 റോഡ് നിർമ്മാണം/സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും

അധികാരം ജനങ്ങളിലെത്തിച്ച് നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി എന്നിവ സമൂഹത്തിന്റെ മുഴുവൻ ആവശ്യങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങളും അഭ്യർത്ഥനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുന്നു. ജി. ഒ. (എംഎസ്.)128/2007/തസ്വഭവ. തീയതി 14-5-2007 പ്രകാരം പദ്ധതി രൂപീകരണത്തിന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ, ഓരോ വിഷയ മേഖലയുടെയും സ്റ്റാറ്റസ് റിപ്പോർട്ട്/ഗ്രാമ/വാർഡ് സഭകളിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടും ഗ്രാമ/വാർഡ് സഭകളുടെ നിർദ്ദേശവും പരിഗണിച്ച് കരട് പദ്ധതിരേഖ തയ്യാറാക്കുന്നു. തുടർന്ന് വിവിധ മേഖലകളിലെ വിദഗ്ധർ, മറ്റ് പ്രതിനിധികൾ എന്നിവരെ സംഘടിപ്പിച്ച് വികസന സെമിനാർ സംഘടിപ്പിക്കുന്നു. ഗ്രാമ/വാർഡ് സഭകളിലെ നിർദ്ദേശങ്ങൾ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ചകൾ, വികസന സെമിനാർ, നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പ്രോജക്ടുകൾ പദ്ധതി രൂപീകരണ മാർഗ്ഗരേഖയ്ക്കും നിയമ വ്യവസ്ഥകൾക്കും അനുസൃതമായി സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളതാണെന്നും നിർവ്വഹണ സാധ്യതയുള്ളതാണെന്നും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഉറപ്പുവരുത്തുന്നു. വിശദമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഭരണ സമിതിയുടെ അനുമതിക്കായി സമർപ്പിക്കുകയും ഭരണ സമിതി യോഗംകൂടി ചർച്ചചെയ്ത് ഭരണാനുമതി നൽകുകയും ചെയ്യുന്നു.

പ്രോജക്ടുകൾ സാങ്കേതിക ഉപദേശക സമിതി(TAG) പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് ശിപാർശ ചെയ്യുന്നു. ജില്ലാ ആസൂത്രണ സമിതി അതിന്റെ പരിഗണനയ്ക്കുവിധേയമായി അംഗീകാരം നൽകുന്നതോടെ പദ്ധതി നടത്തിപ്പിനായി തയ്യാറാകുന്നു.

1. ഗ്രാമ/വാർഡ് സഭ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല; റോഡ് നിർമ്മാണ/ സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നില്ല

ഓരോ വാർഡുകളിലും സംഘടിപ്പിക്കുന്ന ഗ്രാമ/വാർഡ് സഭകളാണ് ആ വാർഡുകളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ തീരുമാനിക്കേണ്ടത്. അവലോകനം നടത്തിയ വർഷങ്ങളിലെ പ്രവൃത്തികൾ, പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാമ/വാർഡ്സഭകളിലെ നിർദ്ദേശാനുസരണമോ ആവശ്യപ്രകാരമോ ആസൂത്രണം ചെയ്തവയായിരുന്നില്ല. ഗ്രാമ/വാർഡ് സഭകളിലെ മിനിട്സ് ബുക്ക് ആധികാരികമാക്കി സൂക്ഷിക്കുന്നില്ല. അതിനാൽ ഗ്രാമ/വാർഡ്സഭ നിർദ്ദേശങ്ങളുടെയും വികസന സെമിനാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും മുൻഗണനാക്രമത്തിലുമാണോ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമല്ല. റോഡ് നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് ഗ്രാമ/വാർഡ് സഭ നിർദ്ദേശങ്ങൾ പരിഗണിക്കാതെ പ്രവൃത്തി നിർവ്വഹിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ:

(1) നാരങ്ങാനം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല

(2) മണിമല ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

(3) കോട്ടയം നഗരസഭ

(4) കട്ടപ്പന ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല

(5) ചെറുതന ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല

(6) നൂറനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല

2. അവലോകന റിപ്പോർട്ട് വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല

നടപ്പാക്കിയ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചോ, അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളിലും മുൻകൂട്ടി തയ്യാറാക്കിയ പ്രവർത്തന കലണ്ടർ അനുസരിച്ചും പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിച്ച് നിർവ്വഹണച്ചുമതലയുള്ള എഞ്ചിനീയർ ഒരു അവലോകന റിപ്പോർട്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനോടൊപ്പം സെക്രട്ടറിക്ക് സമർപ്പിക്കുന്നു. അത് വാർഡ് സഭയിൽ അവതരിപ്പിച്ച് വാർഡ് സഭയുടെ അംഗീകാരത്തോടെ സാങ്കേതിക സമിതിക്ക് നൽകുകയും അവയുടെ പരിശോധനാക്കുറിപ്പോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റെക്കോർഡ് ചെയ്യുകയും വേണം. നഗരസഭകളുടെ പ്രവർത്തനാവലോകനത്തിൽ, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, ഇരിങ്ങാലക്കുട നഗരസഭകൾ അവലോകന റിപ്പോർട്ടിന് വാർഡുസഭയുടെ അംഗീകാരം വാങ്ങിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

3. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയമേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ദ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻവർഷ പ്രോജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക എന്നിവ മുതൽ ഡാറ്റാ എൻട്രിക്കുശേഷം പ്രോജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതുവരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്.

പഠനം നടത്തിയ 79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പശ്ചാത്തല മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

കോഴിക്കോട് ജില്ലയിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിൽ, ആസൂത്രണ നടപടിക്രമങ്ങൾ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പശ്ചാത്തല മേഖലയിൽ പദ്ധതികൾ നിർവ്വഹിച്ചിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് സൂക്ഷിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് വികസന സെമിനാർ എന്നിവയിൽ നിർദ്ദേശിക്കപ്പെടാത്ത പദ്ധതികൾ പിന്നീട് വാർഷിക പദ്ധതികളുടെ അംഗീകാരം വാങ്ങുന്ന ഘട്ടത്തിൽ ഉൾപ്പെട്ടു എന്നത് ആസൂത്രണപ്രക്രിയയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. വികസന സെമിനാറിൽ നിർദ്ദേശിക്കപ്പെട്ട റോഡുകൾക്ക് അംഗീകാരം വാങ്ങാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഉദാ: പുതിയന്ത്ര ഉമ്മിനിക്കുന്ന് പാറമ്മൽ റോഡ്, പുത്തൂർ മഠത്തുപൊയിൽ റോഡ്

11-ാം പദ്ധതിയുടെ തുടക്കത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശം ഗ്രാമപഞ്ചായത്തുകളിൽ പാലിക്കപ്പെട്ടില്ല. അതുകൊണ്ടുതന്നെ പശ്ചാത്തല മേഖലയെക്കുറിച്ച് ശരിയായ വിലയിരുത്തൽ വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയാണ്.

(1) വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല

(2) കട്ടപ്പന ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല

(3) വരാപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല

(4) കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല

(5) അരിക്കുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

(6) ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

4. വാർഡ് സഭ അംഗീകാരവും ജില്ലാ ആസൂത്രണ സമിതി അംഗീകാരവുമില്ലാതെ പ്രവൃത്തി നടത്തി

കൊച്ചി നഗരസഭയിലെ മരാമത്ത് പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും ഓരോ വാർഡിലേക്കും 20 ലക്ഷം രൂപാ വീതം മാറ്റി വയ്ക്കുന്നുണ്ട്. ഇപ്രകാരം മാറ്റി വയ്ക്കുന്ന തുകയിൽ നിന്നും മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല. ഇക്കാരണത്താൽ ഏതു പ്രവൃത്തിയാണ് ചെയ്യുന്നതെന്ന് ഗുണഭോക്താക്കൾക്ക് അറിയാൻ കഴിയുന്നില്ല. ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ വാർഡ് കൗൺസിലറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നുണ്ട്. നഗരസഭയുടെ ഒരു വാർഡിൽ ഇപ്രകാരം ചെയ്ത ഒരു പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനം വാർഡ് കൗൺസിലറുടെ അഭിപ്രായപ്രകാരം ഒഴിവാക്കിയെങ്കിലും കോൺട്രാക്ടർക്ക് ഇതിന്റെ തുക അനുവദിക്കുകയും ചെയ്തിരുന്നു.

നഗരസഭ 33-ാം ഡിവിഷൻ ഗ്രീൻറിപ്പിൾ റോഡിൽ കാന പണിത് സ്ലാബിട്ടതിനും റീടാറിംഗ് നടത്തിയതിനുമായി 3,90,472 രൂപ (റോഡ് ടാറിംഗ് 2,57,152 രൂപ; കാന, സ്ലാബ് നിർമ്മാണം 1,33,320) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അപ്പൻഡിക്സ് എ പ്രകാരം 2,58,648 രൂപ റോഡ് ടാറിംഗ് പ്രവൃത്തിക്കും അപ്പൻഡിക്സ് സി പ്രകാരം 1,34,228 രൂപ കാന, സ്ലാബ് നിർമ്മാണത്തിനുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (അനാമത്ത് ചെലവ് 124 രൂപ ഉൾപ്പെടെ ആകെ എസ്റ്റിമേറ്റ് തുക 3,93,000 രൂപ). അളവ് പുസ്തക (1297/07-08) രേഖപ്പെടുത്തലുകൾ പ്രകാരം അപ്പൻഡിക്സ് എ പ്രകാരമുള്ള 2,57,152 രൂപയുടെ റോഡ് ടാറിംഗ് പ്രവൃത്തിയും അപ്പൻഡിക്സ് ബി പ്രകാരമുള്ള 1,33,320 രൂപയുടെ കാന, സ്ലാബ് നിർമ്മാണവും നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. സൈറ്റ് വെരിഫിക്കേഷനിൽ റോഡ് റീടാറിംഗ് മാത്രമേ നടത്തിയിട്ടുള്ളുവെന്നും കാന നിർമ്മാണം നടത്തിയിട്ടില്ല എന്നും കണ്ടെത്തി. അളവുപുസ്തക പ്രകാരം കാന, സ്ലാബ് എന്നിവയുടെ നിർമ്മാണത്തിന്റെ പേരിൽ 1,26,614 രൂപ കരാറുകാരന് നൽകിയതായും 6,706 രൂപ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ ബില്ലിൽ നിന്നും പിടിച്ചതായും കാണുന്നു. തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ മേൽപ്പറഞ്ഞ പ്രവൃത്തിക്ക് വാർഡ് സഭയുടെ അംഗീകാരമോ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമോ നേടിയിട്ടില്ല. മോണിട്ടറിംഗ് സംവിധാനവും ഫലപ്രദമായിരുന്നില്ല.

3.2.7 ആസ്തി രജിസ്റ്ററുകളുടെ പരിപാലനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1) വകുപ്പ് 3-ാം പട്ടിക/1994-ലെ മുനിസിപ്പാലിറ്റി നിയമം 30(1) ഒന്നാം പട്ടിക പ്രകാരം റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ പദ്ധതി വിഹിതം വിനിയോഗിച്ച് ആർജ്ജിച്ചിട്ടുള്ളതും സർക്കാർ വിട്ടുകൊടുത്തിട്ടുള്ളതുമായ എല്ലാത്തരം ആസ്തികളുടെയും സുരക്ഷിതവും സുതാര്യവുമായ സംരക്ഷണത്തിന് ആവശ്യമായ അടിസ്ഥാന രേഖയാണ് ആസ്തികളുടെ വിശദവിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററുകൾ. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ആ രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കേണ്ടതുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി ആസ്തികൾ ആർജ്ജിക്കാറുണ്ട്. ഇവ യഥാസമയം രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതി എപ്രകാരമുള്ളതാണെന്ന് അവലോകനം ചെയ്യാൻ സാധിക്കുകയുള്ളൂ. കൂടാതെ പൊതുപണം മുടക്കി ആർജ്ജിക്കുന്ന ആസ്തികൾ കയ്യേറി പോകാതെ നിരീക്ഷിക്കുന്നതിന് അവയുടെ സ്ഥിതിവിവരം എഴുതി സൂക്ഷിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ 24-8-2008-ലെ 55178/എഫ്എം.3/2008/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ആസ്തികളുടെ സംരക്ഷണത്തെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആസ്തികൾ തിട്ടപ്പെടുത്തി രജിസ്റ്റർ പൂർണ്ണമാക്കുന്ന പ്രക്രിയ 2008 ഒക്ടോബർ 31-നകം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിരുന്നതു മാണ്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്നതിലുപരി ഇതിന്റെ ലംഘനം ഇപ്പോഴും തുടരുന്നു എന്നതാണ് ശ്രദ്ധേയം.

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനും ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലികമായ മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ പുതുക്കുന്ന പ്രക്രിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2010 മാർച്ച് 15-നകം പൂർത്തിയാക്കേണ്ടതാണെന്ന് 13-1-2010-ലെ സർക്കുലറിൽ (നമ്പർ 58608/ഡി.ബി2/ 2009/തസ്വഭവ.) നിർദ്ദേശിക്കുന്നു. ആസ്തി രജിസ്റ്റർ പുതുക്കുന്നതിനുവേണ്ടി ഡിജിറ്റൽ രജിസ്റ്ററിന്റെ ഡേറ്റാബേസ്, സോഫ്റ്റ്‌വെയർ മുതലായവ ഐ. കെ. എം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 2010 ജനുവരി 20-നകം ലഭ്യമാക്കണമെന്ന്

മേൽ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ അപാകങ്ങൾ പരിഹരിച്ചും പുതിയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയും ഡിജിറ്റൽ രജിസ്റ്ററുകളായി സൂക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ആസ്തി രജിസ്റ്ററിൽ റോഡ് ആസ്തികളുടെ വിവരം പൂർണ്ണമായും ചേർക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള റോഡുകളുടെ നീളം, വീതി, ചെയിനേജ്, തരം, വിവിധ അറ്റകുറ്റപ്പണികൾ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ വിവരങ്ങൾ, പുതുതായി ഏറ്റെടുത്ത റോഡുകൾ, കാലാകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ വിവരം, പ്രവൃത്തി ഏറ്റെടുത്ത കാലയളവ്, ചെലവഴിച്ച തുക തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഈ മേഖലയിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ (ഉദാ: എം. എൽ. എ. ഫണ്ട്, എം. പി. ഫണ്ട്, ബ്ലോക്ക് ഫണ്ട്) വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല. ഇതുമൂലം ആസ്തി രജിസ്റ്ററിൽ ചേർക്കാതെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും റോഡ് ആസ്തികളിലുണ്ടായ മൂല്യവർദ്ധനവ് നിരീക്ഷിക്കുന്നതിനും സാധിക്കുന്നില്ല. വിവിധതരം റോഡ്നിർമ്മാണ/സംരക്ഷണ പ്രവർത്തികൾക്കായി നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പിരീഡിനുള്ളിൽ വീണ്ടും പ്രവൃത്തി ഏറ്റെടുക്കുന്നുണ്ടോയെന്ന് ഫലപ്രദമായി നിരീക്ഷിക്കുവാനും സാധിക്കുന്നില്ല.

ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അഭാവം സംരക്ഷണ ഗ്രാന്റിന്റെ വിതരണ മാനദണ്ഡങ്ങളേയും വാർഷിക പദ്ധതികളുടെ തയ്യാറാക്കലിനേയും സാരമായി ബാധിക്കുന്നു. റോഡുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കങ്ങളുണ്ടാകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് ഹാജരാക്കാനുള്ള പ്രധാനരേഖയാണ് ആസ്തി രജിസ്റ്റർ എന്നതിനാൽ ഇത്തരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ വീഴ്ച സ്ഥാപനത്തിന് ആസ്തികൾ നഷ്ടപ്പെടാൻ കാരണമാകും. ആസ്തികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി അവയെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ അവയുടെ ഭൗതിക പരിശോധന നടത്തേണ്ടതും അനിവാര്യമാണ്. കേരളത്തിലെ 14 ജില്ലകളിലെ 79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

നിലവിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും 2012 ജനുവരി 30-നകം പ്രസ്തുത രജിസ്റ്റർ

കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കേണ്ടതും വിവരം വകുപ്പ് മേധാവികളെ അറിയിക്കേണ്ടതുമാണെന്ന് 6-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 59/2012/തസ്വഭവ. നിഷ്കർഷിക്കുന്നു. ജനുവരി 25-നകം ഇതു സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് മേധാവികളും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

3.2.8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം. ബുക്കുകൾ, ലെവൽ ഫീൽഡ് ബുക്കുകൾ, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ, ഫയലുകൾ തുടങ്ങിയവയിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല. പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിനോടൊപ്പം ഡാറ്റാഷീറ്റ്, രൂപരേഖ തുടങ്ങിയവ ഉൾപ്പെടുത്തണമെന്ന പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിർദ്ദേശം പാലിക്കാത്ത സ്ഥാപനങ്ങളുണ്ട്. രേഖകളുടെ സൂക്ഷിപ്പിലെ അപാകതകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു:

- മരാമത്ത് പണികളുമായി ബന്ധപ്പെട്ട ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം. ബുക്കുകൾ, ഫയലുകൾ എന്നിവ തൃപ്തികരമായി സൂക്ഷിക്കുന്നില്ല. അളവു പുസ്തകങ്ങൾ, ഫയലുകൾക്കൊപ്പം സൂക്ഷിക്കുന്നില്ല (തിരുവനന്തപുരം നഗരസഭ)

- ബിറ്റുമിൻ രജിസ്റ്ററിൽ ഏത് വൗച്ചർ പ്രകാരമാണ് ബിറ്റുമിൻ വാങ്ങിയതെന്ന പ്രധാന വിവരം രേഖപ്പെടുത്തുന്നില്ല. ഇതുമൂലം നഗരസഭാ ഫണ്ടിൽനിന്ന് പിൻവലിച്ച തുകയ്ക്കുള്ള ബിറ്റുമിൻ യഥാസമയം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.(കൊച്ചി നഗരസഭ)

- പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അളവുപുസ്തകങ്ങൾ ഫയലിൽ നിന്നും വേർപെടുത്തി പ്രത്യേകമായി സൂക്ഷിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.(മാത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല)

- ടെണ്ടർ സ്വീകരിച്ച തീയതിയും തീരുമാനവും ടെണ്ടർ നേടിയ ആളുടെ പേരും ടെണ്ടർ തുറക്കുന്ന സമയത്ത് ഉണ്ടായിരുന്നവരുടെ ഒപ്പ് എന്നിവയും രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരം കൃത്യമല്ല. എത്ര പുസ്തകങ്ങൾ ലഭ്യമായി എന്നത് രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരം മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. (പാലക്കാട് നഗരസഭ)

3.2.9 കണക്ടിവിറ്റി പ്ലാൻ

14-7-2007-ലെ ജി. ഒ. (എംഎസ്.)128/07/തസ്വഭവ.യിലെ ഖണ്ഡിക 5-12-ൽ ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാരപരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല, (കണക്ടിവിറ്റി പ്ലാൻ) അതായത് ഹൈവേയും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരാവുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപ്പണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. അതിനുശേഷം ഈ മേഖലയിലെ വിദഗ്ധരുടെ ഒരു യോഗം വിളിച്ചുചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ, നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ദീർഘവീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുംവിധം പാലിക്കപ്പെട്ടിട്ടില്ല. കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 9-ൽ ചേർത്തിരിക്കുന്നു.

3.2.10 റോഡ് ചെയിനേജ് രേഖപ്പെടുത്തൽ—സർക്കാർ ഉത്തരവ് നടപ്പാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും 16-1-2010-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 165/2010/തസ്വഭവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ, എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അതത് സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ റോഡിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ പേര്, ദൂരം, കടന്നുപോകുന്ന പ്രധാന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡും കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണ്. കിലോമീറ്റർ കല്ലുകൾക്കിടയിൽ ഓരോ 200 മീറ്റർ ദൂരത്തേയും വ്യക്തമാക്കുന്നതിനാണ് ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നത്. മൂന്ന് മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡുകളിലും ബോർഡും കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണ്.

കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ട ചെലവുകൾക്കായി വികസന, റോഡ് മെയിന്റനൻസ്, തനത്, ജനറൽ പർപ്പസ് ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്. 2009-10-ൽ ഇതിനാവശ്യമായ തുക കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ 2010-11 വാർഷിക പദ്ധതിയിൽ വിഹിതം കണ്ടെത്തി നിർബന്ധമായും പ്രോജക്റ്റ് ഏറ്റെടുക്കേണ്ടതാണെന്ന് ഉത്തരവിൽ സ്പഷ്ടമാക്കിയിരുന്നു.

പരിശോധനയ്ക്ക് വിധേയമാക്കിയ 79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മേൽ സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 9-ൽ ചേർത്തിരിക്കുന്നു.

3.2.11 സാങ്കേതികാനുമതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നു

1-11-2007-ലെ സർക്കാർ ഉത്തരവ് (എംഎസ്.)249/07 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും (കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത പരിപാടികളുടെ ഭാഗമായുള്ളവ ഉൾപ്പെടെ) സാങ്കേതികാനുമതി നൽകേണ്ടത് ബന്ധപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പുകളാണ്. സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ പ്രോജക്ടുകളും എസ്റ്റിമേറ്റും പരിശോധിക്കുകയും ടെക്നിക്കൽ കമ്മിറ്റി പൊതുയോഗത്തിന്റെ ശിപാർശയോടെ സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു. സാങ്കേതികാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>സാങ്കേതികാനുമതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എംഎസ്.) 249/2007/ തസ്വഭവ. തീയതി 1-11-2007-ലെ നിബന്ധനകളിൽ വീഴ്ചവരുത്തിയ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ</u>

ജില്ല	ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം	വീഴ്ചവരുത്തിയ നിബന്ധന
1	2	3	4
തിരുവനന്തപുരം	1	മംഗലപുരം ഗ്രാമപഞ്ചായത്ത്	അംഗീകൃത എസ്റ്റിമേറ്റിൽ പലതിലും ധാരാളം വ്യതിയാനം വരുത്തിയിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.
	2	ചെങ്കൽ ഗ്രാമപഞ്ചായത്ത്	ചില പ്രവൃത്തികളിൽ റ്റി. എ. ജി. അംഗീകാരം നൽകിയതിനേക്കാൾ കൂടിയ നിരക്കിൽ സാങ്കേതികാനുമതി നൽകിയിരിക്കുന്നു.
ആലപ്പുഴ	3	നെടുമുടി ഗ്രാമപഞ്ചായത്ത്	റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നേടാത്തത് ശ്രദ്ധയിൽപ്പെട്ടു.

1	2	3	4
പാലക്കാട്	4	മാത്തൂർ ഗ്രാമപഞ്ചായത്ത്	എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നമ്പർ, തുക, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സബ്ഗ്രൂപ്പ് കൺവീനറുടെ ഒപ്പും സീലും പേജുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
	5	മുതലമട ഗ്രാമപഞ്ചായത്ത്	എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നമ്പർ, തുക, കൺവീനറുടെ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
	6	നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്	എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നമ്പർ, തുക, കൺവീനറുടെ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
	7	പാലക്കാട് നഗരസഭ	എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നമ്പർ, തുക, കൺവീനറുടെ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പേജിലും സബ് ഗ്രൂപ്പ് കൺവീനറുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.
മലപ്പുറം	8	നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്	1. റ്റി. എ. ജി.-ലെ അംഗങ്ങളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്നില്ല. 2. മോണിട്ടറിംഗ്, ഇൻസ്പെക്ഷൻ, വെരിഫിക്കേഷൻ എന്നിവ നടത്തുന്നില്ല. 3. പൂർത്തീകരണ റിപ്പോർട്ട് പരിശോധിച്ച് അംഗീകാരം നൽകുന്നില്ല.

3.2.12 മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളുടെ ലംഘനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും നിർമ്മാണ ഘട്ടങ്ങളിലും 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും

സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ പി.ഡബ്ല്യു.ഡി. മാന്വൽ, സർക്കാർ ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ വ്യാപകമായി ലംഘിക്കപ്പെടുന്നുണ്ടെന്ന് 79 തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ പരിശോധന നടത്തിയ വേളയിൽ കണ്ടെത്തി.

ടെണ്ടർ പ്രവൃത്തികളിൽ മത്സരം ഉറപ്പുവരുത്താതിരിക്കുക, എസ്റ്റിമേറ്റ് നിരക്കിനേക്കൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏക ടെണ്ടർ ചട്ടവിരുദ്ധമായി അംഗീകരിക്കുക, എക്സസ് എക്സ്ട്രാ ഇനങ്ങൾ ഉണ്ടെങ്കിലും പുതുക്കിയ ഭരണ സാങ്കേതിക അനുമതികൾ യഥാസമയം വാങ്ങാതിരിക്കുക, പണിയുടെ വിശദാംശങ്ങൾ പണിസ്ഥലത്ത് എഴുതി പ്രദർശിപ്പിക്കാതിരിക്കുക മുതലായ അപാകങ്ങൾ തിരുവനന്തപുരം നഗരസഭയുടെ പൊതുമരാമത്ത് പണികളിൽ ശ്രദ്ധിക്കപ്പെട്ടു.

പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഒരു സാമ്പത്തിക വർഷാരംഭത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് താഴെ പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടില്ല:

(1) തിരുവല്ല നഗരസഭ

(2) മാത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(3) മുതലമട ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(4) നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(5) അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(6) മലമ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(7) പാലക്കാട് മുനിസിപ്പാലിറ്റി

(8) നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

(9) കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

(10) ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

(11) തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 17(1) പ്രകാരം പൊതുമരാമത്ത് പണിയെ സംബന്ധിച്ച് (3)-ാം ഉപചട്ടത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ പഞ്ചായത്ത്/

നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അവ പണി നടക്കുന്ന പ്രദേശത്തെ ഗ്രാമ/വാർഡ് സഭയുടെ അറിവിലേക്കായി വയ്ക്കേണ്ടതുമാണെന്ന ചട്ടം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലംഘിക്കപ്പെടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

(1) തിരുവല്ല നഗരസഭ

(2) ആലുവ നഗരസഭ

(3) മുതലമട ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(4) അനങ്ങനടി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(5) മാത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(6) നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

(7) നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

ചട്ടം 6(6) പ്രകാരം എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സാധന സാമഗ്രികളുടെ അളവ്, അവയുടെ ഗുണനിലവാരവും വിലയും കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം, അതിനുള്ള കൂലി, മതിപ്പുചെലവ് എന്നിവയടങ്ങിയ ഒരു കുറിപ്പ് പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർക്കേണ്ടതാണെന്ന നിബന്ധന പാലക്കാട് ജില്ലയിലെ മാത്തൂർ, മുതലമട, നാഗലശ്ശേരി, അനങ്ങനടി, മലമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പാലിക്കപ്പെടുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ നഗരസഭയിലും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയയ്ക്കൽ, കരാർ ഉടമ്പടി തയ്യാറാക്കൽ എന്നിവ കൃത്യമായി നടന്നിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കുന്നതിലും വീഴ്ചയുണ്ട്. പല പ്രവൃത്തികളിലും പ്രവൃത്തി മൂല്യം കരാർ പ്രകാരമുള്ള തുകയിൽ പരിമിതപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

കരാറുകാർക്ക് അധിക നിരക്ക് നൽകൽ, ഗുണഭോക്തൃ സമിതികൾക്ക് സി.പി. നൽകൽ, പ്രവൃത്തിയുടെ സൈറ്റ് കൈമാറാതിരിക്കൽ തുടങ്ങിയ പൊതു അപാകങ്ങൾ മംഗലപുരം ഗ്രാമപഞ്ചായത്തിൽ കാണുവാൻ കഴിഞ്ഞു. തിരുവനന്തപുരം നഗരസഭയിൽ ഏക ടെണ്ടർ എക്സസ് നൽകൽ, അക്രഡിറ്റഡ് ഏജൻസികൾക്ക് സി.പി.നൽകൽ എന്നിവ ശ്രദ്ധയിൽപ്പെട്ടു. മേൽപ്പറഞ്ഞ അപാകങ്ങൾ തൃശ്ശൂർ നഗരസഭയിലും കണ്ടുവരുന്നു.

പെരുമ്പാവൂർ നഗരസഭയിലെ വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് ഇടഭിത്തി കെട്ടിത്തിരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച്

വർക്ക് ഓർഡർ നൽകിയ ശേഷം കുറച്ച് പണികൾ മാത്രം പൂർത്തീകരിച്ച് ബാക്കിയുള്ള തുകകൊണ്ട് മുനിസിപ്പൽ ബിൽഡിംഗിന്റെ മുകളിൽ സ്റ്റോർ റൂം/റെക്കോർഡ് റൂം എന്നിവ പണിയുന്നതിന് കൗൺസിൽ തീരുമാനമെടുത്ത് പണി നടത്തി. ഇത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 6(1)-ന്റെ ലംഘനമാണ്. കൂടാതെ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കൂടുതൽ അളവിൽ പണി നടത്തിയശേഷം പിന്നീട് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നേടുന്നതായും ശ്രദ്ധയിൽപ്പെട്ടു. പുതുക്കിയ എസ്റ്റിമേറ്റിന് മുൻകൂട്ടി അനുമതി വാങ്ങാത്തത് ചട്ടം 14(5)-ന്റെ ലംഘനമാണ്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 15.4.5 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ കയ്യൊപ്പ് തെളിവിനായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്ന ചട്ടം തലശ്ശേരി നഗരസഭയിൽ പാലിക്കപ്പെട്ടിട്ടില്ല.

കോഴിക്കോട് നഗരസഭയിൽ മിക്ക പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പി.ഡബ്ല്യൂ.ഡി. മാന്വൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. വിശദമായ ഡിസൈനിന്റെയും അളവുകളുടെയും അടിസ്ഥാനത്തിലൂടെ പ്രവൃത്തി പ്രദേശത്തെക്കുറിച്ചുള്ള പഠനത്തിന്റെയും പ്രവർത്തിക്കാവശ്യമായ വസ്തുക്കളുടെ ലഭ്യത മുതലായ കാര്യങ്ങൾ കണക്കിലെടുത്തുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. പി.ഡബ്ല്യൂ.ഡി. മാന്വൽ ഖണ്ഡിക 10.1.3-ൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് 5 ഭാഗങ്ങളായി തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു.

(1) എസ്റ്റിമേറ്റ് റിപ്പോർട്ട്

(2) ഡിസൈനിംഗിന്റെയും ഡ്രോയിംഗിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തിക്ക് ആവശ്യമായ വസ്തുക്കളുടെ വിവരം

(3) ഓരോ ഇനം പ്രവൃത്തിക്കും യൂണിറ്റ് നിരക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡേറ്റാഷീറ്റ്

(4) ഓരോ ഇനങ്ങളുടെയും യൂണിറ്റ് നിരക്ക്, അളവ്, ചെലവ് എന്നിവയുടെ സംക്ഷിപ്തം

(5) ഡോക്കറ്റ് ഷീറ്റിൽ പ്രവൃത്തിയുടെ പേര്, ഫണ്ട് ലഭ്യത, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേര്, പ്രവൃത്തി, സ്ഥലം പരിശോധിച്ചതിന്റെ റിപ്പോർട്ട്.

കോഴിക്കോട് നഗരസഭയിൽ മേൽപ്പറഞ്ഞ വിധത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റിലും പ്രവൃത്തിയിലും സ്പെസിഫിക്കേഷൻ പാലിക്കൽ, ടെണ്ടറിംഗ്, കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചുനൽകൽ, സൈറ്റ് പരിശോധന, അളവെടുക്കൽ, ബിൽ തയ്യാറാക്കൽ എന്നിവകളിൽ കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് മാന്വൽ,

മുനിസിപ്പാലിറ്റി മരാമത്ത് ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

3.2.13 കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിട്ടറിംഗ് നടത്തിയില്ല

റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ കഴിവതും ഗുണഭോക്തൃ കമ്മിറ്റി വഴി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കരാർ വ്യവസ്ഥയിൽ നടപ്പാക്കുന്ന പ്രവൃത്തികളിലും ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കുന്നതിനും പ്രവൃത്തിയുടെ/പ്രവൃത്തികളുടെ ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തേണ്ടതുണ്ടെന്ന് സർക്കാർ ഉത്തരവ് (പി) നമ്പർ 183/2007/തസ്വഭവ. തീയതി 24-7-2007 ഖണ്ഡിക 6(12) IV-ൽ വ്യവസ്ഥ ചെയ്യുന്നു.

79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 37 എണ്ണം ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. ഈ വ്യവസ്ഥ ലംഘിച്ച് 2009-10, 2010-11 വർഷങ്ങളിലായി ആകെ 2557 റോഡ് പ്രവൃത്തികൾ ഈ സ്ഥാപനങ്ങൾ നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് മോണിട്ടറിംഗ് നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കൂട്ടത്തിൽ 12 എണ്ണം മാത്രമാണ്.

റോഡ് പ്രവൃത്തികളിലെ ജനകീയ പങ്കാളിത്തവും മോണിട്ടറിംഗും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരമുള്ള വ്യവസ്ഥകളെക്കുറിച്ച് അജ്ഞരാണെന്ന് ഓഡിറ്റ് കണ്ടെത്തി.

എന്നാൽ സർവ്വേയിൽ ഉൾപ്പെട്ട എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ രീതിയിൽ 2009-10, 2010-11 വർഷങ്ങളിലെ റോഡ് നിർമ്മാണ പ്രവൃത്തികളെല്ലാം ഗുണഭോക്തൃ കമ്മിറ്റി വഴി നടപ്പാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

(1) വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

(2) ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

(3) നിരണം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

(4) തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

(5) നൂറനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

(6) കൊടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.

(7) നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

(8) ഊരകം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പാക്കേണ്ടതിലേക്കും ഗുണഭോക്തൃ കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിലേക്കമാണ് ഈ വസ്തുതകൾ വിരൽ ചൂണ്ടുന്നത്. ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന മോണിട്ടറിംഗ് നടത്തണമെന്ന നിർദ്ദേശം പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു:

ക്രമ നമ്പർ	ജില്ല	തദ്ദേശസ്വയംഭരണ സ്ഥാപനം	സ.ഉ.(പി)നമ്പർ 183/2007/തസ്വഭവ. ഖണ്ഡിക (12)IV ലംഘിച്ച് നടത്തിയ പ്രവൃത്തികളുടെ എണ്ണം
1	2	3	4
1	തിരുവനന്തപുരം	മംഗലപുരം ഗ്രാമപഞ്ചായത്ത്	22
2	പത്തനംതിട്ട	നാരങ്ങാനം ഗ്രാമപഞ്ചായത്ത്	19
		തുമ്പമൺ ഗ്രാമപഞ്ചായത്ത്	41
3	കോട്ടയം	പാലാ നഗരസഭ	41
		ചങ്ങനാശ്ശേരി നഗരസഭ	254
		കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്	15
4	ഇടുക്കി	ഇരട്ടയാർ ഗ്രാമപഞ്ചായത്ത്	48
5	എറണാകുളം	ആലുവ നഗരസഭ	42
		കൊച്ചി നഗരസഭ	844
		പായിപ്ര ഗ്രാമപഞ്ചായത്ത്	143
		വരാപ്പുഴ ഗ്രാമപഞ്ചായത്ത്	13

1	2	3	4
6	പാലക്കാട്	മുതലമട ഗ്രാമപഞ്ചായത്ത്	62
		മാത്തൂർ ഗ്രാമപഞ്ചായത്ത്	64
		നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്	77
		അനങ്ങനടി ഗ്രാമപഞ്ചായത്ത്	97
		പാലക്കാട് നഗരസഭ	364
7	കോഴിക്കോട്	അരിക്കുളം ഗ്രാമപഞ്ചായത്ത്	28
		ഉണ്ണികുളം ഗ്രാമപഞ്ചായത്ത്	35
		തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്	68
		വടകര നഗരസഭ	187

3.2.14 റോഡ് പ്രവൃത്തികളിലെ മോണിട്ടറിംഗ്

ആദ്യാവസാനം വരെ പ്രോജക്ട് നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് വിലയിരുത്തുകയാണ് ജനകീയാസൂത്രണ പദ്ധതികളുടെ മോണിട്ടറിംഗ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രോജക്ടുകളും പ്രത്യേകം മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ ഉദ്യോഗസ്ഥൻ തന്നെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനെങ്കിൽ വർക്കിംഗ് ഗ്രൂപ്പിൽപ്പെട്ട മറ്റൊരു ഔദ്യോഗിക അംഗത്തെ മോണിട്ടറിംഗ് സമിതിയുടെ കൺവീനറായി ഭരണ സമിതി നിശ്ചയിക്കണം. പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി തെരഞ്ഞെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു:

- നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു ഘട്ടത്തിൽപ്പോലും മോണിട്ടറിംഗ് സമിതി ചേർന്നിട്ടുള്ളതായോ മോണിട്ടറിംഗ് നടന്നിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടില്ല. ഇതിൽ നിന്നും മോണിട്ടറിംഗ് സംവിധാനം പരാജയമാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. (ഉദാ: തിരുവനന്തപുരം കോർപ്പറേഷൻ)
- പത്തനംതിട്ട ജില്ലയിൽ പരിശോധന നടത്തിയ തണ്ണിത്തോട്, കോഴഞ്ചേരി, തുമ്പമൺ, നാരങ്ങാനം എന്നീ ഗ്രാമപഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ ഏറ്റവും കൂടുതൽ റോഡ് നിർമ്മാണം നടക്കുന്ന കൊച്ചി നഗരസഭയിലും മോണിട്ടറിംഗ് സംവിധാനം ഫലപ്രദമായി നടക്കുന്നില്ല.
- റോഡ് നിർമ്മാണം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുക മാത്രമാണ് മോണിട്ടറിംഗ് റിപ്പോർട്ടിൽ ഉള്ളത്. റോഡ് നിർമ്മാണ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തിയതായി കാണുന്നില്ല.
- സർക്കാർ ഉത്തരവ് നമ്പർ 183/07 തീയതി 24-7-2007 ഖണ്ഡിക 6(3) ബി പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ മോണിട്ടറിംഗിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വികസന ഫണ്ടിൽ നിന്നും പരിധിക്ക് വിധേയമായി തുക ചെലവഴിക്കാം. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ 2009-10 വർഷം പരിധികൾ കഴിഞ്ഞ് തുക ഈയിനത്തിൽ ചെലവഴിക്കുകയുണ്ടായി. അതേസമയം മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ലെന്ന് വിലയിരുത്തുന്നു.

3.2.15 ഡ്രെയിനേജ് സംവിധാനം

റോഡുകളുടെ ഈടിനും ഉറപ്പിനും ഡ്രെയിനേജ് അനിവാര്യമാണ്. റോഡുകൾക്ക് നിർദ്ദിഷ്ട വീതിയിലും ആഴത്തിലും ഇരുഭാഗത്തും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താത്തതുമൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നു.

കോഴിക്കോട് നഗരസഭയിൽ നടപ്പാതയുടെ വശങ്ങളിലുള്ള അഴുക്കുചാലുകൾ പാതയ്ക്ക് സമാന്തരമായി കമ്പിക്കൂട്ടുകൾ ഉപയോഗിച്ച് സ്ലാബ് വാർത്തിട്ട് റോഡാക്കി ഉപയോഗിക്കുന്നു. ഗുണഭോക്താക്കളിൽ നിന്നും സ്ഥലം ഏറ്റെടുക്കാതെ നഗരസഭയുടെ അഴുക്ക്ചാലുകൾ വലിയ തുക ചെലവാക്കി റോഡാക്കി ഉപയോഗിക്കുന്നത് സാമ്പത്തിക നഷ്ടത്തിനും അതിലുപരി അപകടങ്ങൾക്കും ഇടയാക്കുന്നു.

എറണാകുളം ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളിൽ കാനകളുടെ നിർമ്മാണത്തിൽ കോൺക്രീറ്റിന്റെ അളവ് (കനം) ആവശ്യത്തിൽ കൂടുതൽ കാണിച്ച് എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

3.2.16 അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗശൂന്യമായ റോഡുകളും പാലങ്ങളും

പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്തിലെ പല സ്ഥലങ്ങളിലും പാലം അപ്രോച്ച് റോഡ് ഇല്ലാതെ പണിയുകയും അപ്രോച്ച് റോഡ് പണിഞ്ഞ സ്ഥലത്ത് പാലം നിർമ്മിക്കാതെയും കാണുന്നുണ്ട്. പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് നിറഞ്ഞതാകയാൽ മേൽപ്പറഞ്ഞ രീതിയിലുള്ള റോഡുകളും പാലങ്ങളും ഉപയോഗിക്കാത്തതിനാൽ ജനങ്ങൾക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭാ പരിധിയിൽ അപ്രോച്ച് റോഡ്/നടവഴി ഇല്ലാത്തതുമൂലം ഉപയോഗിക്കാൻ സാധിക്കാത്ത ഒരു തൂക്കുപാലം നിലവിലുണ്ട്. (പനങ്കാവ് തൂക്കുപാലം) എൻ.എച്ച്. 17-ൽ നിന്നും ഇവിടേക്ക് നടവഴി വിട്ടുകിട്ടാത്തതുകൊണ്ടാണ് തൂക്കുപാലം ഉപയോഗശൂന്യമായത്.

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ വികസന ഫണ്ട് എസ്.സി.പി. വിഹിതം ഉപയോഗിച്ച് നടത്തുന്ന റോഡുപണികളിൽ പട്ടികജാതി വികസന ഓഫീസർ നൽകുന്ന സോഷ്യൽ മാപ്പിൽ ഉൾപ്പെടുന്ന റോഡ് ഭാഗം മാത്രം പണി നടത്തുകയും ഇതിനോടു ചേർന്നുള്ള റോഡിന്റെ മറ്റു ഭാഗങ്ങൾ ഇതോടൊപ്പം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ ഈ വിഭാഗക്കാർക്ക് പ്രവൃത്തികൊണ്ട് പ്രത്യേക ഗുണമൊന്നും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡ് പ്രദേശമായ വാളാംതോടിനെ ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ കുറുവംപുഴയ്ക്ക് കുറുകെയുള്ള മൂലേപ്പാടം പാലം പണി പൂർത്തിയായിട്ട് വർഷങ്ങളായെങ്കിലും അപ്രോച്ച് റോഡ് ഇല്ലാത്തത് കാരണം ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നു.

3.2.17 റോഡ് കോൺക്രീറ്റിംഗ്—പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്നു

ഐ. ആർ. സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പദ്ധതിയേതര പണം വാർഡുതലത്തിൽ പങ്കുവയ്ക്കുന്നതുമൂലം 2 കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കുവാൻ കഴിയുന്നുള്ളൂ. ടാറിംഗിനേക്കാൾ കോൺക്രീറ്റിംഗ് കൂടുതൽകാലം നിലനിൽക്കുമെന്ന വാദഗതിയാണ് കോൺക്രീറ്റിംഗ് വ്യാപകമാക്കിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റിംഗിന് മണലിനു പകരം പാറപ്പൊടിയാണ് ഉപയോഗിച്ചുവരുന്നത്. ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിക്കുന്നില്ല, എസ്റ്റിമേറ്റ് പ്രകാരമുള്ള കനത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നില്ല, ആവശ്യമായ ക്യൂവറിംഗ് സമയം നൽകുന്നില്ല തുടങ്ങിയ വിവിധ

കാരണങ്ങളാൽ കുറഞ്ഞ സമയത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് തകർന്നുപോകുന്നു. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. എന്നാൽ മേൽ ഘടകങ്ങളൊന്നും പരിഗണിക്കാതെ റോഡുകൾ കോൺക്രീറ്റിംഗ് നടത്തുന്നതുമൂലം പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടി വരുന്നു. റോഡ് കോൺക്രീറ്റിംഗ് മാത്രം ചെയ്യുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ റോഡ് പണികളിൽ കോൺക്രീറ്റിംഗ് മാത്രം നടത്തിയതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	റോഡിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക
1	2	3	4
1	ചീങ്കലം തോട് - അക്കരകാലായിൽ പടിറോഡ് അറ്റകുറ്റം	50,000	47,113
2	കുരീലേത്ത് പടി-കുറുംതോട്ടത്തിൽ പടി	65,000	63,150
3	വട്ടംപറമ്പിൽ പടി-കാലായിൽ-പണിക്കത്തറപ്പടി റോഡ്	50,000	41,087
4	തേയിലപ്പുറത്തുപടി-മുള്ളുകുഴിപടി റോഡ്	1,00,000	97,251
5	തൊള്ളായിരക്കുഴി-പോച്ചക്കാലപ്പടി റോഡ്	32,380	31,575
6	നെടുപാറ ജംഗ്ഷൻ-കയ്യാലക്കകത്തുപ്പടി-സെന്റ് മേരീസ് സ്കൂൾ റോഡ്	75,000	71,833
7	തൊള്ളായിരക്കുഴി - പോച്ചക്കാലപ്പടി റോഡ്	27,620	25,413
8	ചുരക്കാട്ട് മണ്ണിൽ പടി റോഡ്-പാലയ്ക്കത്തറപ്പടി റോഡ്	1,00,000	97,251
9	തൈക്കൂട്ടത്തിൽ പടി-വഞ്ചിത്രപ്പടി റോഡ്		35,916
10	മുണ്ടോട്ടിയ്ക്കൽ പടി-പാന്തൻപാറ റോഡ്	50,000	48,520
11	മാണിവള്ളിൽ പടി-മണിമലമുരുപ്പ് റോഡ്	50,000	48,732
12	നെടിയത്തുപ്പടി-അട്ടത്തറപ്പടി റോഡ്	50,000	48,626

1	2	3	4
13	താന്നിമൂട്ടിൽപ്പടി-വലിയപ്ലാവുനിൽക്കുന്നതിൽപ്പടി		72,939
14	മാണിവള്ളിൽ പടി-മണിമലമുരുപ്പ് റോഡ്	20,000	19,976
15	കുന്നത്തുകര-കടവന്ത്ര റോഡ്		44,034
16	വാഴോലിൽപ്പടി-തോട്ടത്തിൽപ്പടി റോഡ്	50,000	45,929
17	ചെമ്പകശ്ശേരിക്കടവ് റോഡ്	96,000	88,109
18	എം. റ്റി. എൽ. പി. എസ്. പാറയിൽ സ്കൂൾ	50,000	40,742
19	വൈ. എം. സി. എ.-മുത്തൂറ്റ് പടി റോഡ്	21,500	16,051
20	നെടുവേലിപ്പടി-കുളത്തുപടി റോഡ് കോൺക്രീറ്റ്	30,700	28,120
21	തൊള്ളായിരക്കുഴി - പോച്ചക്കാലാപടി റോഡ് കോൺക്രീറ്റ്	69,300	63,645
22	വഞ്ചിത്ര-തേവർവേലി-മാർത്തോമ പടി റോഡ്	70,000	64,208
23	കീഴുകര-നെടുമ്പാറ റോഡ് കോൺക്രീറ്റ്	37,150	34,124
24	കീഴുകര-നെടുമ്പാറ-ചരൽകുന്നേൽ റോഡ് കോൺക്രീറ്റ്	37,850	34,585
25	ചൂലത്രപ്പടി-കളരിക്കൽപ്പടി നടപ്പാത	28,500	26,178
26	കടവന്ത്ര-കിഴക്കേത്തുപടി നടപ്പാത കോൺക്രീറ്റ്	25,000	23,711
27	മാണിവള്ളിപ്പടി-മണിമലമുരുപ്പേൽ നടപ്പാത കോൺക്രീറ്റ്	50,000	48,206
28	വാല്യമണ്ണിൽപ്പടി-തണങ്ങാട്ടിൽപ്പടി റോഡ് കോൺക്രീറ്റ്	50,000	48,732
29	കാരിതോട്ട-കുളത്തുംപടി നടപ്പാത	50,000	48,811

1	2	3	4
30	കുന്നേൽപടി ഡിസ്ട്രിക്ട് ഹോസ്പിറ്റൽ നടപ്പാത	31,500	28,970
31	കരങ്ങുമല-ചാപ്പൽപടി റോഡ്	70,000	68,102
32	പനച്ചിക്കുഴി-ചരിവുകാലാപടി - അമ്പലത്തുംപാറ നടപ്പാത	72,378	62,564
33	സെന്റ് മേരീസ് സ്കൂൾ-കീഴ്കര റോഡ് റീടാറിംഗ്	9,35,000	9,33,534
34	കൊച്ചുവീട്ടിൽ പടി നടപ്പാത കോൺക്രീറ്റ്	31,000	27,850
35	കരങ്ങുമല-പനച്ചിക്കുഴി റോഡ് പ്രൊട്ടക്ഷൻ	70,000	69,441
36	മൂലയിൽപ്പടി-പുത്തൻ വീട്ടിൽ പടി കോൺക്രീറ്റ്	1,50,000	1,24,227

3.2.18 കരാറുകാർ ഒത്തുകളിക്കുന്നു; ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ നല്ലൊരു ശതമാനവും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിവരുന്നത്. ടെണ്ടർ നടപടിക്രമങ്ങളിലെ വിവിധ നിയമങ്ങളും ചട്ടങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1997-ലെ കേരള പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറുകാരൻ മുഖേന പൊതുമരാമത്ത് പണി ചെയ്യുന്നതിന് തീരുമാനിച്ച പ്രവൃത്തികളിൽ, പ്രസിഡന്റിന്റെ/ചെയർമാന്റെ/മേയറുടെ ഉത്തരവ് പ്രകാരം സെക്രട്ടറിയോ പഞ്ചായത്ത് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്.

പ്രവൃത്തിയുടെ മതിപ്പ് ചെലവിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ പ്രചാരണം നൽകേണ്ടതാണ്. ടെണ്ടർ നോട്ടീസ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും ആ പ്രദേശത്തുള്ള സർക്കാർ പൊതുമരാമത്ത് ഓഫീസുകളിലും ഉചിതമെന്നു തോന്നുന്ന മറ്റ് ഓഫീസുകളിലും പ്രസിദ്ധീകരിക്കണം. കൂടാതെ താഴെപ്പറയുന്ന നിബന്ധനകളും പാലിക്കണം:

(1) മതിപ്പ് ചെലവ് 1,00,000 രൂപയ്ക്കും 10,00,000 രൂപയ്ക്കും ഇടയിൽ വരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്.

(2) മതിപ്പ് ചെലവായ 10,00,000 രൂപയും 50,00,000 രൂപയും ഇടയ്ക്കുവരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ കുറഞ്ഞത് 20 ദിവസത്തെ സമയം നൽകി സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള പത്രങ്ങളിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്.

(3) മതിപ്പ് ചെലവ് 50,00,000 രൂപയിൽ കവിയുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ കുറഞ്ഞത് 20 ദിവസത്തെ സമയം നൽകി സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള ദിനപത്രങ്ങളിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്.

എന്നാൽ ആലപ്പുഴ നഗരസഭയിൽ ടെണ്ടറുകൾ പ്രചാരം കുറഞ്ഞ പത്രങ്ങളിൽ നൽകുന്നു. പല പ്രവൃത്തികൾക്കും കേവലം ഒരു ടെണ്ടർ മാത്രം ലഭിക്കുന്നു. ആവശ്യത്തിന് പ്രചാരം നൽകാത്തതിനാൽ ഏതെങ്കിലും സ്ഥിരം കരാറുകാരിൽ നിന്നും ഓഫർ സ്വീകരിച്ച് പ്രവൃത്തി ഏൽപ്പിക്കേണ്ട അവസ്ഥ സംജാതമാകുന്നു.

പ്രസിദ്ധപ്പെടുത്തിയ നോട്ടീസനുസരിച്ച് ലഭിച്ച ടെണ്ടറുകളിലെ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുകയും ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലും പണി റീടെണ്ടർ ചെയ്യേണ്ടതാണ്. റീടെണ്ടറിൽ ലഭിച്ച ടെണ്ടറുകളിലെ നിരക്ക് സ്വീകാര്യമല്ലെന്ന് കാണുന്ന സംഗതിയിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച കരാറുകാരനുമായി പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്ത് ഉറപ്പിക്കാവുന്നതാണ്. ഏതൊരു പൊതുമരാമത്ത് പണിക്കും ഏറ്റവും കുറഞ്ഞ നിരക്ക് ക്ഷണിച്ചിട്ടുള്ള ടെണ്ടർ ആണ് സ്വീകരിക്കേണ്ടത്. എന്നാൽ കുറഞ്ഞ ടെണ്ടർ സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് ബന്ധപ്പെട്ട അധികാര സ്ഥാപനത്തിന് ബോധ്യമാകുന്നപക്ഷം കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരാകരിച്ച് അതിനേക്കാൾ തൊട്ടടുത്ത ഉയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാവുന്നതാണ്.

എന്നാൽ മേൽവിവരിച്ച നടപടിക്രമങ്ങളുടെ ലംഘനം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു:

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിൽ ഒറ്റ ടെണ്ടർ മാത്രം ലഭിച്ചിട്ടുള്ളവ റീടെണ്ടർ നടത്തിയിട്ടില്ല. മിക്ക ടെണ്ടറുകളിലും രണ്ടുപേർ മാത്രം പങ്കെടുക്കുന്നു. അതിൽ ഒന്ന് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധികവും മറ്റേത് 0.001% അല്ലെങ്കിൽ 0.01% കുറവും രേഖപ്പെടുത്തിയിരിക്കും.

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ എല്ലാ ടെണ്ടറുകളിലും രണ്ടുപേർ മാത്രം പങ്കെടുക്കുന്നു. ഒന്ന് എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തേത് 10%വരെ അധിക നിരക്കിലും സമർപ്പിക്കുന്നു. സ്വാഭാവികമായും എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നു.

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ വളരെയധികം സിംഗിൾ ടെണ്ടറുകൾ ലഭിക്കുന്നു. ഭൂരിഭാഗം ടെണ്ടറുകളും 0.001%, 0.002% തുടങ്ങിയ നിരക്കിൽ എസ്റ്റിമേറ്റ് തുകയേക്കാൾ കുറച്ച് ടെണ്ടർ നൽകുന്നത്, എസ്റ്റിമേറ്റ് നിരക്കിലും കുറവായാണ് ടെണ്ടർ നൽകിയിട്ടുള്ളത് എന്ന സാങ്കേതിക ന്യായം ഉയർത്തിക്കാട്ടി ടെണ്ടർ സമർപ്പിക്കുന്നവർ തന്നെ കരാർ നൽകാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായിട്ടാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ ഒന്നോ രണ്ടോ ടെണ്ടറുകൾ മാത്രം ലഭിച്ചതായി ഫയലിൽ കാണുന്നു. കരാറുകാരുമായി നെഗോസിയേഷൻ നടത്തുന്നതിന് താൽപ്പര്യപ്പെട്ട് കാണുന്നില്ല.

ചാലക്കുടി നഗരസഭയിൽ ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് ഫയലുകൾ എന്നിവയുടെ പരിശോധനയിൽ മത്സരാടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുന്നുവെങ്കിലും നടപടിക്രമങ്ങളിൽ രണ്ടു കരാറുകാർ മാത്രം പങ്കെടുക്കുകയും ആയത് റീടെണ്ടർ ചെയ്യുകയും റീടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ടിയാനുമായി നെഗോസിയേഷൻ നടത്തി കരാർ ഉറപ്പിക്കുകയുമാണ് ചെയ്തുവരുന്നത്.

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയിൽ 50% ടെണ്ടറുകളിലും രണ്ടുപേർ മാത്രവും 40% ടെണ്ടറുകളിൽ ഒരാൾ മാത്രവുമാണ് പങ്കെടുക്കുന്നത്. രണ്ടിൽ കൂടുതൽ പേർ പങ്കെടുക്കുന്ന പ്രവൃത്തികൾ 10% മാത്രമായിരുന്നു. ഭൂരിഭാഗം ടെണ്ടറുകളിലും ഒരേ വ്യക്തികൾ മാത്രമാണ് പങ്കെടുത്തത്.

ഇരിങ്ങാലക്കുട നഗരസഭയിൽ കരാറുകാർക്കിടയിൽ മത്സരം നിലനിന്നിരുന്നതായി കണ്ടില്ല. 75% പ്രവൃത്തികൾക്ക് പരമാവധി രണ്ട് ടെണ്ടറുകളും 25% പ്രവൃത്തികൾക്ക് ഏക ടെണ്ടറുമാണ് ലഭിച്ചത്.

പെരുമ്പാവൂർ നഗരസഭയിൽ 7 വർഷത്തെ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ 2010-11 വർഷം മാത്രമാണ് ടെണ്ടർ മത്സരസ്വഭാവം ഉള്ളതായി കാണുന്നത്. മറ്റ് വർഷങ്ങളിലെല്ലാം സിംഗിൾ ടെണ്ടർ ലഭിച്ചത് നെഗോസിയേഷനുശേഷം വളരെ ചെറിയ കുറവോ അല്ലെങ്കിൽ അതേ നിരക്കിൽ തന്നെയോ നിർവ്വഹണത്തിന് ഏൽപ്പിച്ചു കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. എഗ്രിമെന്റ് രജിസ്റ്ററുകളുടെ പരിശോധനയിൽ ചില പ്രത്യേക കരാറുകാർക്കാണ് കൂടുതൽ പ്രവൃത്തികളുടെയും ടെണ്ടർ ഉറപ്പിച്ച് നൽകിയിരിക്കുന്നതെന്ന് കാണുന്നു. നഗരസഭയുടെ പൊതുമരാമത്ത് പ്രവൃത്തികൾ ചില കരാറുകാരുടെ മാത്രം കുത്തകാവകാശമായാണ് കാണപ്പെടുന്നത്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മത്സരമില്ലാത്ത ടെണ്ടർ നടപടികളും കരാറുകാരുടെ കുത്തകാവകാശ രീതിയും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ട്.

തൃശ്ശൂർ നഗരസഭയിൽ നടപടികളുടെ പൂർത്തീകരണവേളയിൽ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ ഏറ്റവും കുറഞ്ഞ ടെണ്ടർ എന്ന അവസ്ഥ മിക്കപ്പോഴും ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യുന്നുണ്ടെങ്കിലും കരാറുകാരൻ ടെണ്ടർ നിരക്കിൽ ഉറച്ചുനിൽക്കുകയും നെഗോസിയേഷൻ വൃഥാവിലാവുകയുമാണ് പതിവ്.

കൊച്ചി നഗരസഭയിൽ പ്രവൃത്തികളുടെ 4 അല്ലെങ്കിൽ 3 ഷെഡ്യൂളുകൾ ആണ് വിൽപ്പന നടക്കുന്നത്. എങ്കിലും ഭൂരിഭാഗം പ്രവൃത്തികളിലും ഒരു ടെണ്ടർ മാത്രമാണ് തിരികെ ലഭിക്കുന്നത്. ലഭിക്കുന്ന ടെണ്ടറുകളിൽ പലതിലും ടെണ്ടർ ലഭിച്ച തീയതിയോ സ്വീകരിച്ച തീയതിയോ രേഖപ്പെടുത്തുന്നില്ല. തനതു ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഭൂരിഭാഗം പദ്ധതികളിലും ഒറ്റ ടെണ്ടർ മാത്രമാണ് ലഭിക്കുന്നത്.

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം നടപ്പാക്കിയ പ്രവൃത്തികളുടെ വിശകലനത്തിൽ കൂടുതൽ മത്സരം ഉണ്ടായിരുന്ന എല്ലാ പ്രവൃത്തികളും തന്നെ എസ്റ്റിമേറ്റ് തുകയെക്കാൾ 10 ശതമാനമോ അതിലധികമോ കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ മത്സരം കുറവായിരുന്ന പ്രവൃത്തികൾ നെഗോസിയേഷൻ നടത്താത്തതുമൂലം എസ്റ്റിമേറ്റ് നിരക്കിലോ അതിനടുത്തോ ആണ് കരാറുകാർ ഏറ്റെടുത്തിരിക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ എല്ലാ ടെണ്ടർ പ്രവൃത്തികളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റേയാൾ എസ്റ്റിമേറ്റ് നിരക്കിൽ അധികം ടെണ്ടർ നൽകുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. കരാറുകാർ തമ്മിൽ ഒത്തുകളിക്കുന്നു എന്നതിന് ഇത് ഒരു ഉത്തമ ദൃഷ്ടാന്തമാണ്.

റോഡ് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ ഒത്തുകളിക്കുന്നതായി മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാണ്. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്താനും പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജാഗ്രത പുലർത്തുന്നില്ല.

3.2.19 സംരക്ഷണ ഗ്രാന്റ് :

സംരക്ഷണ ഗ്രാന്റ് അപര്യാപ്തം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166(6), 167(1), 172(5) 173(5) വകുപ്പുകൾ പ്രകാരമുള്ള മൂന്ന്, നാല്, അഞ്ച് പട്ടികകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 30(3) വകുപ്പ് ഒന്നാം പട്ടിക എന്നിവയിൽ പരാമർശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും യഥാക്രമം ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിൽ/കോർപ്പറേഷനുകൾക്കും 1995 ഒക്ടോബറിൽ കൈമാറ്റം

ചെയ്യപ്പെട്ടതോടെ വിപുലമായ ആസ്തികളുടെ സംരക്ഷണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായി. അധികാര വികേന്ദ്രീകരണത്തിനുമുമ്പ് സ്വന്തമായി പരിപാലിച്ചിരുന്നതും വികേന്ദ്രീകരണത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതും വികേന്ദ്രീകരണത്തിനുശേഷം പദ്ധതിപ്പണം, തനതുഫണ്ട് തുടങ്ങി ലഭ്യമായ സ്രോതസ്സുകൾ വിനിയോഗിച്ച് സൃഷ്ടിച്ച പുതിയ ആസ്തികളുടെ പരിപാലനവും സംരക്ഷണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡും റോഡിതര ആസ്തികളുടെയും പരിപാലനത്തിനായി രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംരക്ഷണ ഗ്രാന്റ് നൽകാൻ തുടങ്ങി. ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ ജി. ഒ. (എംഎസ്.)330/2004/തസ്വഭവ. തീയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന വാർഷിക നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം വരുന്ന തുക ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരക്ഷണ ഗ്രാന്റായി സംസ്ഥാന സർക്കാർ ലഭ്യമാക്കുന്നുണ്ട്.

14 ജില്ലകളിലെ 79 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലും ലഭ്യമാകുന്ന സംരക്ഷണ ഗ്രാന്റ് റോഡ് പ്രവൃത്തികൾക്ക് അപര്യാപ്തമാണെന്ന് കണ്ടെത്തി. ഫണ്ടിന്റെ അപര്യാപ്തതമൂലം സംരക്ഷണ പ്രവൃത്തികൾ ദീർഘകാലാടിസ്ഥാനത്തിൽ നടത്തുവാൻ സാധിക്കുന്നില്ല. റോഡ് സംരക്ഷണ ഗ്രാന്റ് തുക ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാംവിധം വർദ്ധിപ്പിക്കേണ്ടതും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ (എം.പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, ബ്ലോക്ക് വിഹിതം) ഏകോപിപ്പിച്ച് നിർമ്മാണം/സംരക്ഷണം നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

<u>2009-10-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസ്തി സംരക്ഷണത്തിന് അനുവദിച്ച തുക</u>

(തുക ലക്ഷത്തിൽ)

റോഡ് ആസ്തി സംരക്ഷണം			
തദ്ദേശസ്വയംഭരണ സ്ഥാപനം	മൊത്തം തുക	കിഴിക്കേണ്ടതായ ചെലവഴിച്ച തുക	തനിത്തുക
1	2	3	4
ഗ്രാമപഞ്ചായത്ത്	13370.75	746.90	12623.8

1	2	3	4
ജില്ലാ പഞ്ചായത്ത്	1534.28	103.72	1430.56
മുനിസിപ്പാലിറ്റി	2091.48	58.66	2032.82
കോർപ്പറേഷൻ	1499.03	80.80	1418.23

2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസ്തി സംരക്ഷണത്തിന് അനുവദിച്ച തുക

(തുക ലക്ഷത്തിൽ)

റോഡ് ആസ്തി സംരക്ഷണം			
തദ്ദേശസ്വയംഭരണ സ്ഥാപനം	മൊത്തം തുക	കിഴിക്കേണ്ടതായ ചെലവഴിച്ച തുക	തനിത്തുക
ഗ്രാമപഞ്ചായത്ത്	14708.25	674.73	14033.52
ജില്ലാ പഞ്ചായത്ത്	1687.74	199.74	1488.00
മുനിസിപ്പാലിറ്റി	2300.61	52.92	2247.69
കോർപ്പറേഷൻ	1648.94	123.71	1525.23

സംരക്ഷണ ഗ്രാന്റ് വകമാറ്റൽ

ഗ്രാമീണ റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ എന്നീ വിഭാഗങ്ങളിലായി പൊതുമരാമത്ത് വകുപ്പ് തരംതിരിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമേ ജില്ലാ പഞ്ചായത്തുകൾ റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിക്കാവൂ. ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കേന്ദ്രാവിഷ്കൃത പരിപാടികൾ, വെള്ളപ്പൊക്ക ദുരിതാശ്വാസ പരിപാടി, എം. പി./എം. എൽ. എ. യുടെ പ്രാദേശിക വികസന പരിപാടികൾ എന്നിവ പ്രകാരം നിർമ്മിച്ചവ ഉൾപ്പെടെ അവയുടെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾക്കും ഇത് ഉപയോഗിക്കാം.

പൊതു ആവശ്യ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ 9-12-2004-ലെ ജി. ഒ. (എംഎസ്.) 330/04/തസ്വഭവ. നമ്പർ പ്രകാരം ഗ്രാന്റുകളുടെ പിൻവലിക്കൽ, വിനിയോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ

നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ അവയെല്ലാം അവഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ്/പദ്ധതി തുക വകമാറ്റി ചെലവഴിച്ചതിന് ഉദാഹരണം ചുവടെ ചേർക്കുന്നു:

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭ പുതിയ റോഡുകളുടെ നിർമ്മാണത്തിന് 2009-10, 2010-11 വർഷങ്ങളിൽ യഥാക്രമം 60,930 രൂപ, 40,813 രൂപ സംരക്ഷണ ഗ്രാന്റിൽനിന്ന് വകമാറ്റിയിട്ടുണ്ട്. നഗരസഭയുടെ റോഡ് സംരക്ഷണത്തിനുവേണ്ടി ചെലവഴിക്കേണ്ട 1,45,000 രൂപ കൗൺസിൽ ഹാളിൽ പുതിയ മൈക്ക് സിസ്റ്റം വാങ്ങി സ്ഥാപിക്കുന്നതിന് ചെലവഴിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിൽ റോഡ് സംരക്ഷണ ഗ്രാന്റുപയോഗിച്ച് മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. ബഹുഭൂരിപക്ഷം പ്രവൃത്തികളും മണ്ണ്/ഗ്രാവൽ ഉപയോഗിച്ച് കുഴികൾ നികത്തി റോഡിന്റെ പ്രതലം ഉയർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു ആവിഷ്കരിച്ചത്. സംരക്ഷണ ഭിത്തിയില്ലാത്ത റോഡുകൾക്കാണ് ഇത്തരത്തിൽ പണം ചെലവഴിക്കുന്നത്. റോഡിന്റെ ഇരുവശവും സംരക്ഷണ ഭിത്തി ഉയർത്തിയശേഷം മണ്ണ് നിറയ്ക്കൽ, വിരിക്കൽ പ്രവൃത്തികൾ നടത്തിയാൽ ഗ്രാവൽ/മണ്ണ് എന്നിവയുടെ പാഴാക്കൽ ഒഴിവാക്കാനും സാധിക്കുന്നതാണ്.

3.2.20 എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം

തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് കേഡർ 2008 ഒക്ടോബർ ഒന്നിന് നിലവിൽ വന്നു. പൊതുമരാമത്ത് ജലസേചന വകുപ്പുകളിൽ നിന്നുള്ള നിശ്ചിത എണ്ണം സാങ്കേതിക വിഭാഗം ജീവനക്കാർ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലുണ്ടായിരുന്ന സാങ്കേതിക വിഭാഗം ജീവനക്കാർ, ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം, കേരളാ സ്റ്റേറ്റ് റൂറൽ ഡെവലപ്മെൻറ് ഏജൻസി എന്നിവിടങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ എന്നിവരെയാണ് എഞ്ചിനീയറിംഗ് കേഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾക്ക് മാത്രമായി ഉത്തര/ദക്ഷിണ മേഖലകളിൽ ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസും ഓരോ ജില്ലാ പഞ്ചായത്തിനോടൊപ്പം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസും ഓരോ ബ്ലോക്ക് പഞ്ചായത്തിനോടൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസും ഓരോ ഗ്രാമ പഞ്ചായത്തിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസും പ്രവർത്തിക്കുന്നു. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് രണ്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല, ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് 2 ഗ്രാമപഞ്ചായത്തുകളുടെ ചുമതല എന്ന രീതിയാണ് ഇപ്പോഴുള്ളത്. എല്ലാ കോർപ്പറേഷൻ ഓഫീസുകളിലും ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗവും മുനിസിപ്പാലിറ്റികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ നേതൃത്വത്തിലുള്ള

എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെയും നബാർഡിന്റെയും സഹായത്തോടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തുകളോട് അനുബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെകീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ വിഭാഗവും നിലവിലുണ്ട്. ഇവയുടെ നിയന്ത്രണം കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കാണ്.

വികസന/തനത്/സംരക്ഷണ ഗ്രാന്റ് തുടങ്ങിയ സ്രോതസ്സുകളിൽനിന്ന് ധാരാളം തുക നിർമ്മാണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്നുണ്ട്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ ബിൽ നൽകൽ വരെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിയിൽപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെ ഫീൽഡ് പരിശോധന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന പൊതുമരാമത്ത് പണികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ എഞ്ചിനീയറിംഗ് സംവിധാനം തികച്ചും അപര്യാപ്തമാണെന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകുന്നതുമൂലം വേണ്ടത്ര സമയം ലഭ്യമാകാത്ത അവസ്ഥയുണ്ടാകുന്നു. പല പഞ്ചായത്തുകളിലും എഞ്ചിനീയറെ സ്ഥിരമായി നിയമിച്ചിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുമ്പോൾ ഇവരുടെ ജോലിയിലെ പരിചയക്കുറവ് പ്രവൃത്തികളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. സ്ഥിരം എഞ്ചിനീയറുടെ അഭാവം പഞ്ചായത്തിലെ എഞ്ചിനീയറിംഗ് സംവിധാനത്തിന്റെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പൂർണ്ണസമയസേവനം ലഭ്യമായാൽ മാത്രമേ പ്രവൃത്തികൾ സമയബന്ധിതമായി കാര്യക്ഷമതയോടെ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ പൂർണ്ണമായ തോതിൽ വിന്യസിക്കുന്നതിലും അപാകത ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ വലിപ്പം, ഫണ്ടിന്റെ ലഭ്യത തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ വിന്യസിച്ച ഓവർസിയർ തസ്തികയുടെ എണ്ണത്തിലും വ്യത്യാസമുണ്ട്. എല്ലാ പഞ്ചായത്തുകളിലും തസ്തികകളുടെ എണ്ണത്തിന് സമാനസ്വഭാവമില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്വന്തമായി ക്ലറിക്കൽ സംവിധാനമില്ല. പദ്ധതി തയ്യാറാക്കൽ, വർക്ക് ബിൽ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവ തയ്യാറാക്കുക, ബിൽ തയ്യാറാക്കുക തുടങ്ങി ധാരാളം ക്ലറിക്കൽ പ്രവൃത്തികൾ സാങ്കേതിക

ഉദ്യോഗസ്ഥർതന്നെ ചെയ്യുവരുന്നതിനാൽ മുഴുവൻസമയവും സാങ്കേതിക ജോലികളിൽ ശ്രദ്ധിക്കുവാൻ കഴിയുകയില്ല. പഞ്ചായത്തിലെ ജീവനക്കാരെ സാങ്കേതിക വിഭാഗത്തിന് ഉപയോഗിക്കാം എന്ന് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ജോലിഭാരത്തിനനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുമൂലം ഈ നിർദ്ദേശം അപ്രായോഗികമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുവിവരം താഴെ ചേർക്കുന്നു:

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം	ഒഴിവുള്ള തസ്തിക	ഒഴിവുകളുടെ എണ്ണം
1	2	3	4
1	മാത്തൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)	അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം)	1
2	നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)	അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം)	1
3	അനങ്ങനടി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)	അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം)	1
4	മലമ്പുഴ ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)	ഓവർസിയർ	1
5	ആലുവ മുനിസിപ്പാലിറ്റി	ഓവർസിയർ ഗ്രേഡ് I	1
		ഓവർസിയർ ഗ്രേഡ് II	1
		ഓവർസിയർ ഗ്രേഡ് III	3

1	2	3	4
6	മണിമല ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)	ഓവർസിയർ ഗ്രേഡ് III	1
7	അഴിക്കോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)	ഓവർസിയർ	1
8	ചേലോറ ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)	അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം)	1
9	നെന്മേനി ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല)	അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ താൽക്കാലിക നിയമനം)	1
10	തലക്കളത്തൂർ ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)	ഓവർസിയർ ഗ്രേഡ് III	1
11	കണ്ണൂർ മുനിസിപ്പാലിറ്റി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
		അസിസ്റ്റന്റ് എഞ്ചിനീയർ	1
		ഓവർസിയർ	1
12	തൃശ്ശൂർ കോർപ്പറേഷൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
		അസിസ്റ്റന്റ് എഞ്ചിനീയർ	1
		ഓവർസിയർ ഗ്രേഡ് II	1
		വർക്ക് സൂപ്രണ്ട്	5
		ഡ്രൈവർ	4
		പ്ലംബിംഗ് ഇൻസ്പെക്ടർ	1
		ചെയിൻമാൻ	1
13	നാവായിക്കുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)	ഓവർസിയർ ഗ്രേഡ് III	1

(പരിശോധനാ കാലയളവിലെ അവസ്ഥ)

3.2.21 ഗുണഭോക്തൃ കമ്മിറ്റികൾ മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 13(7) പ്രകാരം ഗുണഭോക്തൃ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനർക്ക് എസ്റ്റിമേറ്റ് തുകയുടെ 25% തുകയോ 1 ലക്ഷം രൂപയോ ഏതാണോ കുറവ്, അത് പൊതുമരാമത്ത് പണി ആരംഭിക്കുന്നതിനുമുമ്പ് മുൻകൂറായി ഏൽപ്പിക്കാവുന്നതാണ്. സർക്കുലർ നമ്പർ 1073/ഡി.പി.1/03/തസ്വഭവ. തീയതി 27-3-2003 പ്രകാരം ജനകീയാസൂത്രണ പ്രോജക്ടുകൾക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക 12% പലിശസഹിതം തിരിച്ചു പിടിക്കേണ്ടതും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുമ്പോൾ 18% പലിശ സഹിതം തുക ഈടാക്കേണ്ടതുമാണ്. പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമ പഞ്ചായത്തിൽ മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	വർഷം	എണ്ണം	കൈപ്പറ്റിയ തുക	സ്വീകരിച്ച നടപടികൾ (റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്)
1	2008-09	1	25,000	ഗുണഭോക്തൃ സമിതി കൺവീനറോട് പ്രവൃത്തി പൂർത്തീകരിക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.
2	2009-10	1	30,500	
3	2010-11	3	7,500	

3.2.22 അധികാരപരിധി ലംഘിച്ച് പ്രവൃത്തികൾ നടത്തി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) 3-ാം പട്ടിക പ്രകാരമുള്ള ചുമതലകളിൽ ഗ്രാമപഞ്ചായത്തിനകത്തുള്ള റോഡുകളുടെ നിർമ്മാണവും സംരക്ഷണവും മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണ്.

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ, റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനും ഗ്രാമപഞ്ചായത്തിനു ലഭിക്കുന്ന പരിമിതമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന റോഡുകൾക്കും വിനിയോഗിച്ചിട്ടുണ്ട്.

രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന താഴെപ്പറയുന്ന റോഡുകൾക്ക് 2010-11-ൽ തുക വിനിയോഗിച്ചിട്ടുണ്ട് :

ക്രമ നമ്പർ	പ്രവൃത്തി	ചെലവ് തുക
1	മുള്ളങ്കണ്ടി ചളിക്കോട് റോഡ് മെറ്റലിംഗ്	1,27,538
2	ചീക്കക്കുന്ന് കുട്ടാക്കിൽ റോഡ് സോളിംഗ്	1,90,222

ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ അധികാരപരിധി ലംഘിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്.

3.2.23 നിഗമനങ്ങൾ

- പശ്ചാത്തല മേഖലയിൽ ചെലവഴിക്കുന്ന തുകയുടെ ഏറിയ പങ്കും റോഡ് വികസനത്തിനുവേണ്ടിയാണ് നീക്കിവെയ്ക്കുന്നത്.
- റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമ/വാർഡ് സഭകളിൽനിന്ന് നിർദ്ദേശം സ്വീകരിക്കുകയോ ചെയ്ത പ്രവൃത്തികളുടെ വിശദാംശം അറിയിച്ച് വിലയിരുത്തലുകൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ആർജ്ജിച്ച ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുകയോ ഓരോ റോഡിന്റെയും പേര്, ദൈർഘ്യം എന്നിവ കാണിക്കുന്ന ബോർഡ്, കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുകയോ ചെയ്യുന്നില്ല.
- വിഭവലഭ്യത പരിഗണിക്കാതെ ഒരേസമയം ഒന്നിലധികം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്നു.
- അധികാരപരിധി ലംഘിച്ച് നിർമ്മാണപ്രവൃത്തികൾ നടത്തുന്നു.
- ലഭ്യമാകുന്ന ഫണ്ട്, വാർഡ് അടിസ്ഥാനത്തിൽ വീതംവയ്ക്കുന്നതിനാൽ ഓരോ റോഡിന്റേയും പൂർണ്ണമായ വികസനത്തിന് വേണ്ടത്ര തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.
- റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല.

- മോണിറ്ററിംഗ് സമ്പ്രദായം ഫലപ്രദമല്ല.
- ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമല്ല. ടെണ്ടറുകളിൽ മത്സരം ഉറപ്പുവരുത്തുന്നില്ല. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മോണിറ്ററിംഗ് നടത്തുന്നില്ല.
- എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമല്ല. വേണ്ടത്ര ജീവനക്കാരില്ല.

3.2.24 ശിപാർശകൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളുന്ന പ്രത്യേക മാന്വൽ പ്രസിദ്ധീകരിക്കുക.
- കണക്ടിവിറ്റി പ്ലാൻ, സമഗ്ര റോഡ് വികസന പ്ലാൻ എന്നിവ തയ്യാറാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് വികസനത്തിന് പ്രത്യേക ഫണ്ട് അനുവദിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആന്തരിക സംവിധാനം ഏർപ്പെടുത്തുക.
- ഓരോ സാമ്പത്തിക വർഷവും ആദ്യത്തെ മൂന്ന് മാസത്തിനുള്ളിൽ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും മരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടികൾ സമയപരിധിക്കകം പൂർത്തിയാക്കുന്നതിനും കർശന നടപടി സ്വീകരിക്കുക.
- റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്നും ചെയിനേജ് രേഖപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും റിലീസ് ചെയ്യുന്നത് തടയുക.
- കരാറുകാരുടെ ഒത്തുകളി അവസാനിപ്പിക്കുന്നതിനും ടെണ്ടറിൽ സുതാര്യതയും മത്സരവും ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുക. ഒത്തുകളിക്കുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടിക്രമങ്ങൾ നിർദ്ദേശിക്കുക.
- റോഡ് നിർമ്മാണം ഏറ്റെടുക്കുന്ന ഗുണഭോക്തൃ സമിതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. ഗുണഭോക്തൃ കമ്മിറ്റികളുടെ മറവിൽ ബിനാമി കരാറുകാർ പ്രവൃത്തികൾ നടത്തുന്നത് കർശനമായി തടയുക. ഗുണഭോക്തൃ സമിതികൾക്കുള്ള മാർഗ്ഗരേഖ പുതുക്കി പ്രസിദ്ധീകരിക്കുക.

- റോഡ് വികസനത്തിന് നീക്കിവയ്ക്കുന്ന തുക വാർഡ് അടിസ്ഥാനത്തിൽ വീതിക്കുന്നത് തടയുക. നിലവിലുള്ള റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാതെ പുതിയ റോഡുകളുടെ പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം നൽകാതിരിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും ആന്തരിക നിയന്ത്രണ വ്യവസ്ഥ കാര്യക്ഷമമാക്കുകയും ചെയ്യുക.

<u>അനുബന്ധം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

തിരുവനന്തപുരം

1. മംഗലപുരം ഗ്രാമപഞ്ചായത്ത്
2. നാവായിക്കുളം ഗ്രാമപഞ്ചായത്ത്
3. വെള്ളറട ഗ്രാമപഞ്ചായത്ത്
4. വെമ്പായം ഗ്രാമപഞ്ചായത്ത്
5. ചെങ്കൽ ഗ്രാമപഞ്ചായത്ത്
6. നെല്ലനാട് ഗ്രാമപഞ്ചായത്ത്
7. പനവൂർ ഗ്രാമപഞ്ചായത്ത്
8. തിരുവനന്തപുരം നഗരസഭ

കൊല്ലം

9. ചവറ ഗ്രാമപഞ്ചായത്ത്
10. നെടുവത്തൂർ ഗ്രാമപഞ്ചായത്ത്
11. മൈലം ഗ്രാമപഞ്ചായത്ത്
12. കൊല്ലം നഗരസഭ
13. പരവൂർ മുനിസിപ്പാലിറ്റി

പത്തനംതിട്ട

14. തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്
15. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്
16. നിരണം ഗ്രാമപഞ്ചായത്ത്
17. നാരങ്ങാനം ഗ്രാമപഞ്ചായത്ത്
18. തുമ്പമൺ ഗ്രാമപഞ്ചായത്ത്

ഇടുക്കി

19. ഇരട്ടയാർ ഗ്രാമപഞ്ചായത്ത്
20. കട്ടപ്പന ഗ്രാമപഞ്ചായത്ത്
21. കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

കോട്ടയം

22. നീണ്ടൂർ ഗ്രാമപഞ്ചായത്ത്
23. ടി.വി.പുരം ഗ്രാമപഞ്ചായത്ത്
24. കിടങ്ങൂർ ഗ്രാമപഞ്ചായത്ത്
25. കുറിച്ചി ഗ്രാമപഞ്ചായത്ത്
26. മണിമല ഗ്രാമപഞ്ചായത്ത്
27. പാലാ നഗരസഭ
28. കോട്ടയം നഗരസഭ
29. ചങ്ങനാശ്ശേരി നഗരസഭ

ആലപ്പുഴ

30. രാമങ്കരി ഗ്രാമപഞ്ചായത്ത്
31. ചെറുതന ഗ്രാമപഞ്ചായത്ത്
32. നൂറനാട് ഗ്രാമപഞ്ചായത്ത്
33. നെടുമുടി ഗ്രാമപഞ്ചായത്ത്
34. ആലപ്പുഴ നഗരസഭ

എറണാകുളം

35. പായിപ്ര ഗ്രാമപഞ്ചായത്ത്
36. വരാപ്പുഴ ഗ്രാമപഞ്ചായത്ത്
37. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്
38. വടക്കേക്കര ഗ്രാമപഞ്ചായത്ത്
39. കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
40. കൊച്ചി നഗരസഭ
41. ആലുവ മുനിസിപ്പാലിറ്റി
42. പെരുമ്പാവൂർ നഗരസഭ

തൃശ്ശൂർ

43. കൊടുങ്ങല്ലൂർ നഗരസഭ
44. ഇരിങ്ങാലക്കുട നഗരസഭ
45. ചാലക്കുടി നഗരസഭ
46. ചാവക്കാട് നഗരസഭ
47. ഗുരുവായൂർ നഗരസഭ
48. കുന്നംകുളം നഗരസഭ
49. തൃശ്ശൂർ കോർപ്പറേഷൻ

പാലക്കാട്

50. മാത്തൂർ ഗ്രാമപഞ്ചായത്ത്
51. മുതലമട ഗ്രാമപഞ്ചായത്ത്
52. നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്
53. അനങ്ങനടി ഗ്രാമപഞ്ചായത്ത്
54. മലമ്പുഴ ഗ്രാമപഞ്ചായത്ത്
55. പാലക്കാട് നഗരസഭ

മലപ്പുറം

56. ഊരകം ഗ്രാമപഞ്ചായത്ത്
57. മൂർക്കനാട് ഗ്രാമപഞ്ചായത്ത്

58. കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

59. ചാലിയാർ ഗ്രാമപഞ്ചായത്ത്

60. നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

61. നിലമ്പൂർ നഗരസഭ

62. തിരൂർ നഗരസഭ

കോഴിക്കോട്

63. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത്

64. അരിക്കുളം ഗ്രാമപഞ്ചായത്ത്

65. ഉണ്ണികുളം ഗ്രാമപഞ്ചായത്ത്.

66. പെരുവയൽ ഗ്രാമപഞ്ചായത്ത്

67. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

68. കോഴിക്കോട് കോർപ്പറേഷൻ

69. വടകര നഗരസഭ

വയനാട്

70. നെന്മേനി ഗ്രാമപഞ്ചായത്ത്

71. അഴീക്കോട് ഗ്രാമപഞ്ചായത്ത്

72. കണ്ണപുരം ഗ്രാമപഞ്ചായത്ത്

73. ചേലോറ ഗ്രാമപഞ്ചായത്ത്

കണ്ണൂർ

74. ചൊക്ലി ഗ്രാമപഞ്ചായത്ത്

75. മാടായി ഗ്രാമപഞ്ചായത്ത്

76. കണ്ണൂർ നഗരസഭ

77. തലശ്ശേരി നഗരസഭ

കാസറഗോഡ്

78. കാഞ്ഞങ്ങാട് നഗരസഭ

79. കാസറഗോഡ് നഗരസഭ.

അനുബന്ധം

ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കാത്ത, കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്ത, റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	ജില്ല	ആസ്തി രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	റോഡുകളിൽ കിലോമീറ്റർ/ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
1	2	3	4	5
1	തിരുവനന്തപുരം	മംഗലപുരം ഗ്രാമ പഞ്ചായത്ത്	മംഗലപുരം ഗ്രാമ പഞ്ചായത്ത്	മംഗലപുരം ഗ്രാമ പഞ്ചായത്ത്
		നാവായിക്കുളം ഗ്രാമ പഞ്ചായത്ത്	വെള്ളറട ഗ്രാമ പഞ്ചായത്ത്	നാവായിക്കുളം ഗ്രാമ പഞ്ചായത്ത്
		വെള്ളറട ഗ്രാമ പഞ്ചായത്ത്	പനവൂർ ഗ്രാമ പഞ്ചായത്ത്	വെള്ളറട ഗ്രാമ പഞ്ചായത്ത്
		നെല്ലനാട് ഗ്രാമ പഞ്ചായത്ത്	തിരുവനന്തപുരം നഗരസഭ	വെമ്പായം ഗ്രാമ പഞ്ചായത്ത്
		പനവൂർ ഗ്രാമ പഞ്ചായത്ത്		പനവൂർ ഗ്രാമ പഞ്ചായത്ത്
		തിരുവനന്തപുരം കോർപ്പറേഷൻ		തിരുവനന്തപുരം കോർപ്പറേഷൻ
2	കൊല്ലം	നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്	നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്	നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്
		പത്തനാപുരം ഗ്രാമ പഞ്ചായത്ത്	പത്തനാപുരം ഗ്രാമ പഞ്ചായത്ത്	പത്തനാപുരം ഗ്രാമ പഞ്ചായത്ത്
		കൊല്ലം കോർപ്പറേഷൻ	ചവറ ഗ്രാമ പഞ്ചായത്ത്	കൊല്ലം കോർപ്പറേഷൻ

<table>
<tr><th>1</th><th>2</th><th>3</th><th>4</th><th>5</th></tr>
<tr><td rowspan="5">3</td><td rowspan="5">പത്തനംതിട്ട</td><td>കോഴഞ്ചേരി
ഗ്രാമ പഞ്ചായത്ത്</td><td>തണ്ണിത്തോട്
ഗ്രാമ പഞ്ചായത്ത്</td><td>കോഴഞ്ചേരി
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>നിരണം
ഗ്രാമ പഞ്ചായത്ത്</td><td>കോഴഞ്ചേരി
ഗ്രാമ പഞ്ചായത്ത്</td><td>നിരണം
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="3">നാരങ്ങാനം
ഗ്രാമ പഞ്ചായത്ത്</td><td>നിരണം
ഗ്രാമ പഞ്ചായത്ത്</td><td>നാരങ്ങാനം
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>നാരങ്ങാനം
ഗ്രാമ പഞ്ചായത്ത്</td><td rowspan="2">തുമ്പമൺ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>തുമ്പമൺ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="3">4</td><td rowspan="3">ഇടുക്കി</td><td>ഇരട്ടയാർ
ഗ്രാമ പഞ്ചായത്ത്</td><td>ഇരട്ടയാർ
ഗ്രാമ പഞ്ചായത്ത്</td><td>ഇരട്ടയാർ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="2">കട്ടപ്പന
ഗ്രാമ പഞ്ചായത്ത്</td><td>കട്ടപ്പന
ഗ്രാമ പഞ്ചായത്ത്</td><td>കട്ടപ്പന
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>കരിമണ്ണൂർ
ഗ്രാമ പഞ്ചായത്ത്</td><td>കരിമണ്ണൂർ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="8">5</td><td rowspan="8">കോട്ടയം</td><td>കിടങ്ങൂർ
ഗ്രാമ പഞ്ചായത്ത്</td><td>നീണ്ടൂർ
ഗ്രാമ പഞ്ചായത്ത്</td><td>നീണ്ടൂർ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>കുറിച്ചി
ഗ്രാമ പഞ്ചായത്ത്</td><td>കിടങ്ങൂർ
ഗ്രാമ പഞ്ചായത്ത്</td><td>ടി. വി. പുരം
ഗ്രാമ പഞ്ചായത്ത്.</td></tr>
<tr><td>മണിമല
ഗ്രാമ പഞ്ചായത്ത്</td><td>കുറിച്ചി
ഗ്രാമ പഞ്ചായത്ത്</td><td>കിടങ്ങൂർ
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="2">പാലാ നഗരസഭ</td><td rowspan="2">മണിമല
ഗ്രാമ പഞ്ചായത്ത്</td><td>കുറിച്ചി
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>മണിമല
ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>കോട്ടയം നഗരസഭ</td><td>പാലാ നഗരസഭ</td><td>പാലാ നഗരസഭ</td></tr>
<tr><td rowspan="2">ചങ്ങനാശ്ശേരി
നഗരസഭ</td><td>കോട്ടയം
നഗരസഭ</td><td>കോട്ടയം നഗരസഭ</td></tr>
<tr><td>ചങ്ങനാശ്ശേരി
നഗരസഭ</td><td>ചങ്ങനാശ്ശേരി
നഗരസഭ</td></tr>
</table>

1	2	3	4	5
6	ആലപ്പുഴ	ചെറുതന ഗ്രാമ പഞ്ചായത്ത്	ചെറുതന ഗ്രാമ പഞ്ചായത്ത്	രാമങ്കരി ഗ്രാമ പഞ്ചായത്ത്
		നെടുമുടി ഗ്രാമ പഞ്ചായത്ത്		ചെറുതന ഗ്രാമ പഞ്ചായത്ത്
		ആലപ്പുഴ നഗരസഭ		നൂറനാട് ഗ്രാമ പഞ്ചായത്ത്
				നെടുമുടി ഗ്രാമ പഞ്ചായത്ത്
7	എറണാകുളം	വരാപ്പുഴ ഗ്രാമ പഞ്ചായത്ത്	പായിപ്ര ഗ്രാമ പഞ്ചായത്ത്	പായിപ്ര ഗ്രാമ പഞ്ചായത്ത്
		വടക്കേക്കര ഗ്രാമ പഞ്ചായത്ത്	വരാപ്പുഴ ഗ്രാമ പഞ്ചായത്ത്	വരാപ്പുഴ ഗ്രാമ പഞ്ചായത്ത്
		കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്	വടക്കേക്കര ഗ്രാമ പഞ്ചായത്ത്	വടക്കേക്കര ഗ്രാമ പഞ്ചായത്ത്
		കൊച്ചി കോർപ്പറേഷൻ	കൊച്ചി കോർപ്പറേഷൻ	കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്
			പെരുമ്പാവൂർ നഗരസഭ	കൊച്ചി കോർപ്പറേഷൻ
			ആലുവ നഗരസഭ	പെരുമ്പാവൂർ നഗരസഭ
8	തൃശ്ശൂർ	കൊടുങ്ങല്ലൂർ നഗരസഭ	ഇരിങ്ങാലക്കട നഗരസഭ	കൊടുങ്ങല്ലൂർ നഗരസഭ
		ഇരിങ്ങാലക്കട നഗരസഭ	ചാലക്കുടി നഗരസഭ	ഇരിങ്ങാലക്കട നഗരസഭ
		ചാവക്കാട് നഗരസഭ	ചാവക്കാട് നഗരസഭ	ചാവക്കാട് നഗരസഭ
		ഗുരുവായൂർ നഗരസഭ	ഗുരുവായൂർ നഗരസഭ	ഗുരുവായൂർ നഗരസഭ
		കുന്നംകുളം നഗരസഭ	കുന്നംകുളം നഗരസഭ	കുന്നംകുളം നഗരസഭ
		തൃശ്ശൂർ കോർപ്പറേഷൻ	തൃശ്ശൂർ കോർപ്പറേഷൻ	തൃശ്ശൂർ കോർപ്പറേഷൻ

<table>
<tr><th>1</th><th>2</th><th>3</th><th>4</th><th>5</th></tr>
<tr><td rowspan="6">9</td><td rowspan="6">പാലക്കാട്</td><td>മാത്തൂർ ഗ്രാമ പഞ്ചായത്ത്</td><td>നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത്</td><td>മാത്തൂർ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>മുതലമട ഗ്രാമ പഞ്ചായത്ത്</td><td>അനങ്ങനടി ഗ്രാമ പഞ്ചായത്ത്</td><td>മുതലമട ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>അനങ്ങനടി ഗ്രാമ പഞ്ചായത്ത്</td><td rowspan="4">പാലക്കാട് നഗരസഭ</td><td>നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="3">പാലക്കാട് നഗരസഭ</td><td>അനങ്ങനടി ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>മലമ്പുഴ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>പാലക്കാട് നഗരസഭ</td></tr>
<tr><td rowspan="5">10</td><td rowspan="5">മലപ്പുറം</td><td>ഊരകം ഗ്രാമ പഞ്ചായത്ത്</td><td>ഊരകം ഗ്രാമ പഞ്ചായത്ത്</td><td>ചാലിയാർ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>ചാലിയാർ ഗ്രാമ പഞ്ചായത്ത്</td><td>മൂർക്കനാട് ഗ്രാമ പഞ്ചായത്ത്</td><td>മൂർക്കനാട് ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="3">നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത്</td><td rowspan="3">നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത്</td><td>കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>നിലമ്പൂർ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td rowspan="4">11</td><td rowspan="4">കോഴിക്കോട്</td><td>ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്</td><td>അരിക്കുളം ഗ്രാമ പഞ്ചായത്ത്</td><td>ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>അരിക്കുളം ഗ്രാമ പഞ്ചായത്ത്</td><td>തലക്കളത്തൂർ ഗ്രാമ പഞ്ചായത്ത്</td><td>അരിക്കുളം ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>ഉണ്ണികുളം ഗ്രാമ പഞ്ചായത്ത്</td><td>പെരുവയൽ ഗ്രാമ പഞ്ചായത്ത്</td><td>വടകര മുനിസിപ്പാലിറ്റി</td></tr>
<tr><td>തലക്കളത്തൂർ ഗ്രാമ പഞ്ചായത്ത്</td><td>വടകര മുനിസിപ്പാലിറ്റി</td><td>ഉണ്ണികുളം ഗ്രാമ പഞ്ചായത്ത്</td></tr>
<tr><td>12</td><td>വയനാട്</td><td>നെന്മേനി ഗ്രാമ പഞ്ചായത്ത്</td><td></td><td></td></tr>
</table>

1	2	3	4	5
13	കണ്ണൂർ	ചേലോറ ഗ്രാമ പഞ്ചായത്ത്	അഴീക്കോട് ഗ്രാമ പഞ്ചായത്ത്	അഴീക്കോട് ഗ്രാമ പഞ്ചായത്ത്
		മാടായി ഗ്രാമ പഞ്ചായത്ത്	മാടായി ഗ്രാമ പഞ്ചായത്ത്	ചേലോറ ഗ്രാമ പഞ്ചായത്ത്
		കണ്ണൂർ നഗരസഭ	തലശ്ശേരി നഗരസഭ	ചൊക്ലി ഗ്രാമ പഞ്ചായത്ത്
		തലശ്ശേരി നഗരസഭ		കണ്ണൂർ നഗരസഭ
				തലശ്ശേരി നഗരസഭ
14	കാസറഗോഡ്	കാഞ്ഞങ്ങാട് നഗരസഭ		കാഞ്ഞങ്ങാട് നഗരസഭ
				കാസറഗോഡ് നഗരസഭ

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ 22-7-2014-ലെയും മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ടവ 6-8-2014-ലെയും യോഗങ്ങളിൽ സമിതി പരിഗണിച്ചു.

ഗ്രാമപഞ്ചായത്തുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നിരവധി അപാകതകൾ സംഭവിച്ചിട്ടുള്ളതായുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെ വളരെ ഗൗരവത്തോടെ വീക്ഷിച്ച സമിതി ആയതിന്മേൽ സർക്കാരിന്റെ പൊതുനിലപാട് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു.

2. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന അപാകങ്ങളിൽ നല്ലൊരു ഭാഗവും പരിഹരിച്ചിട്ടുണ്ടെന്നും വന്നുപോയ അപാകങ്ങൾ ന്യായീകരിക്കുന്നില്ലെന്നും സർക്കാർ തലത്തിൽ വിശദമായ പരിശോധനനടത്തി റിക്കവറി നടപടികൾ ആവശ്യമുള്ളിടത്ത് ആയത് സ്വീകരിക്കുന്നതിനും നടപടിക്രമങ്ങളുടെ കാര്യത്തിൽ അപാകങ്ങൾ

സംഭവിച്ചിട്ടുണ്ടെങ്കിൽ സമയബന്ധിതമായി പരിഹരിക്കുന്നതിനും കൺസൾട്ടേറ്റീവ് കമ്മിറ്റിയെ വിശ്വാസത്തിലെടുത്ത് ഘടനാപരമായ മാറ്റങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ആയത് പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

3. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പരാമർശങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി നാല് പഞ്ചായത്തുകളൊഴിച്ച് ബാക്കി മുഴുവൻ പഞ്ചായത്തുകളിലും ആസ്തി രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും കണക്ടിവിറ്റി പ്ലാനിനെ സംബന്ധിച്ച പരാമർശത്തിന്മേൽ ഡി. പി. സി. നിർബന്ധമാക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ -ഇൻ-ചാർജ്ജ് സമിതിയിൽ വിശദമാക്കി.

റോഡ് നിർമ്മാണം/സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും

4. ഗ്രാമ/വാർഡ് സഭാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല, റോഡ് നിർമ്മാണ സംരക്ഷണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നില്ല എന്നിങ്ങനെയുള്ള നാരങ്ങാനം, മണിമല, കട്ടപ്പന, ചെറുതന, നൂറനാട് എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, തീരുമാനങ്ങളെടുക്കുന്നത് ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടാണെന്നും മിനിട്സിൽ എഴുതിച്ചേർക്കാൻ വിട്ടുപോയതാണെന്നുമാണ് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും പ്രസ്തുത പ്രശ്നം തുടർന്നുണ്ടാകാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും പത്തനംതിട്ട ഡി. ഡി. പി. സമിതിയെ അറിയിച്ചു. ഗ്രാമസഭകൾ തീരുമാനിക്കുന്ന കാര്യങ്ങൾ യോഗനടപടിക്കുറിപ്പ് തയ്യാറാക്കാതെ എങ്ങനെയാണ് നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് സമിതി സംശയം പ്രകടിപ്പിച്ചപ്പോൾ തീരുമാനം വിശദമായി രേഖപ്പെടുത്തിയിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നതെന്ന് പത്തനംതിട്ട ഡി. ഡി. പി. സമിതിയെ ബോധിപ്പിച്ചു. നിയമപരമായ കാര്യങ്ങൾ ചെയ്തുവെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി മാത്രമാണ് ഗ്രാമസഭകൾ ചേരുന്നതെന്നും ഗ്രാമസഭാ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ റോഡ് നിർമ്മാണ/സംരക്ഷണ പ്രവൃത്തികൾ ആസൂത്രണത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് ഉറപ്പാക്കാനാകുന്നില്ലെന്നും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്നുമുള്ള പോരായ്മകളാണ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് അതിന്റെ മിനിട്സ് രേഖപ്പെടുത്തുന്നുണ്ടെന്ന് പത്തനംതിട്ട ഡി. ഡി. പി. സമിതിയെ അറിയിച്ചു.

5. ഗ്രാമസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ഭവനനിർമ്മാണവുമായോ വ്യക്തിപരമായ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ടോ മാത്രമേ ഗ്രാമസഭകളിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ കഴിയുന്നുള്ളുവെന്നും ഒരു പൊതുപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന ഈ

പ്രവണത പരിഹരിക്കുന്നതിന് 'കില'യുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തി ഗ്രാമസഭകൾക്കുള്ള ട്രെയിനിംഗ് നൽകുന്നുണ്ടെന്നും എന്നാൽ ആശാവഹമായ പുരോഗതി ഇക്കാര്യത്തിൽ കാണാത്തതിനാൽ ഈ അപചയത്തെ എങ്ങനെ നേരിടണമെന്ന് ആലോചിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദമാക്കി.

6. റോഡുനിർമ്മാണവും പൊതുജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ആവശ്യമാണെന്നും വ്യക്തമായ അറിയിപ്പ് കൊടുത്താൽ കൂടുതൽ ആളുകളെ ഗ്രാമസഭയ്ക്ക് പങ്കെടുപ്പിക്കാൻ കഴിയുമെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഗ്രാമസേവാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് എല്ലാ വാർഡുകളിലും അയൽക്കൂട്ടങ്ങളും റസിഡൻഷ്യൽ അസോസിയേഷനുകളും രൂപീകരിക്കുകയും ആയതിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുത്ത് വാർഡുതലത്തിൽ വികസന സമിതി രൂപീകരിച്ചുകൊണ്ട് അതിന്റെ സഹായത്തോടെ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടത്തുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് വിശദീകരിച്ചു.

7. ഇത്തരം സമിതികൾ രൂപീകരിച്ച് കാര്യങ്ങൾ നടപ്പാക്കുന്നതിന് താമസമുണ്ടാകുമെന്ന് ചൂണ്ടിക്കാട്ടിയ സമിതി ജനങ്ങൾക്ക് പൊതുവായി ഉപയോഗപ്രദമായ പ്രവൃത്തികൾക്ക് ഗ്രാമസഭ ചേരുമ്പോൾ അക്കാര്യം പോസ്റ്ററുകൾ, ഉച്ചഭാഷിണി, പ്രാദേശിക ചാനലുകൾ എന്നിവ മുഖേന അറിയിപ്പ് നല്കുന്ന പ്രായോഗികവും ചെലവുകുറഞ്ഞതുമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. ഉച്ചഭാഷിണിയിലൂടെയും നോട്ടീസ് മുഖാന്തിരവും അറിയിപ്പ് നൽകുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചു.

8. ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിന് പഞ്ചായത്ത് അംഗങ്ങൾകൂടി താല്പര്യമെടുക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, വർഷത്തിൽ എത്ര പ്രാവശ്യമാണ് ഗ്രാമസഭകൾ ചേരേണ്ടതെന്ന് ആരാഞ്ഞു. വർഷത്തിൽ നാല് ഗ്രാമസഭകൾ കൂടണമെന്നാണ് നിർദ്ദേശമുള്ളതെന്നും ആറുമാസത്തിനകം ചേരാതിരുന്നാൽ അംഗത്വം നഷ്ടമാകുമെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് മറുപടി പറഞ്ഞു.

9. ഗ്രാമസഭകൾ കൃത്യമായി കൂടുന്നതിനും റോഡ് സംരക്ഷണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അത്തരം ചർച്ചകൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല

10. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന വെള്ളറട, കട്ടപ്പന, വരാപ്പുഴ, കല്ലൂർക്കോട്, അരിക്കുളം, ഉണ്ണികുളം എന്നീ ആറ് പഞ്ചായത്തുകളെ സംബന്ധിച്ച പരാമർശത്തിന്റെ വിശദീകരണം സമിതി ആരാഞ്ഞു. പ്രസ്തുത പരാമർശം യാഥാർത്ഥ്യത്തോട് അടുത്തുനിൽക്കുന്നതാണെന്നും സാങ്കേതികമായി അറിവുള്ള പ്രദേശ ഗ്രാമവാസികളെ ഇതിലേക്ക് കൊണ്ടുവരുവാൻ കഴിയുന്നില്ലെന്നും വർക്കിംഗ് ഗ്രൂപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ പാലിക്കപ്പെടുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് വിശദീകരിച്ചു.

11. പദ്ധതികളുടെ സ്റ്റാറ്റസ് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, പന്ത്രണ്ടാം പദ്ധതിയോടനുബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമായും ചർച്ച ചെയ്യാനുള്ള നിർദ്ദേശം ഈ വർഷം തന്നെ കൊടുത്തിട്ടുണ്ടെന്നും അതിന്റെ ഫലമായി കഴിഞ്ഞ അഞ്ച് വർഷത്തെ പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യുകയും ഒഴിവാക്കേണ്ട പ്രോജക്ടുകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ടെന്നും സ്റ്റാറ്റസ് റിപ്പോർട്ട് എല്ലാ പഞ്ചായത്തുകളും ഉണ്ടാക്കിയിട്ടുണ്ടെന്നും കാര്യങ്ങൾ എത്രത്തോളം ഫലപ്രദമായി എന്നതിൽ സംശയമുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് അറിയിച്ചു.

12. വാർഷിക പദ്ധതിയുടെ അന്തിമഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗംചേർന്ന് ചർച്ച ചെയ്യാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തോടനുബന്ധിച്ച് മാത്രമാണ് മുൻവർഷത്തെ പദ്ധതികളുടെ അവലോകനം നടക്കുന്നതെന്നും എന്നാൽ വർഷത്തിൽ ഇടയ്ക്കിടെ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് മോണിറ്ററിംഗ് നടത്തേണ്ടതാണെങ്കിലും ആയത് കാര്യക്ഷമമായി നടക്കുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് വിശദമാക്കി.

13. സർക്കാരിനെ സംബന്ധിച്ചിടത്തോളം നിർദ്ദേശം നൽകാൻ മാത്രമേ കഴിയൂ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തി. പശ്ചാത്തല സൗകര്യ വികസനത്തിനായി വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും റോഡ് നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് നടക്കുന്നതായി കാണുന്നില്ലെന്നും നിരീക്ഷിച്ച സമിതി, പദ്ധതികളുടെ സ്റ്റാറ്റസ് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്യുകയും അപാകങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിലേക്കായി സർക്കാരിന് എന്ത് ചെയ്യാൻ കഴിയുമെന്നും ചോദിച്ചു.

14. ഇപ്പോൾ കൊടുത്തിരിക്കുന്ന നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ടും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിട്സും ഡി. പി. സി. പരിശോധിച്ചാണ് പഞ്ചായത്തിന്റെ പദ്ധതികൾ പാസാക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ്ജ് മറുപടി പറഞ്ഞു. എന്നാൽ ഡി. പി. സി. കളിൽ ഇതൊന്നും പരിശോധിക്കാനുള്ള ഒരു

സംവിധാനവുമില്ലെന്നും നിലവിൽ പഞ്ചായത്ത് പാസാക്കിക്കൊണ്ടുവരുന്നത് അംഗീകരിച്ച് കൊടുക്കുകയാണ് ചെയ്യുന്നതെന്നും വിലയിരുത്തിയ സമിതി, ഡി. പി. സി. തലത്തിൽ മോണിറ്ററിംഗ് കൃത്യമാക്കണമെന്നും മോണിറ്ററിംഗ് കൃത്യമാക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്നും നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.7

ആസ്തി രജിസ്റ്ററുകളുടെ പരിപാലനം

15. എല്ലാ പഞ്ചായത്തുകളിലും ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, എരുമേലി, അയ്മനം, മഞ്ചേശ്വരം, കാറടുക്ക എന്നീ നാല് പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് മറുപടി പറഞ്ഞു. ബിൽ പാസാക്കുന്നതിനുമുമ്പ് ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശംകൂടി ഇപ്പോൾ നല്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

16. നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ എല്ലാ വിവരങ്ങളും കാണുന്നില്ലെന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 2011-12-ലെ അവസ്ഥയായിരുന്നെന്നും നിലവിൽ എല്ലാം പരിഹരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

17. റോഡിന്റെ വീതി, കൃത്യത എന്നിവ ഉറപ്പുവരുത്താൻ ചെയ്യുന്ന നടപടികളെ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, ഫോർമാറ്റിലുള്ള നീളം, വീതി, മെയിന്റനൻസ് വിവരങ്ങൾ ഇതെല്ലാം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും എങ്കിൽമാത്രമേ പദ്ധതി സോഫ്റ്റ്വെയറിൽ അത് അപ്‌ലോഡ് ചെയ്യാൻ കഴിയൂ എന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു.

ഖണ്ഡിക 3.2.8

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

18. പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കാത്തതിനെപ്പറ്റി സമിതി ആരാഞ്ഞതിന്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച എഞ്ചിനീയർ ആയിരുന്ന അക്കാലത്ത് ജോലി ചെയ്തിരുന്നതെന്നും ടിയാന്റെ പരിചയക്കുറവുമൂലം ഒന്നിലധികം പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയുണ്ടായിയെന്നും ആയതിനാലാണ്

വൗച്ചറിനോടൊപ്പം വയ്ക്കാൻ സാധിക്കാതിരുന്നതെന്നും നിലവിൽ പ്രശ്നമില്ലെന്നും പാലക്കാട് ഡി.ഡി.പി. വിശദീകരിച്ചു.

19. നേരത്തെ നൽകിയിരുന്ന എം. ബുക്കിൽ നാലഞ്ച് പ്രവൃത്തികൾ രേഖപ്പെടുത്തുമായിരുന്നെന്നും നിലവിൽ ഒരു പ്രവൃത്തി മാത്രം രേഖപ്പെടുത്തുവാൻ പാകത്തിലുള്ള നിശ്ചിത പേജുകളുള്ള എം. ബുക്കുകൾ നൽകിയതിനാൽ അതത് ഫയലുകളോടൊപ്പം എം. ബുക്കുകൾ സൂക്ഷിക്കാൻ സാധിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് ചൂണ്ടിക്കാട്ടി.

20. പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

<u>ഖണ്ഡിക 3.2.9</u>

കണക്ടിവിറ്റി പ്ലാൻ

21. പ്രധാന റോഡുകളുമായി ഒരു ബന്ധവുമില്ലാതെയാണ് റോഡുകൾ ഉണ്ടാക്കുന്നതെന്നും പാലങ്ങൾ ഉണ്ടാക്കിയാൽ അതിനെ ബന്ധിപ്പിച്ചുകൊണ്ട് റോഡുണ്ടാക്കുന്നില്ലെന്നും നിരീക്ഷിച്ച സമിതി 2007-ലെ സർക്കാർ നിർദ്ദേശ പ്രകാരം കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്തതിനുള്ള വിശദീകരണമാരാഞ്ഞു. ജോലിത്തിരക്കും ഉദ്യോഗസ്ഥരുടെ കുറവും കാരണം പഞ്ചായത്തുകൾ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കൽ പൂർത്തിയാക്കിയിട്ടില്ലായെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു.

22. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ബഹുഭൂരിപക്ഷം പഞ്ചായത്തുകളും ഇപ്പോഴും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുകയും ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നല്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

<u>ഖണ്ഡിക 3.2.10</u>

റോഡ് ചെയിനേജ് രേഖപ്പെടുത്തൽ—സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല

23. മംഗലപുരം, നെടുവത്തൂർ, വെള്ളറട, പത്തനാപുരം തുടങ്ങിയ പഞ്ചായത്തുകളിൽ റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണമാരാഞ്ഞതിന് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പുതിയ റോഡുകൾ ഉണ്ടായികൊണ്ടിരിക്കുകയാണെന്നും പുതിയ റോഡുകൾ നിലവിലുള്ളവയുമായി ഇൻകോർപ്പറേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും റോഡുകൾ ഒരു നെറ്റ് പോലെ കിടക്കുമ്പോൾ ചെയിനേജ് എവിടെ നിന്നാണ് തുടങ്ങേണ്ടതെന്ന വിഷയമുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു.

24. റോഡ് പ്രവൃത്തികളിൽ ചെയിനേജ് നിർബന്ധമായി രേഖപ്പെടുത്തണമെന്ന് വ്യവസ്ഥയില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, ഇപ്പോൾ ചെയിനേജ് രേഖപ്പെടുത്തുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു. റോഡുകൾക്ക് പേര് നൽകുകയാണെങ്കിൽ ചെയിനേജ് രേഖപ്പെടുത്തുക കുറെക്കൂടി എളുപ്പമാകുമായിരുന്നു എന്ന് അഭിപ്രായപ്പെട്ട സമിതി, റോഡ് പ്രവൃത്തികളിൽ നിർബന്ധമായും ചെയിനേജ് രേഖപ്പെടുത്തിയിരിക്കണമെന്ന് നിർദ്ദേശിച്ചു.

<u>ഖണ്ഡിക 3.2.11</u>

സാങ്കേതികാനുമതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നു

25. സാങ്കേതിക ഉപദേശക സമിതി അംഗീകരിച്ചതിനേക്കാൾ കൂടിയ നിരക്കിൽ സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ സർച്ചാർജ് നോട്ടീസിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

<u>ഖണ്ഡിക 3.2.12</u>

മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളുടെ ലംഘനം

26. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും നിർമ്മാണഘട്ടത്തിലും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ വ്യാപകമായി ലംഘിക്കുന്നതായി നിരീക്ഷിച്ച സമിതി വ്യക്തമായ കരാർ ഉടമ്പടി തയ്യാറാക്കാത്തതിന്റെ കാരണമാരാഞ്ഞു.

27. ചട്ടലംഘനം പാടില്ലാത്തതാണെന്നും കരാർ ഉടമ്പടി ഉണ്ടോ എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് പരിശോധിക്കേണ്ടതെന്നും അങ്ങനെ സ്പഷ്ടമാക്കി വന്നാൽ മാത്രമേ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കുകയുള്ളൂ എന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമാക്കി.

28. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിലപാട് ശരിയല്ലെന്നും പ്രവൃത്തി ഏറ്റെടുക്കുമ്പോൾതന്നെ കരാർ ഉണ്ടോ എന്ന് പരിശോധിക്കണമെന്നും അത് കഴിഞ്ഞുള്ള കാര്യമാണ് ഓഡിറ്റ് പരിശോധിക്കുകയെന്നുള്ളതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

29. പ്രവൃത്തി ഏറ്റെടുക്കുമ്പോൾ അതിന് സാങ്കേതികാനുമതി ലഭ്യമായതിന് ശേഷമാണ് കരാർ നിലവിൽ വരുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഗുണഭോക്തൃ സമിതിയാണെങ്കിലും കരാർ ആണെങ്കിലും കരാറില്ലാതെ തുടർ നടപടി സ്വീകരിക്കുന്നതും

തുക നൽകുന്നതും എങ്ങനെയെന്ന് ആരാഞ്ഞു. പല സന്ദർഭങ്ങളിലും ആവശ്യമായ രേഖകൾ ഉണ്ടെങ്കിലും അവ ഓഡിറ്റിന് പരിശോധനാ സമയത്ത് ഹാജരാകാത്ത പ്രവണത നിലവിലുണ്ടെന്നും സമിതി പരിഗണിക്കുന്ന പല വിഷയങ്ങളിലും പിന്നീട് രേഖകൾ ഹാജരാക്കുന്ന സാഹചര്യമുണ്ടെന്നും ആയത് ഒഴിവാക്കുന്നതിനായി പെൻഷനുമായി ബന്ധപ്പെട്ട് എൻ. എൽ. സി. ലഭ്യമാക്കുന്നതുമായി ഇതിനെ ബന്ധിപ്പിക്കണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

30. ഒരു പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഇത്തരം നടപടികൾ പാലിക്കുന്നുവെന്ന് എങ്ങനെയാണ് ഉറപ്പുവരുത്തുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, പെർഫോമൻസ് ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രതിമാസ ഓഡിറ്റ് നടത്തുന്നതിനും തുക നൽകുന്ന മുഴുവൻ വൗച്ചറുകളുടെയും ഒരു സെറ്റ് പഞ്ചായത്തുകളിൽ ഏൽപ്പിക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് വിശദീകരിച്ചു.

31. പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന്റെ സുതാര്യത ഉറപ്പുവരുത്താൻ സർക്കാർ തലത്തിൽ നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു. ബജറ്റ് തുകയുടെ 30 ശതമാനത്തോളം ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിനിയോഗിക്കുന്നതെന്നും അതനുസരിച്ചുള്ള തസ്തികകൾ പഞ്ചായത്ത് വകുപ്പിലില്ലാ എന്ന വസ്തുത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തദവസരത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഖണ്ഡിക 3.2.13

കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയില്ല

32. കരാർ പ്രവൃത്തികളിൽ 37-ഓളം പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ലെന്നും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് 2009-10, 2010-11 വർഷങ്ങളിലായി 2557 റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തിയിട്ടുള്ളൂ എന്നും നിരീക്ഷിച്ച സമിതി, ഗുണഭോക്തൃ കമ്മിറ്റികളുടെ മോണിറ്ററിംഗിന് എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നാരാഞ്ഞു. പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയാണ് ചെയ്യുന്നതെന്നും ഭരണ സമിതിയുടെ റിപ്പോർട്ട് വാങ്ങിയതിനുശേഷം മാത്രമേ ഫൈനൽ ടെണ്ടർ കൊടുക്കാവൂ എന്നാണ് നിലവിൽ കൊടുത്തിട്ടുള്ള നിർദ്ദേശമെന്നും അത് എഞ്ചിനീയറിംഗ് വിഭാഗമാണ് പാലിക്കേണ്ടതെന്നും പരാമർശവിധേയമായ പഞ്ചായത്തുകളിൽ നിലവിൽ മോണിറ്ററിംഗ് നടപടികൾ പാലിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

33. ഓഡിറ്റ് തടസ്സം ഉണ്ടാകുമ്പോൾ രേഖകൾ ഹാജരാക്കി ബന്ധപ്പെട്ട എഞ്ചിനീയർമാർ മറുപടി നൽകിയാലും അവ പരിഗണിക്കപ്പെടാതെ ആയത് വീണ്ടും സർക്കാരിലേക്കുവരുന്ന നിരവധി കേസുകളുണ്ടെന്നും എഞ്ചിനീയർമാർ നൽകുന്ന മറുപടി സംബന്ധിച്ച് അതത് സ്ഥാപനങ്ങളിൽ നേരിട്ടുപോയി പരിശോധിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനൊരു സംവിധാനമുണ്ടാകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

34. ഓഡിറ്റ് പരിശോധനയ്ക്ക് കൂടുതൽസമയം കൊടുക്കുകയാണെങ്കിൽ അതിന് തയ്യാറെടുക്കുന്നതിന് സൗകര്യമുണ്ടാകുമെന്ന ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അഭിപ്രായത്തോട് സമിതി യോജിപ്പ് പ്രകടിപ്പിച്ചു.

35. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മിനിട്സ്, വരവ് ചെലവ് കണക്ക്, മസ്റ്റർ റോൾ, മറ്റ് ചെലവ് രേഖകൾ എന്നിവ ബില്ലിനോടൊപ്പം തയ്യാറാക്കി വയ്ക്കുന്നുണ്ടെങ്കിലും ആയതിനൊന്നും യാതൊരു വിശ്വാസ്യതയും സുതാര്യതയും ഉള്ളതായി കാണുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതിഫല ത്തിനായി സിമന്റ്സ്, മെറ്റൽ, മണൽ എന്നിവയുടെ അളവും വിലയും പെരുപ്പിച്ചുകാട്ടിയുള്ള കണക്കുകളാണ് കൺവീനർ കാണിച്ചിട്ടുള്ളതെന്നും കൺവീനറും ചെയർമാനും സംയുക്തമായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ കൂടിയാകണം പണമിടപാട് എന്നുള്ള നിർദ്ദേശം നടപ്പിലായി കാണുന്നില്ല എന്നും ചൂണ്ടിക്കാട്ടിയ സമിതി ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു.

36. മരാമത്ത് പണികളുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല എഞ്ചിനീയർമാർക്കാണെന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

37. കൺവീനർമാർ ബില്ലെഴുതി എം. ബുക്കിനൊപ്പം കൊടുക്കണമെന്നും ചെലവായ സാധനങ്ങളുടെ വൗച്ചറുകളും മസ്റ്റർ റോളും അതിനനുബന്ധമായി ചേർക്കണമെന്നും നിയമമുണ്ട് എന്നും മസ്റ്റർ റോളും വൗച്ചറുകളുംകൂടി കൂട്ടുന്നത് ബില്ലിനേക്കാൾ കുറവുവരാൻ പാടില്ലാത്തതിനാലാണ് ചില അവസരങ്ങളിൽ സിമന്റിന് കൂടുതൽ തുക വയ്ക്കുന്നതെന്നും എന്നാൽ എസ്റ്റിമേറ്റ് പ്രകാരം അത്രയും തുക വേണ്ടിവരില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ബോധ്യപ്പെടുത്തി.

38. കൺവീനർ സംവിധാനത്തിന് നിശ്ചിത തുകയേ നൽകാവൂ എന്ന ഒരു നിയന്ത്രണം കൊണ്ടുവരുന്നത് നല്ലതായിരിക്കുമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. കൺവീനർ സംവിധാനം വളരെ നല്ലൊരു ആശയമാണെന്നും ജനപങ്കാളിത്തം കൂടിയാൽ നിർദ്ദേശിക്കുന്ന തുകയേക്കാൾ കൂടുതൽ പ്രവൃത്തി നടക്കുമെന്നും നിലവിൽ ആയത് പ്രായോഗികമായി നടക്കുന്നില്ല എന്നും സമിതി വിലയിരുത്തി.

39. പ്രസ്തുത വിഷയം സംബന്ധിച്ച ഒരു പഠനം കല്ലിയൂർ പഞ്ചായത്തിൽ നടത്തിയിരുന്നെന്നും കോർഡിനേഷൻ കമ്മിറ്റിയിൽവച്ച് അസോസിയേഷനുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയതുമായി ബന്ധപ്പെട്ട് ധാരാളം ലംഘനങ്ങൾ നടക്കുന്നതിനാൽ കൺവീനർ പ്രവർത്തിക്കുള്ള തുക 15 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി കുറയ്ക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണെന്നും ഇക്കാര്യത്തിൽ സമിതിയുടെ ശിപാർശ ഉണ്ടാകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഒരിക്കലും ഒരു കൺവീനർക്ക് ചെയ്യാൻ കഴിയില്ലെന്നും അങ്ങനെയുള്ള പ്രവൃത്തികൾ ഒഴിവാക്കി നാട്ടുകാർക്ക് ചെയ്യാൻ കഴിയുന്ന പ്രവൃത്തികൾ മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) അഭിപ്രായപ്പെട്ടു. വലിയ പോരായ്മകളുണ്ടെങ്കിലും ഇതൊരു മഹത്തായ ആശയമാണെന്നും നിലവിലുള്ള വ്യവസ്ഥിതി കൊണ്ടാണ് കൺവീനർ പ്രവൃത്തി ശരിയാംവണ്ണം മുന്നോട്ട് പോകാതിരിക്കുന്നതെന്നും ആയത് സംബന്ധിച്ച് വിശദമായി പഠിച്ചതിനുശേഷം ശിപാർശ നൽകാമെന്നും സമിതി അഭിപ്രായപ്പെട്ടു.

<u>ഖണ്ഡിക 3.2.14</u>

റോഡ് പ്രവൃത്തികളിലെ മോണിറ്ററിംഗ്

40. പത്തനംതിട്ടയിലെ ചില ഗ്രാമപഞ്ചായത്തുകളിലും കൊച്ചി നഗരസഭയിലും മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടക്കുന്നില്ലെന്നും മോണിറ്ററിംഗ് റിപ്പോർട്ടിൽ റോഡ് നിർമ്മാണം പൂർത്തിയാക്കിയെന്ന് സാക്ഷ്യപ്പെടുത്തുകയല്ലാതെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തിയതായി കാണുന്നില്ലെന്നും തലശ്ശേരി മുനിസിപ്പാലിറ്റിയിൽ പരിധിയിൽ കവിഞ്ഞ തുക ചെലവഴിച്ചെങ്കിലും മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായിരുന്നില്ലെന്നും നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച വിശദീകരണം ആരാഞ്ഞു.

41. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് നടക്കുന്നില്ല എന്നുള്ള പരാമർശം പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) ശരിവച്ചു. പദ്ധതിയുടെ അവസാനഘട്ടത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റി വിഭാവനം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടാണ് നിലവിൽ വാങ്ങുന്നതെന്നും വർക്ക് ബില്ലുകൾ മാറുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും ആയത് നിർബന്ധമാക്കിയിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

42. മോണിട്ടറിംഗിന്റെ അപാകങ്ങൾ പരിശോധിച്ച് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നുവെന്ന് ഉറപ്പുവരുത്തുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് അറിയിക്കുവാനും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.15

ഡ്രെയിനേജ് സംവിധാനം

43. നിലവിലെ ചട്ടങ്ങൾ അനുസരിച്ചാണ് നിർമ്മാണവും എസ്റ്റിമേറ്റ് തയ്യാറാക്കലും നടക്കുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യങ്ങളിലല്ലാതെ കാനകളുടെ കോൺക്രീറ്റ് കനം അധികരിച്ച കാണുന്നില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 3.2.16

അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗശൂന്യമായ റോഡുകളും പാലങ്ങളും

44. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന്, പല ഘട്ടങ്ങളിലായാണ് പഞ്ചായത്തുകൾ പ്രവൃത്തികൾ പൂർത്തിയാക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. ഒരു ആസൂത്രണവുമില്ലാതെ പദ്ധതികൾ തയ്യാറാക്കി അവസാന നിമിഷം സമർപ്പിക്കുന്ന പ്രവണതയാണ് കാണുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഇക്കാര്യം പരിശോധിച്ചിട്ടാണോ സാങ്കേതികാനുമതി നൽകുന്നതെന്ന് ആരാഞ്ഞതിന് ഫയലുകൾ പരിശോധിച്ചിട്ടാണ് പദ്ധതി അംഗീകരിക്കുന്നതെന്നും വിവിധ വാർഡുകൾക്കായി ഫണ്ട് വിഭജിച്ചുപോകുന്നു എന്നതാണ് പ്രധാന പ്രശ്നമെന്നും പഞ്ചവത്സര പദ്ധതികൾ നന്നായി വന്നാൽ വിഹിതം അല്പം കുറയാൻ സാധ്യതയുണ്ടെന്നും പരാമർശവിധേയമായ മൂന്ന് വിഷയങ്ങളിലും പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

45. നിരണം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് തുടർവർഷങ്ങളിൽ പദ്ധതി സമർപ്പിച്ച് അപ്രോച്ച് റോഡുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു. നിരണം പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് പ്രദേശമായതിനാൽ മേൽത്തരത്തിലുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ജനങ്ങൾക്ക് യാത്രാക്ലേശം ഉണ്ടാകുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.17

റോഡ് കോൺക്രീറ്റിംഗ്—പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്നു

46. കോൺക്രീറ്റിംഗിന് മണലിനുപകരം പാറപ്പൊടി ഉപയോഗിച്ചും ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിക്കാതെയും എസ്റ്റിമേറ്റ് പ്രകാരമുള്ള കനത്തിൽ കോൺക്രീറ്റിംഗ് നടത്താതെയും ക്യൂവറിംഗിന് ആവശ്യമായ സമയം നൽകാതെയും

പ്രവൃത്തി നടപ്പിലാക്കുന്നതിനാൽ വളരെവേഗംതന്നെ റോഡ് കോൺക്രീറ്റിംഗ് തകർന്നുപോകുന്നതായും പ്രസ്തുത വിഷയങ്ങൾ ഒന്നും പരിഗണിക്കാതെ റോഡുകൾ കോൺക്രീറ്റിംഗ് നടത്തുന്നതുമൂലം പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടിവരികയും ചെയ്യുന്നുവെന്നുമുള്ള പരാമർശത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞു.

47. ചെറിയ റോഡുകളിൽ കോൺക്രീറ്റിംഗിനുപകരം ഇന്റർലോക്കിംഗ് ടൈൽസ് പാകുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ എഞ്ചിനീയർമാരുടെ കർശന മേൽനോട്ടം ഉണ്ടെങ്കിൽ കാര്യങ്ങൾ ശരിയായവിധം മുന്നോട്ടുപോകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഖണ്ഡിക 3.2.18

കരാറുകാർ ഒത്തുകളിക്കുന്നു; ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല

48. ടെണ്ടർ നടപടികളിൽ സുതാര്യതയില്ലെന്നും ആയതിന് മാറ്റം വരുത്തേണ്ടതാണെന്നും ചൂണ്ടിക്കാട്ടിയ സമിതി, ഇ-ടെണ്ടറിംഗ് പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നരാഞ്ഞു. ഇ-ടെണ്ടറിംഗ് ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടെന്നും 5 ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ പദ്ധതികളും ഇ-ടെണ്ടറിംഗ് മുഖേനയാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

49. ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും വ്യവസ്ഥകൾ ലംഘിക്കുന്ന കരാറുകാരെ അയോഗ്യരാക്കുന്നതിന് നടപടി സ്വീകരിക്കുകയും ആയത് റിപ്പോർട്ടിൽ സൂചിപ്പിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. ഇ-ടെണ്ടറിംഗ് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ നേരത്തെയുള്ള അവസ്ഥയിൽ മാറ്റമുണ്ടാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

ഖണ്ഡിക 3.2.19

സംരക്ഷണ ഗ്രാന്റ് അപര്യാപ്തം

50. സംസ്ഥാനത്തിന്റെ വാർഷിക നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം തുക ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരക്ഷണ ഗ്രാന്റായി സർക്കാർ നൽകുന്നുണ്ടെന്നും കൂടാതെ ആസ്തി വികസന ഫണ്ടുപയോഗിച്ചും എം. പി./എം.എൽ.എ. ഫണ്ടുകളുപയോഗിച്ചും ധാരാളം റോഡുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള ഗ്രാന്റ് പഞ്ചായത്തിന് വളരെ കുറച്ചാണ് ലഭിക്കുന്നതെന്നും സമിതി വിലയിരുത്തി.

51. മെയിന്റനൻസ് ഗ്രാന്റ് ഉദ്യോഗസ്ഥ തലത്തിലോ സർക്കാർ തലത്തിലോ അല്ല നിശ്ചയിക്കുന്നതെന്നും ഭരണഘടനാ അനുച്ഛേദപ്രകാരം അഞ്ച് വർഷത്തിലൊരിക്കൽ

നിയമിക്കുന്ന ധനകാര്യ കമ്മീഷനുമുന്നിൽ അതത് പഞ്ചായത്തുകളോ സർക്കാരോ കൊടുക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷമാണ് ആയത് നിശ്ചയിക്കുന്നതെന്നും അക്കൗണ്ട്സ് പൂർത്തിയാക്കിയ വർഷത്തിലെ നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം തുകയാണ് മെയിന്റനൻസ് ഗ്രാന്റായി നിശ്ചയിച്ചിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

52. റോഡ് നിർമ്മാണത്തിന് പി.എം.ജി.എസ്.വൈ., എം.പി./എം.എൽ.എ. ഫണ്ടുകൾ തുടങ്ങിയവയുണ്ടെന്നും പി.എം.ജി.എസ്.വൈ. ഫണ്ടിൽ അഞ്ച് കൊല്ലത്തേക്കുള്ള മെയിന്റനൻസ് തുക അതിൽത്തന്നെ മാറ്റിവയ്ക്കുന്നുണ്ടെന്നും ലഭ്യമാകുന്ന ഫണ്ടിന്റെ നൂറ് ശതമാനം ചെലവ് ഇപ്പോൾ നടക്കുന്നില്ലെന്നും നാലാം ധനകാര്യ കമ്മീഷൻ മെയിന്റനൻസ് ഫണ്ടിന്റെ മൂന്നിൽ രണ്ട് ഭാഗം റോഡിനും മൂന്നിലൊന്ന് ഭാഗം നോൺ-റോഡിനും മാറ്റിവെയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

53. റോഡുകളുടെ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ചുനൽകുന്ന കാര്യം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 3.2.20

എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം

54. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അപര്യാപ്തത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 978 പഞ്ചായത്തുകളിൽ ആകെ 776 അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് നിലവിലുള്ളതെന്നും 574 പഞ്ചായത്തുകളിൽ ഓരോ എഞ്ചിനീയർ വീതവും 404 പഞ്ചായത്തുകളിൽ സംയുക്ത ചുമതലയുമാണ് നൽകിയിരിക്കുന്നതെന്നും മൂന്ന് പഞ്ചായത്തുകൾക്കായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്ന സാഹചര്യവും നിലവിലുണ്ടെന്നും മലബാർ മേഖലയിലാണ് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവ് കൂടുതലുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമാക്കി.

55. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 202 തസ്തികകൾകൂടി സൃഷ്ടിച്ചാൽ മാത്രമേ ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ വീതം അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

56. പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടല്ലോ എന്ന് ചൂണ്ടിക്കാട്ടിയ സമിതി എന്തുകൊണ്ടാണ് സർക്കാർ ആയതിന്മേൽ നടപടി

സ്വീകരിക്കാത്തതെന്ന് ആരാഞ്ഞു. പി.ഡബ്ല്യൂ.ഡി-യിൽ നിന്നും 851 എഞ്ചിനീയർമാരെയും ജലവിഭവ വകുപ്പിൽ നിന്നും 1211 പേരെയും ലഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവരെ പി.എസ്.സി.യിൽ നിന്നും നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനാൽ പഞ്ചായത്തിന് ആകെ 4185 എഞ്ചിനീയർമാരുണ്ടെന്നും 202 അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെയും അതിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയുംകൂടി തസ്തിക സൃഷ്ടിച്ചാൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 200 തസ്തികകൾകൂടി സൃഷ്ടിക്കുന്നതിന് സമിതിയുടെ ശിപാർശയുണ്ടാകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

57. ഒരു പഞ്ചായത്തിൽ ഒരു എഞ്ചിനീയർ വേണമെന്ന് ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും പ്രവൃത്തികളുടെ എണ്ണമനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്താൻ കഴിയുമോ എന്നുള്ള കാര്യവും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ എന്നുള്ള കാര്യവും ആലോചിക്കേണ്ടതുണ്ടെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടെങ്കിൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റിക്ക് നിയന്ത്രണമുണ്ടാകൂ എന്നും ആയതിനാൽ പ്രസ്തുത അനുപാതത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക 3.2.21</u>

ഗുണഭോക്തൃ കമ്മിറ്റികൾ മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

58. പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ അഡ്വാൻസ് കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കാത്ത തിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

59. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

60. പ്രവൃത്തികൾ കരാർ തീയതിക്കകം പൂർത്തീകരിക്കാത്തതിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി നിരീക്ഷിച്ച സമിതി ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.22

അധികാരപരിധി ലംഘിച്ച് പ്രവൃത്തികൾ നടത്തി

61. കോഴിക്കോട് ജില്ലയിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനും ലഭിക്കുന്ന ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന റോഡുകൾക്ക് വേണ്ടി വിനിയോഗിച്ചത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത വർഷം ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വയ്ക്കാത്തതുകൊണ്ടും പഞ്ചായത്തിന്റെ ഭാഗംവരുന്ന റോഡിന്റെ അവസ്ഥ ശോചനീയമായതുകൊണ്ടുമാണ് വർക്ക് ഏറ്റെടുത്ത് ചെയ്തതെന്ന് കോഴിക്കോട് ഡി.ഡി. പി. മറുപടി നൽകി.

62. പ്രസ്തുത വിഷയം സംബന്ധിച്ച് റിവ്യൂ നടത്തിയിരുന്നെന്നും റോഡ് പണി നടത്തിയത് പഞ്ചായത്തിന്റെ ഭാഗത്തുതന്നെയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ച് പഞ്ചായത്തിന് പുറത്താണെങ്കിൽ റിക്കവറി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

63. ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ അധികാരപരിധി ലംഘിച്ച് റോഡ് പ്രവൃത്തി ഏറ്റെടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയ സമിതി ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.23 & 3.2.24

64. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളുടെ അവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ള മേൽഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള നിഗമനങ്ങളോടും ശിപാർശകളോടും സമിതി യോജിക്കുകയും ആയതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിനോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുകയും ചെയ്തു.

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ

65. മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും റോഡ് പ്രവൃത്തികളിലെ അപാകങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ പൊതുവായ അഭിപ്രായം സമിതി ആരാഞ്ഞു. റോഡുപ്രവൃത്തിയിലെ അപാകങ്ങൾ സംബന്ധിച്ച് വിവിധ നഗരസഭകളുമായി നടത്തിയ ചർച്ചയിൽ ബോധ്യപ്പെട്ട വിവരങ്ങൾ നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പല നഗരസഭകളിലും ആസ്തി രജിസ്റ്ററുകളുടെ പരിപാലനം കൃത്യമായി നടത്തുന്നില്ലെന്നും റോഡ് നിർമ്മാണത്തിൽ വാർഡ് സഭയുടെ നിബന്ധനകൾ പാലിക്കുന്നില്ലെന്നും അദ്ദേഹം ചൂണ്ടികാട്ടി. കൂടാതെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള

പദ്ധതി പല നഗരസഭകളിലും നടപ്പിലാക്കുന്നില്ല. ഫണ്ട് ലഭ്യത പരിഗണിക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എന്നതിന് ചൂണ്ടിക്കാട്ടിയ ഗുരുതരമായ ഒരു പോരായ്മ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റ് പര്യാപ്തമല്ല എന്നാണെന്നും അദ്ദേഹം വിശദമാക്കി. സർക്കാർ നിർദ്ദേശമുണ്ടായിട്ടും നഗരസഭകളുടെ ഉടമസ്ഥതയിലുള്ള റോഡുകളിൽ കിലോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിൽ അലംഭാവം കാട്ടുന്നതായി അദ്ദേഹം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

66. കൂടാതെ ഗുണഭോക്തൃ സമിതികളുടെ മോണിറ്ററിംഗിനെപ്പറ്റി സമിതി ആരാഞ്ഞതിന്, മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ലയെന്നും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്നും സമയബന്ധിതമായി ചെയ്തുതീർക്കേണ്ട റോഡ് പ്രവൃത്തികൾ സ്പിൽഓവറായി ചെയ്യേണ്ടി വരുന്നതും മുനിസിപ്പാലിറ്റികളുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി നഗരകാര്യ സെക്രട്ടറി വിലയിരുത്തി. ഇതിനെല്ലാമുപരി വർക്കിന് അനുസൃതമായി ആവശ്യാനുസരണം ജീവനക്കാർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇല്ല എന്നതും ഒരു ഗുരുതരമായ പ്രശ്നമാണെന്നും സോഷ്യൽ ഓഡിറ്റ് എന്ന സംവിധാനം വന്നാൽ നന്നായിരിക്കുമെന്നും അദ്ദേഹം തുടർന്നറിയിച്ചു.

ഓഡിറ്റ് ഖണ്ഡിക 3.2.6(1)

ഗ്രാമ/വാർഡ് സഭാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല, റോഡ് നിർമ്മാണ/ സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നില്ല

67. കോട്ടയം നഗരസഭ, ഗ്രാമ/വാർഡ് സഭാ നിർദ്ദേശങ്ങൾ പാലിക്കുകയോ റോഡ് നിർമ്മാണ പ്രവൃത്തിയുടെ വിവരങ്ങൾ ചർച്ച ചെയ്യുകയോ വാർഡ് സഭകളിലെ മിനിട്സ് ബുക്ക് ആധികാരികമായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല എന്ന് സമിതി നിരീക്ഷിച്ചു.

68. നിലവിൽ വാർഡ് സഭകൾ യഥാവിധി കൂടി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ടെന്നും മിനിട്സ് ബുക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നുമുള്ള കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡിക 3.2.6(2)

അവലോകന റിപ്പോർട്ട് വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല

69. ചാവക്കാട്, ഇരിങ്ങാലക്കുട എന്നീ നഗരസഭകൾ അവലോകന റിപ്പോർട്ട് വാർഡ് സഭകളിൽ അവതരിപ്പിക്കുന്നില്ല എന്ന പരാമർശം സമിതി ചർച്ചചെയ്തു.

70. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനൊപ്പം വാർഡ് സഭയിൽ അവതരിപ്പിക്കേണ്ട റിപ്പോർട്ട് നിർവ്വഹണോദ്യോഗസ്ഥൻ നൽകാതിരുന്നതിനാലാണ് വാർഡ് സഭയുടെ അംഗീകാരം വാങ്ങാൻ കഴിയാതിരുന്നതെന്നും തുടർന്ന് റിപ്പോർട്ട് വാർഡ് സഭയിൽ വയ്ക്കാൻ നിർദ്ദേശം കൊടുക്കാമെന്ന് ചാവക്കാട് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

71. വാർഡ് സഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർബന്ധമായും പങ്കെടുക്കണമെന്നും അല്ലാത്തപക്ഷം ആയത് കൃത്യവിലോപമായി പരിഗണിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

72. ആയത് സംബന്ധിച്ചും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കണമെന്നത് സംബന്ധിച്ചും മുനിസിപ്പാലിറ്റികൾക്ക് കർശന നിർദ്ദേശം കൊടുത്തുകഴിഞ്ഞുവെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

73. എന്നാൽ അതിനുശേഷവും ചാവക്കാട്, ഇരിങ്ങാലക്കുട എന്നീ മുനിസിപ്പാലിറ്റികളിൽ നാളിതുവരെ അങ്ങനെയൊരു അവലോകന റിപ്പോർട്ട് നൽകുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ വാർഡ് സഭകളിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ലെന്നും ഇത്തരം കേസുകളിൽ അടിയന്തരമായി വിശദീകരണം ആരായുമെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

74. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഇതുവരെ നിർവ്വഹണോദ്യോഗസ്ഥൻ വാർഡ് സഭകളിൽ പങ്കെടുക്കുകയോ റിപ്പോർട്ട് അവതരിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ഇനി അതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

75. വാർഡ് സഭ യോഗംകൂടാതെ യോഗം കൂടിയതായി രേഖയുണ്ടാക്കുന്നതാണ് ഇപ്പോൾ കണ്ടുവരുന്ന പ്രവണതയെന്നും ആയതിനാൽ ഗ്രാമസഭ കൃത്യമായി ചേരുന്നുണ്ടോയെന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്നും മിനിട്സ് കൃത്യമായി എഴുതിസൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു. മുനിസിപ്പാലിറ്റിയിൽ വാർഡ് സഭ എന്നുപറയുന്നത് മുനിസിപ്പൽ ചെയർമാനും കൗൺസിലറുമായി കൂടിയാലോചിച്ച് വിവിധ വിഭാഗങ്ങളിലെ ആളുകളുടെ പ്രതിനിധികളെ ചേർത്താണ് ഉണ്ടാക്കിയിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു.

76. മൂന്ന് ലക്ഷത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങളിൽ വാർഡ് കമ്മിറ്റിയും മൂന്ന് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ളയിടത്ത് വാർഡ് സഭയുമാണ് രൂപീകരിച്ചിരിക്കുന്നതെന്നും 10 ശതമാനം വോട്ടർമാർ പങ്കെടുത്തില്ലെങ്കിൽ പ്രസ്തുത യോഗം പിരിച്ചുവിടണമെന്നും ആയതിനുശേഷം വിളിച്ചുകൂട്ടുന്ന യോഗത്തിൽ മിനിമം 50 പേരെങ്കിലും പങ്കെടുക്കണമെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

77. വ്യക്തിഗത ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട മാത്രമാണ് വാർഡ് സഭകളിൽ ജനപങ്കാളിത്തം ഉണ്ടാകുന്നതെന്നും ആയതിനാൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള അജണ്ടകൾ ഗ്രാമ/വാർഡ് സഭാ യോഗങ്ങളിൽ കൊണ്ടുവരുന്നകാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിഗണിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ഗ്രാമസഭ കൂടുമ്പോൾ വികസനത്തെ സംബന്ധിച്ച് വലിയകാര്യങ്ങൾ പറയുകയും

എന്നാൽ ആയതൊന്നും നടപ്പിലാക്കാൻ വാർഡ് കൗൺസിലർക്ക് കഴിയാതെവരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ സമഗ്രപഠനം നടത്തി ഗ്രാമ/വാർഡ് സഭകളിൽ ഹജരാകുന്നതിന് പൊതുജനത്തെ നിർബന്ധിക്കുന്ന തലത്തിലേക്ക് നിയമ ഭേദഗതി കൊണ്ടുവരുന്ന കാര്യം ആലോചിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

78. വ്യക്തിഗത ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുന്നതെന്നും അതിൽ താല്പര്യമുള്ള ആളുകൾമാത്രം വരികയും ബാക്കിയുള്ളവരുടെ ഒപ്പുശേഖരണം നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്നും ഒപ്പ് ഒറിജിനൽ ആയതിനാൽ ഏത് സംവിധാനമേർപ്പെടുത്തിയാലും തെറ്റ് കണ്ടുപിടിക്കാൻ സാധിക്കില്ലെന്നും ബോധവൽക്കരണമല്ലാതെ ഇക്കാര്യത്തിൽ മറ്റ് മാർഗ്ഗമൊന്നുമില്ലെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി വിശദമാക്കി.

79. ഗ്രാമ/വാർഡ് സഭകളുടെ തുടക്കം നന്നായിരുന്നെങ്കിലും പിന്നീടുണ്ടായ പാളിച്ചകൾ സംബന്ധിച്ച് വകുപ്പ് സമഗ്രമായി പഠനം നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവലോകന റിപ്പോർട്ടുകൾ ചട്ടം അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും വാർഡ് സഭകളുടെ അംഗീകാരം വാങ്ങേണ്ടതുമാണെന്നും കാര്യങ്ങൾ കൃത്യമായി ചെയ്യാത്തതുകൊണ്ടും ആരും മോണിറ്റർ ചെയ്യാത്തതുകൊണ്ടും പഞ്ചായത്തുകളിലെ റോഡുപണികൾ കാര്യക്ഷമമായി നടക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചു.

80. വാർഡ് സഭയിൽ പങ്കെടുക്കേണ്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുക്കാതിരിക്കുന്നതിന്റെയും ശരിയായ മോണിറ്ററിംഗ് സംവിധാനങ്ങളില്ലാത്തതിന്റേയും പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>ഓഡിറ്റ് ഖണ്ഡിക 3.2.6(4)</u>

വാർഡ് സഭ അംഗീകാരവും ജില്ലാ ആസൂത്രണ സമിതി അംഗീകാരവുമില്ലാതെ പ്രവൃത്തി നടത്തി

81. വാർഡ് സഭയുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരമില്ലാതെ പ്രവൃത്തി നടത്തി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

82. നഗരസഭ ഗ്രീൻ റിപ്പിൾ റോഡിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുപ്പോൾ ഓടയുടെ പണിക്കൂടി ഉൾകൊള്ളിച്ചിരുന്നെന്നും പ്രസ്തുത റോഡിന് സമീപം ഭവൻസ് സ്കൂളിന് തെക്കുവശത്തുള്ള റോഡ് സഞ്ചാരയോഗ്യമല്ലാത്തതുകൊണ്ട് സ്കൂൾ കുട്ടികളും മറ്റും അപകടത്തിൽപ്പെടാനുള്ള സാഹചര്യമുണ്ടായിരുന്നതിനാൽ ഡിവിഷൻ കൗൺസിലറും

നാട്ടുകാരും ആവശ്യപ്പെട്ടതനുസരിച്ച് ഇടിഞ്ഞുപോയ കാനയ്ക്ക് അറ്റകുറ്റപ്പണി നടത്തി സ്ലാബിട്ട് കവർ ചെയ്യുകയാണുണ്ടായതെന്നും ആയതിനായി ഡിവിഷണൽ കൗൺസിലർ കത്ത് നൽകുകയും വർക്ക്സ് കമ്മിറ്റി ചെയർമാൻ ശിപാർശ ചെയ്തിട്ടുള്ളതുമാണെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി (ഇൻ-ചാർജ്) വിശദീകരിച്ചു. എന്നാൽ പ്രസ്തുത ജോലി സൈറ്റുമാറ്റി ചെയ്യുന്നതിന് ഫയൽ നടപടികൾ പൂർത്തിയാക്കാതെ ബിൽ അയച്ചതിനാലാണ് ഓഡിറ്റ് തടസ്സം വന്നതെന്നും ആയതിനാൽ, പ്രസ്തുത വിവരം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് അജണ്ടയിൽ ഉൾക്കൊള്ളിക്കുകയും 27-5-2013-ലെ 91-ാം നമ്പർ തീരുമാന പ്രകാരം കാനപണി സൗത്ത് ഭവൻസ് റോഡിലേക്ക് മാറ്റി ചെയ്യുന്ന നടപടി സാധൂകരിക്കുന്നതിനായി കൗൺസിലിന്റെ പരിഗണനയ്ക്ക് ശിപാർശ ചെയ്യുകയും 24-7-2013-ൽ ചേർന്ന നഗരസഭാ കൗൺസിലിന്റെ 100-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തി സാധൂകരിച്ച് അംഗീകരിച്ച് നല്കിയെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി തുടർന്നറിയിച്ചു.

83. ജില്ലാ ആസൂത്രണ സമിതിയുടെയും വാർഡ് സഭയുടെയും അംഗീകാരമില്ലാതെ പ്രസ്തുത പ്രവൃത്തി എങ്ങനെയാണ് നടന്നതെന്നും ഏത് കാലയളവിൽ നടന്നതെന്നും സമിതി ആരാഞ്ഞതിന് 2007-08 കാലയളവിലാണ് ഇത് നടന്നതെന്നും ടി കാലത്ത് തനത് ഫണ്ടിൽ നിന്നും ചെയ്യുന്ന ജോലികൾക്ക് വാർഡ് സഭയുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരത്തിന് പോകുന്നില്ലായിരുന്നെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വിശദമാക്കി.

84. വാർഡ് സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റിക്കോ മുനിസിപ്പൽ കൗൺസിലിനോ തീരുമാനം എടുക്കാൻ അധികാരമുള്ളുവെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

85. മുൻകാലങ്ങളിൽ എല്ലാ മുനിസിപ്പാലിറ്റികളിലും തനത് ഫണ്ട് അവരുടെ സ്വന്തം നിലയ്ക്ക് ടെണ്ടർ ചെയ്ത് വർക്ക് എക്സിക്യൂട്ട് ചെയ്യുകയായിരുന്നെന്നും പിന്നീടാണ് അതിന് മാറ്റം വന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

86. എന്നാൽ ആ കാലഘട്ടത്തിലും പദ്ധതിയുടെ അടിസ്ഥാനത്തിൽ തന്നെയാണ് വർക്കുകൾ ചെയ്തിരുന്നതെന്നും ചെറിയ പ്രവൃത്തികൾ വരുമ്പോൾ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യാറുണ്ടെന്നും ഒരു പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുമ്പോൾ ആയത് അവിടെ ആവശ്യമില്ലെങ്കിൽ നിർത്തിവച്ച് അടുത്ത സ്ഥലത്ത് പുതിയ വർക്ക് ചെയ്യുവെന്ന് പറയുന്നത് ന്യായീകരിക്കാനാകില്ലെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

87. അളവ് പുസ്തക പ്രകാരം ചെയ്തു എന്നുപറഞ്ഞിരിക്കുന്ന പ്രവൃത്തി അവിടെ നടന്നിട്ടില്ലെന്നും വേറെ പ്രവൃത്തിക്കുവേണ്ടി മാറ്റി ചെയ്തിട്ടുണ്ടെന്നുള്ളത് എവിടെയും ചൂണ്ടികാണിച്ചിട്ടുമില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ (ഇൻ-ചാർജ്) സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

88. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൗൺസിലിന്റെ അനുമതിയോടുകൂടെ വേറെ സ്ഥലത്തേക്ക് മാറ്റി പ്രവൃത്തി നടത്തിയതെന്നും റിവൈസ് ചെയ്ത വർക്കിനാണ് ബില്ലിട്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ബോധ്യപ്പെടുത്തി.

89. ആദ്യത്തെ പ്രവൃത്തിക്കാണ് ബിൽ ഇട്ടിരിക്കുന്നതെന്നാണ് ഓഡിറ്റിൽ പറഞ്ഞിരിക്കുന്നതെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടികാട്ടിയപ്പോൾ രണ്ടാമത്തെ പ്രവൃത്തിക്കാണ് ബില്ലിട്ടിരിക്കുന്നതെന്നും പ്രസ്തുത ബിൽ കൗൺസിൽ അംഗീകാരവും വർക്ക്സ് കമ്മിറ്റിയുടെ അംഗീകാരവുമില്ലാതെ പേയ്മെന്റിന് പോയപ്പോഴാണ് ഓഡിറ്റ് തടസ്സം വന്നതെന്നും കൊച്ചി മുനിസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

90. എന്നാൽ അവിടെ റോഡ് ടാറിംഗും റീടാറിംഗും ഉണ്ടായിരുന്നെന്നും ഓഡിറ്റ് സ്ഥലപരിശോധനയ്ക്ക് വന്നപ്പോൾ ടാറിംഗ് നടന്നിട്ടില്ലായിരുന്നെന്നും ആയതിനാൽ ഇവിടെ പറഞ്ഞിരിക്കുന്ന ബിൽ നേരത്തെ ചെയ്ത വർക്കിന്റേതാണെന്നും സമിതിക്ക് ബോധ്യമായി.

91. വാർഡ് സഭയുടെയും ജില്ല ആസൂത്രണ സമിതിയുടെയും അംഗീകരമില്ലാതെ പണം വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഒരിക്കൽകൂടെ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.7

ആസ്തി രജിസ്റ്ററുകളുടെ പരിപാലനം

92. പാല, ചാവക്കാട്, ഇരിങ്ങാലക്കുട, കാഞ്ഞങ്ങാട്, തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊച്ചി, കൊടുങ്ങല്ലൂർ, ഗുരുവായൂർ, കുന്നംകുളം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നീ നഗരസഭകൾ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വലിയ വീഴ്ച വരുത്തുന്നതായി നിരീക്ഷിച്ച സമിതി ആയതിനുള്ള കാരണമാരാഞ്ഞു.

93. ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും നാളതീകരിക്കുന്നതിലും അനാസ്ഥ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നിലവിൽ വന്നതിനുശേഷം കാര്യങ്ങൾ കുറെക്കൂടി മെച്ചപ്പെട്ടെന്നും 2014 ആഗസ്റ്റ് മാസം വരെയുള്ള റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഭൂമിയുടെയും ആസ്തികളുടെയും പൊസിഷൻ രേഖപ്പെടുത്തിവച്ചിട്ടുള്ളത് പലയിടത്തും പൂർണ്ണമല്ലെന്നും എന്നാൽ 2013, 2014 വരെയുള്ള കണക്കുകൾ ഏകദേശം നാളതീകരിച്ചിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി വിശദമാക്കി.

94. എം. എൽ. എ. ഫണ്ടും എം. പി. ഫണ്ടും ഉപയോഗിച്ചുണ്ടാക്കുന്ന ആസ്തികൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്താൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ പുതിയതായിട്ടാണ് പ്രസ്തുത ഫണ്ട് വന്നതെന്നും ആയതും ഉൾപ്പെടുത്താൻ സാധിക്കുമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി പറഞ്ഞു.

95. 1-4-2012-ൽ തന്നെ ആസ്തി രജിസ്റ്റർ തയ്യാറാക്കി പബ്ലിഷ് ചെയ്യുകയും അതനുസരിച്ച് മെയിന്റനൻസ് ഫണ്ട് വിതരണം ചെയ്യണമെന്നുമാണ് നാലാം ധനകാര്യ കമ്മീഷന്റെ ശിപാർശയെന്നും ആസ്തി രജിസ്റ്ററുകൾ പബ്ലിഷ് ചെയ്യുന്നതനുസരിച്ച് മാത്രമേ ഓരോ സ്ഥാപനത്തിനും ആവശ്യമായ മെയിന്റനൻസ് ഫണ്ട് ലഭിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

96. എം. എൽ. എ./എം. പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുന്നതോടൊപ്പം ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.8

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

97. തിരുവനന്തപുരം, കൊച്ചി, പാലക്കാട് എന്നീ നഗരസഭകളിൽ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം. ബുക്കുകൾ, ലെവൽ ഫീൽഡ് ബുക്കുകൾ, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ, ഫയലുകൾ തുടങ്ങിയവയിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്ന പരാമർശം സംബന്ധിച്ച വിശദീകരണമാരാഞ്ഞതിന്, മരാമത്ത് പണികളുമായി ബന്ധപ്പെട്ട ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ എഞ്ചിനീയറിംഗ് സെക്ഷനിൽ ഡ്രോയിംഗ് വിഭാഗത്തിൽ സൂക്ഷിക്കുന്നുണ്ടെന്നും എം. ബുക്കുകൾ അസിസ്റ്റന്റ് എഞ്ചിനീയർമാരും ഫയലുകൾ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാരുമാണ് സൂക്ഷിക്കുന്നതെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

98. ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഓഡിറ്റ് പരാമർശം ഏത് വർഷത്തെയാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, 2007-08 വർഷത്തെയാണ് പ്രസ്തുത പരാമർശമെന്നും ഇപ്പോൾ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചു.

99. രജിസ്റ്ററിൽ വൗച്ചർ നമ്പർ രേഖപ്പെടുത്താത്തതുകാരണം പരിശോധിക്കുവാൻ സാധിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി കൊച്ചി കോർപ്പറേഷന്റെ വിശദീകരണം ആരാഞ്ഞതിന്, നിലവിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തുന്നുണ്ടെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു.

100. ബിറ്റുമിൻ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികളെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഒരു ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖാന്തിരമാണ് ബിറ്റുമിൻ വാങ്ങുന്നതെന്നും വാങ്ങിയശേഷം ബിറ്റുമിൻ രജിസ്റ്ററിൽ

രേഖപ്പെടുത്തുകയും വിതരണം ചെയ്യുമ്പോൾ ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തി ഇൻഡന്റ് ഇട്ടാണ് കൊടുക്കുന്നതെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

101. ബിറ്റുമിൻ വാങ്ങുന്നതിലേക്കായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇൻവോയിസ് വാങ്ങി തുക അടച്ചശേഷം ആവശ്യാനുസരണം ബിറ്റുമിൻ വാങ്ങി അതത് സോണൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ ബന്ധപ്പെട്ട ഫയലിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തി വിതരണം ചെയ്യുന്നുവെന്നും ആയതിനാൽ കണക്കുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ നിന്നും സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമാണെന്നും കൊച്ചി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് വിശദമാക്കി.

102. ടെണ്ടർ സ്വീകരിക്കുന്ന തീയതി രേഖപ്പെടുത്തി ബന്ധപ്പെട്ട ഏജൻസിക്ക് ഓർഡർ കൊടുത്ത് ബിറ്റുമിൻ വാങ്ങി രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് വിതരണം ചെയ്യുന്നതെന്നും നിലവിൽ കാര്യങ്ങൾ നല്ലരീതിയിൽ നടക്കുന്നതായും പാലക്കാട് മുനിസിപ്പൽ സെക്രട്ടറി വിശദമാക്കി.

103. പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ചട്ടം അനുശാസിക്കും പ്രകാരം സൂക്ഷിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് ഖണ്ഡിക 3.2.9

കണക്ടിവിറ്റി പ്ലാൻ

104. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, ഹൈവേകൾ, ജില്ലാ റോഡുകൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ പാല, ഇരിങ്ങാലക്കുട, തിരുവനന്തപുരം, കോട്ടയം, ചങ്ങനാശ്ശേരി, കൊച്ചി, ചാലക്കുടി, ചാവക്കാട്, ഗുരുവായൂർ, കുന്നംകുളം, തൃശ്ശൂർ, തലശ്ശേരി, ആലപ്പുഴ, ആലുവ എന്നീ നഗരസഭകൾ യാതൊരു പ്രാധാന്യവും നൽകുന്നില്ലെന്ന് സമിതി വിലയിരുത്തി. ആയതിൽതന്നെ കണക്ടിവിറ്റി പ്ലാൻ തങ്ങൾക്ക് ബാധകമല്ലെന്ന ഗുരുവായൂർ നഗരസഭയുടെ മറുപടി സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞു.

105. എന്തടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു മറുപടി നൽകിയതെന്നറിയില്ലായെന്നും കണക്ടിവിറ്റി പ്ലാൻ ഗുരുവായൂർ നഗരസഭയ്ക്കും ബാധകമാണെന്നും അടുത്ത കൗൺസിലിൽതന്നെ ആയത് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

106. സർക്കാർ നിർദ്ദേശപ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയത് പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് സർക്കാർ ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.10

റോഡ് ചെയിനേജ് രേഖപ്പെടുത്തൽ—സർക്കാർ ഉത്തരവ് നടപ്പാക്കിയില്ല

107. മുൻ ഖണ്ഡികയിൽ പരാമർശവിധേയമായ നഗരസഭകൾ തന്നെയാണ് ചെയിനേജ് രേഖപ്പെടുത്തൽ സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കാത്തതെന്ന് നിരീക്ഷിച്ച സമിതി ആയതിനുള്ള വിശദീകരണമാരാഞ്ഞു.

108. പരാമർശവിധേയമായ നഗരസഭകളെല്ലാംതന്നെ നിലവിൽ റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രദ്ധിക്കുന്നുണ്ടെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

109. വീതി കുറഞ്ഞ റോഡുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്ന കല്ലുകളിടുന്നത് ഗതാഗത ബുദ്ധിമുട്ടുണ്ടാക്കുമെന്നും ആയതിനാൽ അത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചാൽ നന്നായിരിക്കുമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

110. കൊച്ചി കോർപ്പറേഷനാണ് ഇങ്ങനെയൊരു മറുപടി നൽകിയിരിക്കുന്നതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ്ജ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

111. ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടെന്നും വ്യക്തമായി ചെയിനേജ് രേഖപ്പെടുത്താൻ നിർദ്ദേശം നൽകാമെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി. വീതി കുറഞ്ഞ റോഡുകളിൽ ഇത്തരത്തിൽ കല്ലുകൾ സ്ഥാപിക്കുമ്പോൾ ഗതാഗത തടസ്സമുണ്ടാകുന്നുണ്ടെന്നും ആയതിന്റെ പ്രായോഗികബുദ്ധിമുട്ടുകൾ നഗരസഭകൾ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും ഇത്തരം കല്ലുകൾ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ നാട്ടുകാരിൽ നിന്നും നിരുത്സാഹപ്പെടുത്തുന്ന സമീപനമാണുണ്ടാകാറുള്ളതെന്നും എങ്കിലും ഓരോ റോഡിനും നെയിം ബോർഡുകൾ വച്ചിരിക്കുമെന്നും കൊച്ചി കോർപ്പറേഷൻ നൂറ് ശതമാനവും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

112. ചെയിനേജ് പ്രദർശിപ്പിക്കണമെന്നതിന്റെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന്, 2010-ലെ സർക്കാർ നിർദ്ദേശപ്രകാരം കൃത്യമായ ദൂരം കാണിക്കുന്ന കി.മീ./ഹെക്ടർ മീ. കല്ലുകൾ സ്ഥാപിക്കണമെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംരക്ഷണത്തിലുള്ള റോഡുകളിൽ സംരക്ഷണ ചുമതലയുള്ള സ്ഥാപനങ്ങളുടെ പേരും റോഡുകളുടെ പേരും കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തണമെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

113. ഗ്രാമപഞ്ചായത്തിന്റെ റോഡുകൾ പലതും വീതിയും നീളവും കുറഞ്ഞ ചെറിയ റോഡുകളാണെന്നും ഇവയിൽ ചെയിനേജ് കല്ലുകൾ സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടെന്നും സമിതി വിലയിരുത്തി.

114. ചെയിനേജ് രേഖപ്പെടുത്തൽ സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

115. റിപ്പോർട്ട് ലഭിച്ചാൽ ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കാമെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

ഖണ്ഡിക 3.2.11

സാങ്കേതികാനുമതി—മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നു

116. 2013-14 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ സാങ്കേതികാനുമതി, നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മുനിസിപ്പൽ ലെവൽ സാങ്കേതിക കമ്മിറ്റി സബ്ഗ്രൂപ്പുകൾ ഇപ്പോൾ നിലവിലില്ലെന്നും ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.12

മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളുടെ ലംഘനം

117. ആലുവ, തിരുവല്ല, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, തലശ്ശേരി എന്നീ നഗരസഭകളിൽ മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ വ്യാപകമായി ലംഘിക്കപ്പെടുന്നതായി നിരീക്ഷിച്ച സമിതി ആയതിനുള്ള വിശദീകരണമാരാഞ്ഞു.

118. കഴിഞ്ഞ മൂന്ന് വർഷമായി ചട്ടപ്രകാരം കാര്യങ്ങൾ ചെയ്യുന്നതായി ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറി വെളിപ്പെടുത്തി. നേരത്തെയുള്ള ചട്ടലംഘനത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പൊതുമരാമത്ത് പണിയെ സംബന്ധിച്ച് പഞ്ചായത്ത്/നഗരസഭ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പണിനടക്കുന്ന വിവരം വാർഡ് സഭയുടെ അറിവിലേക്കായി വയ്ക്കേണ്ടതുമാണ് എന്ന ചട്ടം ലംഘിക്കുന്നു എന്ന പരാമർശം 2007-08 വർഷത്തേതാണെന്നും നിലവിൽ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ അതത് സ്ഥലത്ത് സ്ഥാപിക്കുന്നുണ്ടെന്നും ചെയർമാൻ തന്നെ ഇക്കാര്യം വാർഡ് സഭാ യോഗങ്ങളിൽ വിശദീകരിക്കുകയും വാർഡ് കൗൺസിലർമാർ പ്രവൃത്തിയെ സംബന്ധിച്ച് വാർഡ് സഭാ യോഗങ്ങളിൽ വിശദീകരിക്കുന്നുമുണ്ടെന്ന് ആലുവ നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

119. തിരുവനന്തപുരം നഗരസഭയുമായി ബന്ധപ്പെട്ട, ടെണ്ടർ പ്രവൃത്തികളിൽ മത്സരം ഉറപ്പുവരുത്താതിരിക്കുക, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ

ഏക ടെണ്ടർ ചട്ടവിരുദ്ധമായി അംഗീകരിക്കുക, എക്സസ്/എക്സ്ട്രാ ഇനങ്ങളുണ്ടെങ്കിലും പുതുക്കിയ ഭരണ സാങ്കേതികാനുമതികൾ യഥാസമയം വാങ്ങാതിരിക്കുക, പ്രവൃത്തിയുടെ വിശദാംശങ്ങൾ പണിസ്ഥലത്ത് എഴുതി പ്രദർശിപ്പിക്കാതിരിക്കുക എന്നിങ്ങനെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, തിരുവനന്തപുരം നഗരസഭയുടെ 2011-12 വർഷത്തെ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് 2010-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമാണെന്നും എന്നാൽ പദ്ധതി ടെണ്ടർ നടപടികൾ സ്വീകരിച്ച അവസരത്തിൽ 2011-ലെ ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വരികയുണ്ടായെങ്കിലും പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് വീണ്ടും തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം യഥാസമയം വാങ്ങി മാർച്ച് 31-നുമുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കുക അസാധ്യമായിരുന്നെന്നും ആയതിനാൽ നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് പ്രകാരം 2010-ലെ ഷെഡ്യൂൾ നിരക്കിന്മേൽ 15 ശതമാനംവരെ വർദ്ധനവ് വരുത്തിക്കൊണ്ടാണ് 2011-ലെ എസ്റ്റിമേറ്റ് നിരക്കുകൾ നിലവിൽ വന്നതെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

120. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ ടെണ്ടർ നിരക്ക് നൽകുവാൻ സാധ്യമല്ലാത്തതിനാൽ 2011-ലെ ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കോ അതിൽ കുറഞ്ഞ നിരക്കോ മാത്രമേ നൽകിയിട്ടുള്ളുവെന്നും ടെണ്ടർ നടപടികളിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് നഗരസഭ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതെന്നും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറുകൾ നഗരസഭ അംഗീകരിക്കാറില്ലെന്നും എക്സസ്/എക്സ്ട്രാ ഇനങ്ങളുണ്ടെങ്കിൽ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയതിന് ശേഷമാണ് പ്രവൃത്തികൾ നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് പണിസ്ഥലത്ത് എഴുതി പ്രദർശിപ്പിക്കുന്നതും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

121. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ഷെഡ്യൂൾ റിവിഷൻ വന്നാലും ടെണ്ടർ നടപടികൾ എങ്ങനെയാണ് മുന്നോട്ടുപോയത് എന്ന സമിതിയുടെ ചോദ്യത്തിന് ടെണ്ടർ നടപടി നടക്കുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരം 15 ശതമാനം വരെ വർദ്ധിപ്പിക്കുകയോ 2012-ലെ ഷെഡ്യൂൾ നിരക്കിലാക്കുകയോ ചെയ്യാമെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു.

122. ആയത് സംബന്ധിച്ച് സമിതി ഓഡിറ്റിന്റെ അഭിപ്രായം ആരാഞ്ഞതിന്, പൊതുവായി കണ്ടുവരുന്ന ഒരു അപാകമാണിതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ് മറുപടി പറഞ്ഞു.

123. അധിക നിരക്ക് കൊടുക്കുന്നത് പരമാവധി 15 ശതമാനം വരെയാകാമെന്നാണ് ഉത്തരവുള്ളതെന്നും എസ്റ്റിമേറ്റുണ്ടാക്കി ടെണ്ടർ ചെയ്യുന്നതിനുമുമ്പ് നിരക്ക് മാറിയിട്ടുണ്ടെങ്കിൽ ആയത് മാറ്റാമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരിക്കൽ ടെണ്ടർ ചെയ്തുകഴിഞ്ഞാൽ മാറ്റാൻ പാടില്ലായെന്നാണ് നിയമമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

124. ടെണ്ടർ നടപടികളിൽ പഴയ ഷെഡ്യൂൾ കൊടുക്കുകയും എന്നാൽ അധികരിച്ച് കൊടുക്കാമെന്നുള്ളത് ടെണ്ടർ നടപടിയിലോ മറ്റ് നോട്ടിഫിക്കേഷനിലോ ഇല്ലാതിരിക്കുകയു മാണെന്നും അധികരിച്ച് നൽകിയിരുന്നെങ്കിൽ വേറെയും ആളുകൾ അപേക്ഷിക്കുമായി രുന്നുവെന്നും സമിതി നിരീക്ഷിച്ചു.

125. എ 1 നോട്ടിഫൈ ചെയ്തുവരുമ്പോൾ 5 ശതമാനം കൂടിനിൽക്കുകയാണെങ്കിൽ ഒരു റീ-ടെണ്ടർ പോകുന്നതിന് 6 മാസത്തോളം കാലതാമസമെടുക്കുമെന്നും ആയതിനാൽ കമ്മിറ്റി കൂടി പരിശോധിച്ച് 15 ശതമാനം വരെ അധികമായി നൽകാമെന്നും എന്നാൽ ഇതൊന്നും ടെണ്ടർ വ്യവസ്ഥയിൽ പറയാൻ കഴിയില്ലെന്നും എ 1 വന്നുകഴിഞ്ഞിട്ടാണ് ആയത് ബാധകമാക്കുന്നതെന്നും എന്നാൽ ഇത് നോട്ടിഫിക്കേഷന്റെ കോപ്പിയാക്കിയിരുന്നെങ്കിൽ കൂടുതൽ കോമ്പറ്റീഷൻ ലഭിക്കുമായിരുന്നെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

126. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തിരുവല്ല നഗരസഭ സ്വീകരിച്ച നടപടികൾ എന്താണെന്ന സമിതിയുടെ ചോദ്യത്തിന്, എല്ലാ പ്രവൃത്തികൾക്കും ഒരുമിച്ച് ഡി.പി.സി. അംഗീകാരം ലഭിക്കുന്നതുകൊണ്ട് എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യുന്നതും മറ്റ് നടപടികൾ സ്വീകരിക്കുന്നതും ഒരുമിച്ചാണെന്നും ആയതിനാലാണ് പ്രത്യേകിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കാതിരുന്നതെന്നും അടുത്ത വർഷം മുതൽ എല്ലാ പ്രവൃത്തികളും മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നും തിരുവല്ല മുനിസിപ്പാലിറ്റി സൂപ്രണ്ട് മറുപടി പറഞ്ഞു.

127. പ്രവൃത്തികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സമിതി ആരാഞ്ഞതിന്, ഒരു വർഷത്തിനകം തീരുന്ന പ്രവൃത്തികളായതിനാൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തികൾ ചെയ്യാൻ സാധിക്കൂ എന്നും അടിസ്ഥാന സൗകര്യ വികസനത്തിനാണ് മുൻഗണന നൽകുന്നതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു.

128. പൊതുമരാമത്ത് ചട്ടങ്ങളിൽ മുൻഗണനാക്രമം നിശ്ചയിക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ്ജ് അറിയിച്ചു.

129. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ്ജിന്റെ അഭിപ്രായത്തോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ടുപയോഗിച്ച്

കൃത്യമായി അലോക്കേഷൻ വച്ചാണ് പ്രവൃത്തികൾ ചെയ്യുന്നതെന്നും ഒരേ സീസണിൽ തന്നെ എല്ലാ പ്രവൃത്തികൾക്കും മുൻഗണന നൽകിക്കൊണ്ട് തീർക്കേണ്ടതാണെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

130. സമയബന്ധിതമായി മരാമത്ത് പണി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, റൂളിലെ വ്യവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാറുണ്ടെന്നും പ്രവൃത്തിക്ക് കാലതാമസം വന്നാൽ ബില്ലിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുകയും പണി നടത്തിയില്ലെങ്കിൽ ടെർമിനേറ്റ് ചെയ്ത് റിസ്ക് & കോസ്റ്റിൽ പ്രവൃത്തി ക്രമീകരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

131. റിസ്ക് ആന്റ് കോസ്റ്റ് വളരെ അപൂർവ്വമായിമാത്രം ചെയ്യാറുള്ളതാണെന്നും പലയിടത്തും പാർട്ട്-ബിൽ കൊടുത്തശേഷം പ്രവൃത്തി ഉപേക്ഷിക്കുന്ന രീതിയുണ്ടെന്നും സമിതി വിലയിരുത്തി.

132. കോഴിക്കോട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഏക ടെണ്ടർ പുനർലേലം ചെയ്ത് പിന്നെയും ഒന്നിലധികം ടെണ്ടർ കിട്ടിയില്ലെങ്കിൽ മാത്രമേ കൗൺസിലിൽ വയ്ക്കാറുള്ളൂവെന്നും എസ്റ്റിമേറ്റ് നിരക്കിൽ വരുന്ന ഏക ടെണ്ടറാണെങ്കിൽ പുനർലേലം ചെയ്താലും അതിനെക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിക്കാൻ സാധ്യതയില്ല എന്നുള്ള ശിപാർശയുണ്ടെങ്കിൽ മാത്രമേ കൗൺസിൽ അംഗീകരിക്കുകയുള്ളൂവെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

133. പെരുമ്പാവൂർ നഗരസഭയിലെ വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് ഇടഭിത്തി കെട്ടുന്നതിനുള്ള പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയശേഷം കുറച്ച് പണികൾ മാത്രം പൂർത്തീകരിച്ച് അവശേഷിച്ച തുക മുനിസിപ്പൽ കെട്ടിടത്തിന് മുകളിൽ സ്റ്റോർ റൂം/റെക്കോർഡ് റൂം പണിയുന്നതിന് കൗൺസിൽ തീരുമാനമെടുത്തത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 6 (1) ലംഘിച്ചാണെന്നും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കൂടുതൽ അളവിൽ പ്രവൃത്തി നടത്തി പിന്നീട് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയെടുത്തത് ശ്രദ്ധയിൽപ്പെട്ട സമിതി ആയതിന്മേലുള്ള വിശദീകരണമാരാഞ്ഞു.

134. പുതുക്കിയ എസ്റ്റിമേറ്റിനുള്ള അനുമതി വാങ്ങിയിരുന്നതായും ഭരണാനുമതിക്കുള്ള തുകയ്ക്കാണ് പ്രവൃത്തി ചെയ്തിരുന്നതെന്നും പെരുമ്പാവൂർ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

135. ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകുമ്പോൾ പ്രസ്തുത തുകവച്ച് മറ്റുകാര്യങ്ങൾ ചെയ്യുന്നത് ഗുരുതരമായ പ്രശ്നമാണെന്നും പെരുമ്പാവൂർ നഗരസഭയിലെ പ്രശ്നത്തിനുത്തരവാദിയായവരെ കണ്ടെത്താമെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

136. ഓഡിറ്റ് പരാമർശിച്ചിട്ടുള്ളതും ഇനിയും പരിഹരിക്കപ്പെടാത്തതുമായ വിഷയങ്ങൾ പൂർണ്ണമായും പുതിയ സംവിധാനത്തിലൂടെ പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.13

കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയില്ല

137. കരാർ വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കുന്നതിന് ഗുണഭോക്താക്കളുടെ കമ്മിറ്റികൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോൾ പാലാ, ചങ്ങനാശ്ശേരി, ആലുവ, കൊച്ചി, പാലക്കാട്, വടകര തുടങ്ങിയ നഗരസഭകൾ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച വിശദീകരണമാരാഞ്ഞതിന്, ഗുണഭോക്തൃ സമിതിയുടെ മോണിറ്ററിംഗ് നല്ല കാര്യമാണെങ്കിലും ആയത് സംബന്ധിച്ച് പൊതുവായ ഒരു കാഴ്ചപ്പാടുണ്ടെന്നും സംസ്ഥാനത്തുടനീളം നിഷ്പക്ഷമായ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് കൂടി ഉണ്ടായിരുന്നെങ്കിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും ഇക്കാര്യത്തിൽ ഉണ്ടാകുമായിരുന്നെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

138. പ്രധാനമന്ത്രി സഡക്ക് യോജനയിൽ ഇത്തരത്തിലുള്ള ഒരു മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

139. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രവൃത്തികളിലും ധാരാളം ആക്ഷേപങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഖണ്ഡിക 3.2.14

റോഡ് പ്രവൃത്തികളിലെ മോണിറ്ററിംഗ്

140. തിരുവനന്തപുരം, കൊച്ചി, തലശ്ശേരി നഗരസഭകളിൽ റോഡ് പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ലായെന്ന് സമിതി നിരീക്ഷിച്ചു.

141. മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അതേ തരത്തിലുള്ള വിഷയമാണിതെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

142. ഇവിടെയും ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഖണ്ഡിക 3.2.15

ഡ്രെയിനേജ് സംവിധാനം

143. റോഡുകളുടെ ഈടിനും ഉറപ്പിനും ഡ്രെയിനേജ് അനിവാര്യമാണെന്നും റോഡുകൾക്ക് നിർദ്ദിഷ്ട വീതിയിലും ആഴത്തിലും ഇരുഭാഗത്തും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താത്തതുമൂലം റോഡുകളുടെ അറ്റകുറ്റപ്പണിക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതായി സമിതി നിരീക്ഷിച്ചു.

144. കുടിവെള്ളത്തിനും മറ്റു കാര്യങ്ങൾക്കുംവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യംപോലുമില്ലാത്ത അവസ്ഥയിൽ ഡ്രെയിനേജ് സംവിധാനം കൂടി വന്നാൽ അത് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുമെന്നും ടി പ്രശ്നത്തിന് എന്താണ് പരിഹാരം നിർദ്ദേശിക്കാനുള്ളതെന്നും സമിതി ആരാഞ്ഞതിന്, സൗകര്യപ്രദമായ സ്ഥലങ്ങളിൽ ഡ്രെയിനേജ് സംവിധാനം കൊണ്ടുവരാവുന്നതാണെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

145. സമാന്തരമായി കമ്പിക്കുട്ടുകൾ ഉപയോഗിച്ച് സ്ലാബ് വാർത്തതിനുശേഷം ആയത് റോഡാക്കി ഉപയോഗിക്കുന്നു. ഗുണഭോക്താക്കളിൽനിന്ന് സ്ഥലം ഏറ്റെടുക്കാതെ വലിയ തുക ചെലവാക്കി നഗരസഭകളുടെ അഴുക്കുചാലുകൾ റോഡാക്കി ഉപയോഗിക്കുന്നത് സാമ്പത്തിക നഷ്ടത്തിനും അപകടങ്ങൾക്കും ഇടയാക്കുമെന്ന് സമിതി വിലയിരുത്തി. നിലവിലെ രീതി തുടരുന്നത് തന്നെയായിരിക്കും സ്ഥലം ഏറ്റെടുത്ത് ചെയ്യുന്നതിനെക്കാൾ നല്ലതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. റോഡരികിലൂടെ ജനങ്ങൾക്ക് നടന്നുപോകണമെങ്കിൽ ഓടകൾക്ക് സ്ലാബിടേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു.

146. റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓടകൾക്ക് സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൂടി അതിൽ ഉൾപ്പെടുത്തണമെന്നും റോഡ് നിർമ്മാണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഖണ്ഡിക 3.2.16

അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗശൂന്യമായ റോഡുകളും പാലങ്ങളും

147. കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗശൂന്യമായ പനങ്കാവ് തൂക്കുപാലം നിലവിലുണ്ടെന്ന് സമിതി നിരീക്ഷിച്ചു. പ്രദേശവാസികളുടെ സമ്മതത്തോടെയാണ് പാലത്തിന്റെ പണി

ആരംഭിച്ചതെങ്കിലും പിന്നീടവർ സ്ഥലം വിട്ടുതരാതിരുന്നതിനാൽ പണി തുടരാൻ കഴിഞ്ഞില്ലായെന്ന് കാഞ്ഞങ്ങാട് മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പുതന്നെ പ്രദേശവാസികളിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നതിനുള്ള സമ്മതപത്രം വാങ്ങേണ്ടതായിരുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടി. കൗൺസിലർ ജനങ്ങളുമായി നിരന്തര ചർച്ചകൾ നടത്തിയതിന്റെ ഫലമായി സ്ഥലം വിട്ടുതരാമെന്ന് അവർ സമ്മതിക്കുകയും ആയതിന്റെ വെളിച്ചത്തിൽ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചതായും കാഞ്ഞങ്ങാട് മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ജനങ്ങളുടെ സമ്മതം ലഭിച്ചതെന്നാണെന്നും അവരിൽ നിന്നും സമ്മതപത്രമോ സറണ്ടർ ഫോമോ എന്തെങ്കിലും എഴുതി വാങ്ങിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, സമ്മതം ലഭിച്ചിട്ട് രണ്ട് മാസമായെന്നും ഇപ്പോൾ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കാഞ്ഞങ്ങാട് മുനിസിപ്പൽ സെക്രട്ടറി വിശദമാക്കി.

148. ഇൗക്കുപാലത്തെ സംബന്ധിച്ച് സ്ഥലം വിട്ടുകിട്ടുന്നതിന് മേയ് മാസം അവസാനം സമ്മതം ലഭിച്ചപ്പോൾ ജൂൺ മാസത്തിൽത്തന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും എന്നാൽ രണ്ടുമാസം കഴിഞ്ഞിട്ടും നടപടി തുടങ്ങാൻ പോകുന്നു എന്നാണ് പറയുന്നതെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി കുറ്റപ്പെടുത്തി. പനങ്കാവ് ഇൗക്കുപാലം ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തി പ്രസ്തുത വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.18

കരാറുകാർ ഒത്തുകളിക്കുന്നു ; ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല

149. ആലപ്പുഴ, ചാലക്കുടി, ചാവക്കാട്, ഇരിങ്ങാലക്കുട, തൃശ്ശൂർ തുടങ്ങിയ നഗരസഭകൾ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങളിലെ വിവിധ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ലെന്ന് നിരീക്ഷിച്ച സമിതി, ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ വിളിക്കുന്നതിനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ആരാഞ്ഞു.

150. മത്സരാധിഷ്ഠിത ടെണ്ടറുകൾ വിളിക്കുന്നതിനും മതിയായ പത്രപ്പരസ്യം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും കൂടാതെ ഇ-ടെണ്ടർ സംവിധാനം നിലവിൽ വന്നതിനാൽ ടെണ്ടറുകൾക്ക് ഒരു മത്സരസ്വഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇ-ടെണ്ടർ സംവിധാനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 3.2.19

സംരക്ഷണ ഗ്രാന്റ് അപര്യാപ്തം

151. സർക്കാർ ഉത്തരവുകൾ പാലിക്കാതെ പദ്ധതികൾ നടപ്പിലാക്കുകയും പിന്നീട് വകമാറ്റി ചെലവഴിച്ചതിന് സാധൂകരണത്തിനായി സർക്കാരിനെ സമീപിക്കുകയും ചെയ്യുന്ന പ്രവണത ഉചിതമാണോ എന്ന സമിതിയുടെ ചോദ്യത്തിന്, 2009-10 വർഷത്തിൽ 1,45,000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കൗൺസിലിന്റെ തീരുമാനപ്രകാരം ഡി.പി.സി.യുടെ അംഗീകാരത്തോടെ കൗൺസിൽ ഹാളിലെ ഓഡിയോ സിസ്റ്റം അറ്റകുറ്റപ്പണിക്കായി ഉപയോഗിച്ചിട്ടുണ്ടെന്നും അതേവർഷംതന്നെ കൈമാറിക്കിട്ടിയ സാധനങ്ങളുടെ അറ്റകുറ്റപ്പണിക്കായി 67 ലക്ഷത്തിൽപ്പരം രൂപ ചെലവ് ചെയ്തിട്ടുണ്ടെന്നും ആയത് 4 ശതമാനത്തിൽ കുറവാണെന്നും ചാലക്കുടി മുനിസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. നോൺ-റോഡ് ഫണ്ടാണെങ്കിൽ തുക വകമാറ്റിയെന്ന് പറയാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

152. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിന് മതിയായ ഗ്രാന്റ് സർക്കാർ നൽകണമെന്ന് ശിപാർശ നൽകാനും ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി തീരുമാനിച്ചു.

ഖണ്ഡിക 3.2.20

എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം

153. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും സർക്കാരിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 3.2.23—**നിഗമനങ്ങൾ**

ഖണ്ഡിക 3.2.24—**ശിപാർശകൾ**

154. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിഗമനങ്ങൾ വളരെ ഗൗരവമേറിയതും അടിയന്തര ശ്രദ്ധയും നടപടിയും ആവശ്യമുള്ളതാണെന്നും ആയതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് അഭിമുഖീകരിക്കുന്നതും ഉന്നയിച്ചിട്ടുള്ളതുമായ അപാകങ്ങളും വീഴ്ചകളും പരിഹരിക്കുന്നതിനായി ഓഡിറ്റ് നിർദ്ദേശിച്ച ശിപാർശകൾ പ്രകാരമുള്ള നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിച്ചു.

സമിതിയോഗം ആവശ്യപ്പെട്ടതിൻ പ്രകാരം മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയെ സംബന്ധിച്ച് സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമർപ്പിച്ച അധികവിവരങ്ങൾ ചുവടെ ചേർക്കുന്നു:

	ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട സ്ഥാപനം	വിഷയം	മറുപടി
	1	2	3	4	5
155.	1	3.2.6(2)	ചാവക്കാട് നഗരസഭ	അവലോകന റിപ്പോർട്ട് വാർഡ്സഭയിൽ അവതരിപ്പിക്കുന്നില്ല	മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനോടൊപ്പം നിർവ്വഹണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ വാർഡ്സഭയിൽ അവതരിപ്പിക്കേണ്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് വാർഡ്സഭയുടെ അംഗീകാരം വാങ്ങുന്നതിന് കഴിയാതിരുന്നത്. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പുലർത്തുകയും റോഡു നിർമ്മാണ സംരക്ഷണ പ്രവൃത്തികളുടെ അവലോകന റിപ്പോർട്ട് വാർഡ്സഭകളിൽ ചർച്ച ചെയ്ത് അംഗീകാരം നേടുകയും ചെയ്തുവരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ വാർഡ് സഭകളിൽ പങ്കെടുക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും പങ്കെടുക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങുന്നതുമാണ്.
156.	2	3.2.6(4)	കൊച്ചി കോർപ്പ-റേഷൻ	വാർഡ് സഭാ അംഗീകാരവും ജില്ലാ ആസൂത്രണസമിതി അംഗീകാരവുമില്ലാതെ പ്രവൃത്തി നടത്തി.	കൊച്ചി നഗരസഭയിൽ തനത്ഫണ്ട് ഉപയോഗിച്ച് വാർഡുതലത്തിലുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട വാർഡ് സഭായോഗ തീരുമാന പ്രകാരമാണ് നടത്തിവരുന്നത് എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച രേഖാമൂലമുള്ള വിവരങ്ങൾ ഇപ്പോൾ പ്രദർശിപ്പിച്ചുവരുന്നു. വാർഡ് സഭാ

1	2	3	4	5
				തീരുമാനങ്ങളിൽ മാറ്റം വരുത്താതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതിനായി കൗൺസിലർ, കോ-ഓർഡിനേറ്റർ എന്നിവർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള 33-ാം ഡിവിഷനിലെ ഗ്രീൻ റിപ്പിൾ റോഡിൽ റീ-ടാറിംഗ് നടത്തിയ സമയത്ത് അവിടെ കാന ആവശ്യമില്ലെന്ന് കാണുകയും ടി പണികൾ ചെയ്യുന്ന സമയത്ത് ഭാവൻസ് സ്കൂളിന് തെക്കുവശമുള്ള റോഡിലെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഡിവിഷൻ കൗൺസിലറുടെയും നാട്ടുകാരുടെയും ആവശ്യപ്രകാരം ബന്ധപ്പെട്ട ഫയൽ പ്രകാരമുള്ള കാനയും സ്ലാബും ഭാവൻസ് സൗത്ത് റോഡിൽ നിർമ്മിക്കുകയുമാണ് ചെയ്തതെന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് മാറ്റി വേല ചെയ്തതിന് വർക്സ് കമ്മിറ്റിയുടെ 27-5-2013-ലെ 91-ാം നമ്പർ തീരുമാനം, 24-7-2013-ൽ ചേർന്ന നഗരസഭാ കൗൺസിലിന്റെ 100-ാം നമ്പർ തീരുമാനം എന്നിവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പ് ചട്ടങ്ങൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ച ഒരു പ്രവൃത്തി സൈറ്റ് മാറ്റി

	1	2	3	4	5
					ചെയ്യുമ്പോൾ വീണ്ടും പുതിയ സൈറ്റ് സന്ദർശിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷമേ ചെയ്യാവൂ. എന്നാൽ ഇവിടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ഗ്രീൻ റിപ്പിൾ റോഡിൽ റീ-ടാറിംഗ് മാത്രമേ നടത്തിയിട്ടുള്ളൂവെന്നും കാനപണി നടത്തിയിട്ടില്ലെന്നും ബോദ്ധ്യപ്പെട്ടു. പണി പൂർത്തിയായി തുക നൽകി 2 വർഷം കഴിഞ്ഞ് സൈറ്റ് മാറ്റി പ്രവൃത്തി ചെയ്യുന്നതിന് കൗൺസിൽ അംഗീകാരം വാങ്ങിയ നടപടി സാധൂകരിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.
157.	3	3.2.7	വിവിധ നഗരസഭകൾ	ആസ്തികളുടെ പരിപാലനം	കോട്ടയം: ആസ്തി രജിസ്റ്റർ പൂർത്തിയാക്കുന്നതിന് അസി. എഞ്ചിനീയറുടെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. കാസർഗോഡ് : ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി പൂർത്തീകരിച്ചിട്ടില്ല. ചങ്ങനാശ്ശേരി : ആസ്തി രജിസ്റ്ററിലെ അപാകതകൾ നിലനിൽക്കുന്നു. ഡിജിറ്റലൈസ് ചെയ്ത ആസ്തി രജിസ്റ്ററിന് കൗൺസിൽ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ആലപ്പുഴ : ഡിജിറ്റൽ രൂപത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

1	2	3	4	5
				പാല: ഡിജിറ്റൽ രൂപത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. 24-8-2008-ലെ 55178/എഫ്.എം3/08/തസ്വഭവ. നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം പുറമ്പോക്കുഭൂമി തിട്ടപ്പെടുത്തി വേലി കെട്ടി ഉടമസ്ഥാവകാശം സംബന്ധിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല. ആലുവ : ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡിജിറ്റലൈസ് ചെയ്യുകയോ റോഡുകളുടെ കണക്റ്റിവിറ്റി പ്ലാൻ സൂക്ഷിക്കുകയോ ഉണ്ടായിട്ടില്ല. തലശ്ശേരി : ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുകയും വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. റോഡുകളുടെ കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുവാനും ഓരോ റോഡിന്റെയും പേര്, നീളം എന്നിവ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ : ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തെങ്കിലും മാനദണ്ഡങ്ങളനുസരിച്ച് ഫോറങ്ങൾ പൂരിപ്പിച്ചിട്ടില്ല. റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ല. പാലക്കാട് : ആസ്തി രജിസ്റ്ററിന്റെ സോഫ്റ്റ് കോപ്പിയിൽ ആസ്തികൾ, ലഭ്യമായ സ്ഥലങ്ങൾ എന്നിവയുടെ പൂർണ്ണമായ വിവരവും റോഡുകളുടെ കണക്റ്റിവിറ്റി പ്ലാനും ഉൾപ്പെടുത്തിയിട്ടില്ല.

1	2	3	4	5
				<u>കാഞ്ഞങ്ങാട്</u> : ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. 31-3-2014 വരെയുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. <u>തിരൂർ</u> : ആസ്തി രജിസ്റ്റർ അപൂർണമാണ്. അപാകങ്ങൾ പരിഹരിച്ചിട്ടില്ല. <u>ചാവക്കാട്</u> : ആസ്തി രജിസ്റ്ററിന്റെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനും റോഡുകളിൽ കിലോമീറ്റർ ഹെക്ടോമീറ്റർ കല്ലുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. <u>ഇരിങ്ങാലക്കുട</u> : എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഉൾപ്പെടെ സൃഷ്ടിക്കപ്പെടുന്ന എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. <u>നെയ്യാറ്റിൻകര</u> : ആസ്തി രജിസ്റ്ററിന്റെ ഇ-കോപ്പി തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല. <u>നെടുമങ്ങാട്</u> : ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ചുവരുന്നു. <u>ആറ്റിങ്ങൽ</u> : ആസ്തി രജിസ്റ്റർ കാലികമല്ല. <u>വർക്കല</u> : ആസ്തി രജിസ്റ്റർ കാലികമല്ല. <u>കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാവക്കാട്, ഗുരുവായൂർ, കുന്നംകുളം</u> : ആസ്തി രജിസ്റ്ററുകൾ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

1	2	3	4	5
				കൊച്ചി കോർപ്പറേഷൻ : ആസ്തി രജിസ്റ്റർ കാലികമാക്കിയതായി അധികൃതർ അറിയിച്ചെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കോഴിക്കോട് കോർപ്പറേഷൻ : ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. കെട്ടിടങ്ങൾ, കൾവർട്ടുകൾ, പാലങ്ങൾ എന്നിവയുടെ ആസ്തി രജിസ്റ്ററുകളിൽ അവ നിർമ്മിച്ച വർഷം, നിർമ്മിക്കാൻ ചെലവഴിച്ച തുക, തുടർന്നു നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ എന്നിവയുടെ ആസ്തി രജിസ്റ്ററുകളിൽ പദ്ധതികളുടെ നിർമ്മാണ വർഷം, കുടിവെള്ളത്തിന്റെ സ്രോതസ്സ്, ലൊക്കേഷൻ, വിതരണ പൈപ്പ് ലൈനിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ ആസ്തി രജിസ്റ്ററിൽ ഭൂമിയുടെ തരം, ഭൂമിയിലുള്ള കെട്ടിടങ്ങൾ, മരങ്ങളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. നടപ്പാതയുടെ ആസ്തി രജിസ്റ്ററിൽ നടപ്പാത തുടങ്ങുന്നതും അവസാനിക്കുന്നതും എവിടെയാണെന്നും ആകെ നിർമ്മാണച്ചെലവ് എത്രയാണെന്നും തുടർന്നു നടത്തിയ

1	2	3	4	5
				പ്രവൃത്തികളുടെ വിശദാംശങ്ങൾ, ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ആസ്തികൾ ആർജിച്ച തീയതി, സംരക്ഷണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ, ആകെ ചെലവായ തുക, ഫർണിച്ചറുകളുടെയും കംപ്യൂട്ടറുകളുടെയും തരം, എണ്ണം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് ആസ്തി രജിസ്റ്ററിൽ റോഡിന്റെ ചെയിനേജ്, തരം, വിവിധ അറ്റകുറ്റപ്പണികൾ, നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ വിവരങ്ങൾ, പുതുതായി ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം, ഏറ്റെടുത്ത കാലയളവ്, ചെലവഴിച്ച തുക എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. 5-2-2013-ലെ സർക്കാർ ഉത്തരവ് സാധാ. നമ്പർ 423/2013/തസ്വഭവ. പ്രകാരം 2013 ഏപ്രിൽ 30 നകം കുറ്റമറ്റരീതിയിലുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ നഗരസഭ നാളിതുവരെ കുറ്റമറ്റ രീതിയിൽ ഡാറ്റാബേസ് തയ്യാറാക്കി കൗൺസിലിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.
				<u>കൊല്ലം കോർപ്പറേഷൻ</u>: ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് കൗൺസിൽ അംഗീകാരം നേടിയിട്ടുണ്ട്. <u>തൃശ്ശൂർ കോർപ്പറേഷൻ</u>: ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും ആയത് കാലികവും പൂർണ്ണവുമല്ല.

	1	2	3	4	5
					തിരുവനന്തപുരം കോർപ്പറേഷൻ: 2010 വരെയുള്ള റോഡ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ആരുംതന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ പൂർത്തീകരിച്ച വിവരം അറിയിച്ചിട്ടില്ല.
158.	4	3.2.16	കാഞ്ഞങ്ങാട് നഗരസഭ	അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗ ശൂന്യമായ റോഡുകളും പാലങ്ങളും	പനങ്കാവ് തൂക്കുപാലത്തിന്റെ പടിഞ്ഞാറ് അപ്രോച്ച് റോഡ് ഉണ്ടാക്കുന്നതിന് 300 മീറ്റർ നീളത്തിലും 2.5 മീറ്റർ വീതിയിലും 8 സ്ഥല ഉടമകളിൽ നിന്നും ലാന്റ് റിലിങ്ക്വിഷ്മെന്റ് റൂൾ പ്രകാരം സ്ഥലം വിട്ടൊഴിഞ്ഞ് വസ്തു സർക്കാരിലേക്ക് വിട്ടുതന്നിരിക്കുന്നുവെന്ന് അപേക്ഷയിലും പ്രസ്താവനയിലും സ്ഥലമുടമകൾക്ക് ഒപ്പിട്ട് 11-9-2014-ന് സമ്മതപത്രം മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ റോഡുണ്ടാക്കുന്നതിന് സ്ഥലം അളന്ന് അതിരുകൾ തിരിച്ച് വച്ചിട്ടുള്ളതായി കാണാൻകഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചുവരുന്നതായി സെക്രട്ടറി അറിയിച്ചു.

159. എന്നാൽ, ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞ അധികവിവരം നാളിതുവരെ സമർപ്പിച്ചിട്ടില്ല.

നിഗമനങ്ങൾ/ശിപാർശകൾ

160. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ചട്ടം അനുശാസിക്കും പ്രകാരം ഗ്രാമ/വാർഡ് സഭകൾ ചേർന്ന് അവരുടെ നിർദ്ദേശപ്രകാരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രാദേശിക ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും**

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള വേദിയായ ഗ്രാമസഭകൾ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാത്തതിന്റെ ഫലമായി പദ്ധതികളുടെ സംഘാടനത്തിലും നടത്തിപ്പിലും ഒട്ടനവധി വീഴ്ചകൾ വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. യോഗനടപടിക്കുറിപ്പ് എഴുതി സൂക്ഷിക്കുന്നതിനോ റോഡ് നിർമ്മാണ/സംരക്ഷണ പ്രവൃത്തികളുടെ അവലോകന റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിക്കുന്ന തിനോ ചർച്ച ചെയ്യുന്നതിനോ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും അലംഭാവം കാട്ടുന്നതായി സമിതി മനസ്സിലാക്കുന്നു.

161. ഗ്രാമപഞ്ചായത്തുകൾ റോഡ് പ്രവൃത്തികൾ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ റോഡ് പ്രവൃത്തികൾ വ്യക്തമായ ആസൂത്രണത്തോടെയോ ജനപങ്കാളിത്തത്തോടെയോ പ്രാവർത്തികമാക്കാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നു. ഗ്രാമ/വാർഡ് സഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള അജണ്ടകൾ കൊണ്ടുവരികയും സമഗ്രപഠനം നടത്തി ഗ്രാമസഭകളിൽ ഹാജരാകുന്നതിന് പൊതുജനത്തെ നിർബന്ധിതരാക്കും വിധം നിയമഭേദഗതി ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഗ്രാമസഭകൾ കൃത്യമായി കൂടുന്നതിനും റോഡ് സംരക്ഷണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നതിനുമുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

162. നിർവ്വഹണ ഉദ്യോഗസ്ഥൻ വാർഡ് സഭാ യോഗങ്ങളിൽ പങ്കെടുക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന റിപ്പോർട്ടുകൾ ചട്ടം അനുശാസിക്കും പ്രകാരം തയ്യാറാക്കി വാർഡ് സഭയുടെ അംഗീകാരം വാങ്ങേണ്ടതുമാണെന്ന് കർശന നിർദ്ദേശം നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

163. മുൻവർഷങ്ങളിലെ പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക തുടങ്ങി പദ്ധതി രൂപീകരണത്തി നാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. റോഡ് പ്രവൃത്തികളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുകയോ മിനിട്സ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റി പാലിക്കാതിരിക്കുന്നതും സാങ്കേതികമായി അറിവുള്ള പ്രദേശവാസികളെ

ഇതിലേക്ക് കൊണ്ടുവരുവാൻ കഴിയാത്തതും വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമതയില്ലായ്മയായി സമിതി വിലയിരുത്തുന്നു. വാർഷിക പദ്ധതികളുടെ അന്തിമഘട്ടത്തിൽ പദ്ധതി അവലോകനം നടത്താതെ തൊട്ടടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തോടനുബന്ധിച്ച് മാത്രം മുൻവർഷങ്ങളിലെ പദ്ധതികളുടെ അവലോകനം നടത്തുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും അതിന് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവായി കാണുന്നു. ആയതിനാൽ റോഡ് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ശരിയായ മോണിറ്ററിംഗ് നടത്തുവാനും പദ്ധതികളുടെ സ്റ്റാറ്റസ്, വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് അപാകങ്ങൾ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

164. അധികാര വികേന്ദ്രീകരണത്തിലൂടെ പദ്ധതി വിഹിതം വിനിയോഗിച്ച് ആർജ്ജിച്ചിട്ടുള്ളതും സർക്കാർ വിട്ടുകൊടുത്തിട്ടുള്ളതുമായ എല്ലാത്തരം ആസ്തികളുടെയും സുരക്ഷിതമായ സംരക്ഷണത്തിന് ആവശ്യമായ അടിസ്ഥാന രേഖയായ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. തനത്/ആർജ്ജിച്ച ആസ്തികൾ ശരിയായി തിട്ടപ്പെടുത്തിയശേഷം അവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം പല സ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല. ആസ്തി രജിസ്റ്ററുകളുടെ പ്രാധാന്യം മനസ്സിലാക്കി അതിലെ വിവരങ്ങൾ കുറ്റമറ്റതായും പൂർണ്ണമായും കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തിയും സൂക്ഷിക്കേണ്ടതാണെന്ന് സമിതി കരുതുന്നു.

165. കൂടാതെ ആസ്തി രജിസ്റ്ററിൽ റോഡ് ആസ്തികളുടെ വിവരം പൂർണ്ണമായും ചേർക്കാത്തതിനാൽ റോഡുകളുടെ നിർമ്മാണ സംരക്ഷണ പ്രവർത്തനങ്ങളും റോഡ് ആസ്തികളിലുണ്ടായ മൂല്യവർദ്ധനവും നിരീക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ ആസ്തി ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അവയെ സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ അവയുടെ ഭൗതിക പരിശോധന നടത്തേണ്ടതും അനിവാര്യമാണെന്ന് സമിതി നിഷ്കർഷിക്കുന്നു. പ്രവൃത്തികളുടെ ബിൽ പാസാക്കുന്നതിന് മുമ്പ് പദ്ധതി സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിനാൽ നിലവിൽ ഭൂരിപക്ഷം പഞ്ചായത്തുകളിലും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു.

സാംഖ്യാ സോഫ്റ്റ്‌വെയർ നിലവിൽ വന്നതോടെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

166. പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിനോടൊപ്പം ഡാറ്റാ ഷീറ്റ്, രൂപരേഖ തുടങ്ങിയവ ഉൾപ്പെടുത്തണമെന്ന് പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിർദ്ദേശം പാലിച്ചുകാണുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവ് പുസ്തകവും വൗച്ചറുകളും ഒരേ ഫയലിൽ സൂക്ഷിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ പരിചയക്കുറവുകൊണ്ടാണെന്നും നിലവിൽ പ്രശ്നങ്ങളൊന്നും ഇല്ലെന്നും സർക്കാർ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഒരേ ഫയലിൽ തന്നെ കൃത്യമായി സൂക്ഷിക്കുകയും യഥാസമയം ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

167. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളും ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം. ബുക്കുകൾ, ലെവൽ ഫീൽഡ് ബുക്കുകൾ, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ സർക്കാർ നൽകിയ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. അനിവാര്യമായ രേഖകളും രജിസ്റ്ററുകളും കാലികമായി എഴുതി സൂക്ഷിക്കുകയും അവ കൃത്യമായി ഓഡിറ്റ് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റിനോട് സമിതി നിർദ്ദേശിക്കുന്നു.

168. പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ചട്ടം അനുശാസിക്കും പ്രകാരം സൂക്ഷിക്കണമെന്നും ആയതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

169. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളെ ഹൈവേ, ജില്ലാ റോഡുകൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ മിക്ക സ്ഥാപനങ്ങളും പ്രാധാന്യം നൽകുന്നില്ല. പ്രധാന റോഡുമായി യാതൊരു ബന്ധവുമില്ലാതെ റോഡുണ്ടാക്കുന്നതിനാലും പല സ്ഥലങ്ങളിലും പാലങ്ങളുമായി ബന്ധിപ്പിച്ച് റോഡുണ്ടാക്കാത്തതിനാലും പല റോഡ് പ്രവൃത്തികളും പൂർത്തിയാകാതെ, പ്രയോജനരഹിതമായി പോകുന്നതായി സമിതി വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തുകൾ അവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ റോഡുകളെയും ഹൈവേയുമായും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പല ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നില്ല എന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിത്തിരക്കും ഉദ്യോഗസ്ഥരുടെ അഭാവവുമാണ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്നതെന്ന് ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നു. ദീർഘവീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുംവിധം പദ്ധതികൾക്ക് രൂപം നൽകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു.

170. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം നൽകരുതെന്ന കർശന നിർദ്ദേശം നൽകാൻ സമിതി നിർദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ഓരോ റോഡിന്റേയും പേര്, ദൈർഘ്യം എന്നിവ കാണിക്കുന്ന ബോർഡ്, കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ എന്നിവ സ്ഥാപിക്കണമെന്നും ആയത് പ്രാവർത്തികമാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

171. ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അതത് സ്ഥാപനത്തിലുള്ള റോഡുകളിൽ റോഡിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ പേര്, ദൈർഘ്യം, കടന്നുപോകുന്ന പ്രധാന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡും കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്താതെ പദ്ധതി നിർവ്വഹണം പാടില്ല എന്ന വ്യവസ്ഥ പല ഗ്രാമപഞ്ചായത്തുകളും ഗൗരവമായി കാണുന്നില്ല. ഗ്രാമപഞ്ചായത്തുകളിലെ വീതിയും നീളവും കുറഞ്ഞ റോഡുകളിൽ ചെയിനേജ് കല്ലുകൾ സ്ഥാപിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

172. റോഡുകൾക്ക് പേരുകൾ നൽകുകവഴി ചെയിനേജ് രേഖപ്പെടുത്തൽ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് സമിതി കരുതുന്നു. നിലവിൽ മിക്കവാറും നഗരസഭകളും റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ സർക്കാരിന്റെ വിശദീകരണത്തിൽനിന്നും സമിതിക്ക് ബോധ്യപ്പെടുന്നു. റോഡുകളിൽ ചെയിനേജ് രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും നൽകുന്നത് തടയണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റോഡ് പ്രവൃത്തികളിൽ വികസന, റോഡ് മെയിന്റനൻസ്, തനത്, ജനറൽ പർപ്പസ് ഫണ്ടുകൾ വിനിയോഗിച്ച് കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

173. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകേണ്ടത് ബന്ധപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പുകളാണെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങളും എസ്റ്റിമേറ്റും പരിശോധിച്ച് നൽകുന്ന സാങ്കേതിക അനുമതിയുടെ മാർഗ്ഗരേഖകളും ടെക്നിക്കൽ സർക്കുലറും പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. അംഗീകൃത എസ്റ്റിമേറ്റിൽ ചട്ടം പല ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നില്ല. ചെങ്കൽ ഗ്രാമപഞ്ചായത്തിൽ സാങ്കേതിക ഉപദേശക സമിതി അംഗീകരിച്ചതിനേക്കാൾ കൂടിയ നിരക്കിൽ സാങ്കേതികാനുമതി നൽകിയ എഞ്ചിനീയർക്കെതിരെ സ്വീകരിച്ച സർചാർജ്ജ് നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

174. പാലക്കാട് നഗരസഭ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

175. പൊതുമരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിലും നിർമ്മാണ ഘട്ടങ്ങളിലും 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, പി. ഡബ്ല്യു. ഡി. മാന്വൽ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലംഘിക്കപ്പെടുന്നതായി സമിതി നിരീക്ഷിക്കുന്നു. ഓരോ വർഷവും ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മരാമത്ത് പണികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്ന് ചട്ടം അനുശാസിക്കുന്നുണ്ടെങ്കിലും തദ്ദേശസ്വയംഭരണ/നഗരപാലികാ സ്ഥാപനങ്ങൾ

ആയത് പാലിക്കുന്നില്ലാ എന്നത് സമിതി വളരെ ഗൗരവമായി കാണുന്നു. ചട്ടങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

176. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതും ടെണ്ടർ സ്വീകരിച്ച ശേഷം പലതവണ എസ്റ്റിമേറ്റ് പുതുക്കുന്ന പ്രവണത പല മരാമത്തു പണികളിലും കാണുന്നതായുള്ള ഓഡിറ്റിന്റെ കണ്ടെത്തലിനെ സമിതി ഗൗരവമായി വീക്ഷിക്കുന്നു. എന്നാൽ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് തിരുവനന്തപുരം നഗരസഭ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വെളിപ്പെടുത്തലിൽ സമിതിക്ക് ബോധ്യപ്പെട്ടു.

177. കരാർ വ്യവസ്ഥകൾ അനുസരിച്ചും പൊതുമരാമത്ത് മാന്വൽ അനുസരിച്ചും ഉണ്ടാക്കുന്ന കരാർ ഉടമ്പടിയിൽ നിശ്ചയിക്കുന്ന സമയപരിധിക്കകം മരാമത്ത് പണികൾ പൂർത്തിയാക്കാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രമിക്കാറില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കരാർ ആണെങ്കിലും ഗുണഭോക്തൃ സമിതിയാണെങ്കിലും ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. സമയ പരിധിക്കകം പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

178. ആലുവ നഗരസഭയിൽ പൊതുമരാമത്ത് പണിയെ സംബന്ധിച്ച വസ്തുതകൾ പഞ്ചായത്ത്/നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത വിവരം പ്രവൃത്തി നടക്കുന്ന പ്രദേശത്തെ ഗ്രാമ/വാർഡ് സഭയുടെ അറിവിലേക്കായി വയ്ക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

179. തിരുവനന്തപുരം നഗരസഭയിൽ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതെന്നും എക്സസ്/എക്സ്ട്രാ ഇനങ്ങളിൽ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയിട്ടാണ് നിലവിൽ പ്രവൃത്തികൾ നടപ്പാക്കുന്ന തെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

180. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി ഒറ്റ ടെണ്ടർ മാത്രം ലഭിച്ച പ്രവൃത്തിക്ക് റീ-ടെണ്ടർ നടത്താതെ ഏക ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചുകൊടുക്കുന്ന പ്രവണത പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതായി സമിതി നിരീക്ഷിച്ചു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ എല്ലാം നഗരസഭകൾ പരിഹരിച്ചു വരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. മരാമത്ത് പണികളുടെ സുതാര്യത ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

181. കരാർ വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആയത് പാലിക്കുന്നില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾവഴി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം ഉള്ളതായി സമിതി കരുതുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മിനിട്സ്, വരവ്-ചെലവ് കണക്ക്, മസ്റ്റർ റോൾ, മറ്റ് ചെലവ് രേഖകൾ എന്നിവ തയ്യാറാക്കുന്നതിൽ യാതൊരു വിശ്വാസ്യതയും സുതാര്യതയും ഇല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. കൺവീനർ പ്രവൃത്തി മഹത്തായ ഒരു ആശയമാണെന്നും നിലവിലുള്ള വ്യവസ്ഥിതികൾ മൂലമാണ് ശരിയായ രീതിയിൽ മുന്നോട്ട് പോകാത്തതെന്നും ഗുണഭോക്തൃ സമിതികൾക്കുള്ള മാർഗ്ഗരേഖ പുതുക്കി പ്രസിദ്ധീകരിച്ചാൽ ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാകുമെന്നും സമിതി കരുതുന്നു. റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഫൈനൽ ടെണ്ടർ നൽകാവൂ എന്നു നിർദ്ദേശം നൽകിയിട്ടുള്ളതായി നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയത് പാലിച്ചു വരുന്നതായും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾവഴി നടപ്പാക്കുകയും ആയതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് സംവിധാനം

ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റോഡ് പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും ഉണ്ടാകുന്നതിലേക്ക് ഗുണഭോക്തൃ സമിതിയുടെ മോണിറ്ററിംഗ് കൂടാതെ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

182. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളിൽ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട പദ്ധതികളിൽ പ്രത്യേകം മോണിറ്ററിംഗ് നടത്തി നിർവ്വഹണ ഉദ്യോഗസ്ഥന് റിപ്പോർട്ട് നൽകേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പല പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളും പാലിക്കുന്നില്ല. എന്നാൽ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് സമിതി കൂടുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ലെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതിയുടെ അവസാന ഘട്ടത്തിൽ റോഡുപണി പൂർത്തിയായി എന്ന് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടാണ് നിലവിൽ വാങ്ങുന്നതെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആദ്യാവസാനം പദ്ധതി വിഭാവനംചെയ്ത രീതിയിൽ തന്നെയാണ് നടക്കുന്നതെന്ന് വിലയിരുത്തേണ്ട ചുമതലയാണ് മോണിറ്ററിംഗ് സമിതിക്കുള്ള തെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ മോണിറ്ററിംഗിന്റെ അപാകങ്ങൾ പരിഹരിച്ച് കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുവെന്ന് ഉറപ്പുവരുത്തുവാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. റോഡ് പ്രവൃത്തികൾ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

183. റോഡുകളുടെ ഈടിനും ഉറപ്പിനും അനിവാര്യമായ ഘടകമാണ് ഡ്രെയിനേജ് സമ്പ്രദായം എങ്കിലും നിർമ്മാണത്തിലെ അപാകങ്ങൾമൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. റോഡുകളിൽ ഡ്രെയിനേജ് സ്ഥാപിക്കുവാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രായോഗികബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കാനകൾക്ക് സ്ലാബിട്ടശേഷം ആയത് റോഡാക്കി ഉപയോഗിക്കുകയാണ് നിലവിലെ സ്ഥിതിയെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓടകൾക്ക് സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റോഡ് നിർമ്മാണ

പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

184. പാലം പണിയാതെ അപ്രോച്ച് റോഡ് പണിയുകയും അപ്രോച്ച് റോഡ് പണിഞ്ഞ സ്ഥലത്ത് പാലം നിർമ്മിക്കാതെയും റോഡുകളും പാലങ്ങളും ഉപയോഗിക്കാനാകുന്നില്ല എന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി വളരെ ഗൗരവമായി കാണുന്നു. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. നിരണം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് പ്രദേശമായതിനാൽ അപ്രോച്ച് റോഡില്ലാതെ പാലങ്ങൾ നിർമ്മിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശം പാലിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

185. അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗശൂന്യമായ പനങ്കാവ് മുള്ളപാലം ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

186. വികസന മേഖലയിൽ ഗതാഗതത്തിന് മുൻഗണന നൽകി റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നത്. റോഡ് പ്രവൃത്തികളിൽ ചെലവ് കുറഞ്ഞ ടാറിംഗിനും മെറ്റലിംഗിനും പകരം അതിന്റെ 3 ഇരട്ടിയോളം ചെലവുവരുന്ന കോൺക്രീറ്റിംഗാണ് പലയിടത്തും നടത്തിവരുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. കോൺക്രീറ്റിംഗ് കൂടുതൽകാലം നിലനിൽക്കും എന്ന വാദഗതി നിലനിൽക്കുന്നുണ്ടെങ്കിലും കോൺക്രീറ്റിംഗിൽ മണലിന് പകരം പാറപ്പൊടി ഉപയോഗിക്കുന്നതിനാലും ആവശ്യമായ അളവിൽ സിമന്റുപയോഗിക്കാത്തതിനാലും എസ്റ്റിമേറ്റ് പ്രകാരമുള്ള കനത്തിൽ കോൺക്രീറ്റിംഗ് നടത്താത്തതിനാലും പ്രവൃത്തിക്ക് ഗുണനിലവാര തകർച്ച ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. ഏതൊരു നിർമ്മാണ പ്രവൃത്തിക്കും നിർമ്മാണ സാമഗ്രികൾ അളന്നു തിട്ടപ്പെടുത്തണമെന്ന പൊതുനിർദ്ദേശം കോൺക്രീറ്റിംഗിനും ബാധകമാക്കി സർക്കാർ തലത്തിൽ നിന്നും ഉത്തരവ് ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ചെറിയ റോഡുകളിൽ കോൺക്രീറ്റിംഗിന് പകരം

ഇന്റർലോക്കിംഗ് ടൈൽസ് പാകുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

187. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഏറിയപങ്കും കരാറുകാർ മുഖേനയാണ് നടത്തുന്നത്. ടെണ്ടർ നടപടിക്രമങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. കരാറുകാർ മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തിയിൽ ആവശ്യത്തിന് പ്രചാരം നൽകാത്തതിനാൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ നടക്കാത്ത അവസ്ഥ സംജാതമാകുന്നതായി സമിതി കരുതുന്നു. ലഭിച്ച ടെണ്ടറുകളിലെ നിരക്കുകൾ സ്വീകാര്യമല്ലാത്ത സാഹചര്യത്തിൽ പണി റീ-ടെണ്ടർ ചെയ്യേണ്ടതാണെന്ന വ്യവസ്ഥ പലപ്പോഴും പാലിച്ചുകാണുന്നില്ല. എന്നാൽ, നിലവിൽ 5 ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ പദ്ധതികളിലും ഇ-ടെണ്ടറിംഗ് മുഖേനയാണ് നടത്തുന്നതെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നു. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്തുവാനും ചെലവ് കുറയ്ക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും ടെണ്ടർ വ്യവസ്ഥകൾ ലംഘിക്കുന്ന കരാറുകാരെ അയോഗ്യരാക്കുന്നതിനും ഇ-ടെണ്ടർ നടപടി കുറ്റമറ്റതാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

188. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിലൂടെ ത്രിതല പഞ്ചായത്തുകൾക്കും നഗരപാലിക സ്ഥാപനങ്ങൾക്കും കൂടുതൽ അധികാരങ്ങളും ചുമതലകളും കൈമാറ്റം ചെയ്യപ്പെട്ടതോടെ അധികാരവികേന്ദ്രീകരണത്തിനുമുമ്പ് കൈമാറ്റം ചെയ്യപ്പെട്ടതും ആയതിനുശേഷം പദ്ധതിപ്പണം, തനതു ഫണ്ട് തുടങ്ങിയ സ്രോതസ്സുകളിലൂടെ ആർജ്ജിച്ച വിപുലമായ ആസ്തികളുടെ സംരക്ഷണവും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതായി സമിതി മനസ്സിലാക്കുന്നു. റോഡ്/റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി സംസ്ഥാന വാർഷിക നികുതി വരുമാനത്തിന്റെ അഞ്ച് ശതമാനം വരുന്ന തുക ഓരോ വർഷവും സംരക്ഷണ ഗ്രാന്റായി സർക്കാർ നൽകുന്നുണ്ടെന്ന് സമിതി കരുതുന്നു. പൊതു ആവശ്യത്തിനുള്ള ഗ്രാന്റും സംരക്ഷണ ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ആയത് അവഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക വകമാറ്റി ചെലവഴിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. റോഡ് മെയിന്റനൻസിനുള്ള തുക വളരെ കുറച്ചു മാത്രമേ

ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നുള്ളു എന്നതിനാൽ റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് സംരക്ഷണത്തിനായുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചുനൽകുവാൻ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുവാനും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

189. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ ബിൽ നൽകൽ വരെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെ സ്ഥലപരിശോധനയും എഞ്ചിനീയറിംഗ് വിഭാഗത്തിനായതിനാൽ അവരുടെ ജോലിഭാരം വർദ്ധിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പണികളുടെ ബാഹുല്യത്തിന് ആനുപാതികമായി എഞ്ചിനീയറിംഗ് സംവിധാനം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒന്നിലധികം പഞ്ചായത്തുകളുടെ ചുമതല വഹിക്കേണ്ടിവരുന്നതിനാൽ പ്രവൃത്തികളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ കഴിയാതെ വരികയും അത് പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കുകയും ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടെങ്കിൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റിക്ക് നിയന്ത്രണമുണ്ടാകൂ എന്ന സർക്കാർ മറുപടി സമിതി ഗൗരവമായി വീക്ഷിക്കുന്നു. കൂടാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്വന്തമായി ക്ലറിക്കൽ സംവിധാനമില്ലാത്തതിനാൽ ടി ജോലികളും സാങ്കേതിക വിദഗ്ദ്ധർതന്നെ ചെയ്യുവരുന്നതിനാൽ മുഴുവൻസമയവും സാങ്കേതിക ജോലികളിൽ ശ്രദ്ധ പതിപ്പിക്കാൻ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

190. ജനകീയാസൂത്രണ പദ്ധതികൾക്ക് മുൻകൂറുകൾ കൈപ്പറ്റിയശേഷം പ്രവൃത്തി ഉപേക്ഷിക്കുകയോ പ്രവൃത്തി ആരംഭിക്കുവാൻ വൈകുകയോ ചെയ്യുന്ന പ്രവണത പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. കൺവീനർമാർക്ക് എസ്റ്റിമേറ്റ് തുകയുടെ 25%-മോ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് ആയത് മുൻകൂറായി നൽകാമെന്ന സർക്കുലർ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കരാറിൽ

പറഞ്ഞിരിക്കുന്ന തീയതികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കൺവീനർമാരിൽനിന്ന് നിശ്ചിത തീയതിക്കുശേഷം 12% നിരക്കിലും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുമ്പോൾ 18 ശതമാനം നിരക്കിലും ഈടാക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കൺവീനറിൽ നിന്നും പിഴ ഈടാക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ മുൻകൂറുകൾ കൈപ്പറ്റി കരാർ തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനർമാർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

191. കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ ചുമതല കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള റോഡുകളുടെ നിർമ്മാണവും സംരക്ഷണവും മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതെങ്കിലും പല ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ പരിമിതമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന റോഡുകൾക്കും വിനിയോഗിച്ചതായി സമിതി നിരീക്ഷിക്കുന്നു. വിവിധതരത്തിലുള്ള പഞ്ചായത്തുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാവണം പദ്ധതികൾ ആവിഷ്കരിക്കുവാനെന്ന് സമിതി നിഷ്കർഷിക്കുന്നു. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമുമ്പ് ജില്ലാ ആസൂത്രണ സമിതികൾ ആയത് സൂക്ഷ്മപരിശോധന നടത്തി ക്രമവിരുദ്ധമായ പ്രവൃത്തികൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ അധികാരപരിധി ലംഘിച്ച് റോഡ് പ്രവൃത്തി ഏറ്റെടുക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട സ്ഥാപനം	നിഗമനങ്ങൾ/ശിപാർശകൾ
1	2	3	4
1	160	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ചട്ടം അനുശാസിക്കും പ്രകാരം ഗ്രാമ/വാർഡ് സഭകൾ ചേർന്ന് അവരുടെ നിർദ്ദേശ പ്രകാരമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രാദേശിക ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള വേദിയായ ഗ്രാമസഭകൾ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാത്തതിന്റെ ഫലമായി പദ്ധതികളുടെ സംഘാടനത്തിലും നടത്തിപ്പിലും ഒട്ടനവധി വീഴ്ചകൾ വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. യോഗനടപടിക്കുറിപ്പ് എഴുതി സൂക്ഷിക്കുന്നതിനോ റോഡ് നിർമ്മാണ/സംരക്ഷണ പ്രവൃത്തികളുടെ അവലോകന റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനോ ചർച്ച ചെയ്യുന്നതിനോ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും അലംഭാവം കാട്ടുന്നതായി സമിതി മനസ്സിലാക്കുന്നു.
2	161	”	ഗ്രാമപഞ്ചായത്തുകൾ റോഡ് പ്രവൃത്തികൾ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ റോഡ് പ്രവൃത്തികൾ വ്യക്തമായ ആസൂത്രണത്തോടെയോ ജനപങ്കാളിത്തത്തോടെയോ പ്രാവർത്തികമാക്കാൻ കഴിയില്ലെന്ന്

1	2	3	4
			സമിതി വിലയിരുത്തുന്നു. ഗ്രാമ/വാർഡ് സഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നതരത്തിലുള്ള അജണ്ടകൾ കൊണ്ടുവരികയും സമഗ്രപഠനം നടത്തി ഗ്രാമസഭകളിൽ ഹാജരാകുന്നതിന് പൊതുജനത്തെ നിർബന്ധിതരാക്കുംവിധം നിയമഭേദഗതി ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഗ്രാമസഭകൾ കൃത്യമായി കൂടുന്നതിനും റോഡ് സംരക്ഷണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നതിനുമുള്ള നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.
3	162	തദ്ദേശസ്വയംഭരണ വകുപ്പ്	നിർവ്വഹണ ഉദ്യോഗസ്ഥൻ വാർഡ് സഭായോഗങ്ങളിൽ പങ്കെടുക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന റിപ്പോർട്ടുകൾ ചട്ടം അനുശാസിക്കും പ്രകാരം തയ്യാറാക്കി വാർഡ് സഭയുടെ അംഗീകാരം വാങ്ങേണ്ടതുമാണെന്ന് കർശന നിർദ്ദേശം നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.
4	163	,,	മുൻ വർഷങ്ങളിലെ പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക തുടങ്ങി പദ്ധതി രൂപീകരണത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. റോഡ് പ്രവൃത്തികളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുകയോ മിനിട്സ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ പഞ്ചായത്ത്

1	2	3	4
			കമ്മിറ്റി പാലിക്കാതിരിക്കുന്നതും സാങ്കേതികമായി അറിവുള്ള പ്രദേശവാസികളെ ഇതിലേക്ക് കൊണ്ടുവരുവാൻ കഴിയാത്തതും വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമതയില്ലായ്മയായി സമിതി വിലയിരുത്തുന്നു. വാർഷിക പദ്ധതികളുടെ അന്തിമഘട്ടത്തിൽ പദ്ധതി അവലോകനം നടത്താതെ തൊട്ടടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തോടനുബന്ധിച്ച് മാത്രം മുൻവർഷ ങ്ങളിലെ പദ്ധതികളുടെ അവലോകനം നടത്തുന്ന തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും അതിന് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവായി കാണുന്നു. ആയതിനാൽ റോഡ് നിർമ്മാണ ത്തിന്റെ ഓരോ ഘട്ടത്തിലും ശരിയായ മോണിറ്ററിംഗ് നടത്തുവാനും പദ്ധതികളുടെ സ്റ്റാറ്റസ്, വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് അപാകങ്ങൾ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
5	164	തദ്ദേശസ്വയംഭരണ വകുപ്പ്	അധികാരവികേന്ദ്രീകരണത്തിലൂടെ പദ്ധതി വിഹിതം വിനിയോഗിച്ച് ആർജ്ജിച്ചിട്ടുള്ളതും സർക്കാർ വിട്ടുകൊടുത്തിട്ടുള്ളതുമായ എല്ലാത്തരം ആസ്തികളുടെയും സുരക്ഷിതമായ സംരക്ഷണത്തിന് ആവശ്യമായ അടിസ്ഥാന രേഖയായ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. തനത്/ആർജ്ജിച്ച ആസ്തികൾ ശരിയായി തിട്ടപ്പെടുത്തിയശേഷം അവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം

1	2	3	4
			പല സ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല. ആസ്തി രജിസ്റ്ററുകളുടെ പ്രാധാന്യം മനസ്സിലാക്കി അതിലെ വിവരങ്ങൾ കുറ്റമറ്റതായും പൂർണ്ണമായും കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തിയും സൂക്ഷിക്കേണ്ടതാണെന്ന് സമിതി കരുതുന്നു.
6	165	തദ്ദേശസ്വയംഭരണ വകുപ്പ്	കൂടാതെ ആസ്തി രജിസ്റ്ററിൽ റോഡ് ആസ്തികളുടെ വിവരം പൂർണ്ണമായും ചേർക്കാത്തതിനാൽ റോഡുകളുടെ നിർമ്മാണ സംരക്ഷണ പ്രവർത്തനങ്ങളും റോഡ് ആസ്തികളിലുണ്ടായ മൂല്യവർദ്ധനവും നിരീക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ ആസ്തി ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അവയെ സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ അവയുടെ ഭൗതിക പരിശോധന നടത്തേണ്ടതും അനിവാര്യമാണെന്ന് സമിതി നിഷ്കർഷിക്കുന്നു. പ്രവൃത്തികളുടെ ബിൽ പാസാക്കുന്നതിന് മുമ്പ് പദ്ധതി സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിനാൽ നിലവിൽ ഭൂരിപക്ഷം പഞ്ചായത്തുകളിലും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. സാംഖ്യാ സോഫ്റ്റ്‌വെയർ നിലവിൽ വന്നതോടെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും എം.എൽ.എ./ എം.പി. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

1	2	3	4
7	166	തദ്ദേശസ്വയംഭരണ വകുപ്പ്	പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിനോടൊപ്പം ഡ്രോയിംഗ്, രൂപരേഖ തുടങ്ങിയവ ഉൾപ്പെടുത്തണമെന്ന് പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിർദ്ദേശം പാലിച്ചുകാണുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവ് പുസ്തകവും വൗച്ചറുകളും ഒരേ ഫയലിൽ സൂക്ഷിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ പരിചയക്കുറവുകൊണ്ടാണെന്നും നിലവിൽ പ്രശ്നങ്ങളൊന്നും ഇല്ലെന്നും സർക്കാർ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഒരേ ഫയലിൽതന്നെ കൃത്യമായി സൂക്ഷിക്കുകയും യഥാസമയം ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
8	167	,,	മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളും ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം. ബുക്കുകൾ, ലെവൽ ഫീൽഡ് ബുക്കുകൾ, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് തെളിവെടുപ്പു വേളയിൽ സർക്കാർ നൽകിയ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. അനിവാര്യമായ രേഖകളും രജിസ്റ്ററുകളും കാലികമായി എഴുതി സൂക്ഷിക്കുകയും അവ കൃത്യമായി ഓഡിറ്റ് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റിനോട് സമിതി നിർദ്ദേശിക്കുന്നു.
9	168	,,	പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ചട്ടം അനുശാസിക്കും പ്രകാരം സൂക്ഷിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
10	169	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളെ ഹൈവേ, ജില്ലാ റോഡുകൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ മിക്ക സ്ഥാപനങ്ങളും പ്രാധാന്യം നൽകുന്നില്ല. പ്രധാന റോഡുമായി യാതൊരു ബന്ധവുമില്ലാതെ റോഡുണ്ടാക്കുന്നതിനാലും പല സ്ഥലങ്ങളിലും പാലങ്ങളുമായി ബന്ധിപ്പിച്ച് റോഡുണ്ടാക്കാത്തതിനാലും പല റോഡ് പ്രവൃത്തികളും പൂർത്തിയാകാതെ, പ്രയോജന രഹിതമായി പോകുന്നതായി സമിതി വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തുകൾ അവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡ് കളെയും ഹൈവേയുമായും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പല ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നില്ല എന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിത്തിരക്കും ഉദ്യോഗസ്ഥരുടെ അഭാവവുമാണ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്നതെന്ന് ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നു. ദീർഘവീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുംവിധം പദ്ധതികൾക്ക് രൂപം നൽകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു.

1	2	3	4
11	170	തദ്ദേശസ്വയംഭരണ വകുപ്പ്	പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം നൽകരുതെന്ന കർശന നിർദ്ദേശം നൽകാൻ സമിതി നിർദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ഓരോ റോഡിന്റേയും പേര്, ദൈർഘ്യം എന്നിവ കാണിക്കുന്ന ബോർഡ്, കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ എന്നിവ സ്ഥാപിക്കണമെന്നും ആയത് പ്രാവർത്തികമാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
12	171	,,	ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അതത് സ്ഥാപനത്തിലുള്ള റോഡുകളിൽ റോഡിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ പേര്, ദൈർഘ്യം, കടന്നുപോകുന്ന പ്രധാന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡും കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്താതെ പദ്ധതി നിർവ്വഹണം പാടില്ല എന്ന വ്യവസ്ഥ പല ഗ്രാമപഞ്ചായത്തുകളും ഗൗരവമായി കാണുന്നില്ല. ഗ്രാമപഞ്ചായത്തുകളിലെ വീതിയും നീളവും കുറഞ്ഞ റോഡുകളിൽ ചെയിനേജ് കല്ലുകൾ സ്ഥാപിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
13	172	തദ്ദേശസ്വയംഭരണ വകുപ്പ്	റോഡുകൾക്ക് പേരുകൾ നൽകുകവഴി ചെയിനേജ് രേഖപ്പെടുത്തൽ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് സമിതി കരുതുന്നു. നിലവിൽ മിക്കവാറും നഗരസഭകളും റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ സർക്കാരിന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നു. റോഡുകളിൽ ചെയിനേജ് രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും നൽകുന്നത് തടയണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റോഡു പ്രവൃത്തികളിൽ, വികസന, റോഡ് മെയിന്റനൻസ്, തനത്, ജനറൽ പർപ്പസ് ഫണ്ടുകൾ വിനിയോഗിച്ച് കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
14	173	,,	കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകേണ്ടത് ബന്ധപ്പെട്ട സാങ്കേതിക ഉപദേശക ഗ്രൂപ്പുകളാണെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങളും എസ്റ്റിമേറ്റും പരിശോധിച്ച് നൽകുന്ന സാങ്കേതിക അനുമതിയുടെ മാർഗ്ഗരേഖകളും ടെക്നിക്കൽ സർക്കുലറും പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. അംഗീകൃത എസ്റ്റിമേറ്റിൽ ചട്ടം പല ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നില്ല. ചെങ്കൽ ഗ്രാമപഞ്ചായത്തിൽ സാങ്കേതിക ഉപദേശക സമിതി അംഗീകരിച്ചതിനേക്കാൾ കൂടിയ നിരക്കിൽ സാങ്കേതികാനുമതി നൽകിയ എഞ്ചിനീയർക്കെതിരെ സ്വീകരിച്ച സർച്ചാർജ്ജ് നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
15	174	തദ്ദേശസ്വയംഭരണ വകുപ്പ്	പാലക്കാട് നഗരസഭ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
16	175	,,	പൊതുമരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിലും നിർമ്മാണ ഘട്ടങ്ങളിലും 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, പി. ഡബ്ല്യു. ഡി. മാന്വൽ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലംഘിക്കപ്പെടുന്നതായി സമിതി നിരീക്ഷിക്കുന്നു. ഓരോ വർഷവും ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മരാമത്ത് പണികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്ന് ചട്ടം അനുശാസിക്കുന്നുണ്ടെങ്കിലും തദ്ദേശസ്വയംഭരണ/ നഗരപാലികാ സ്ഥാപനങ്ങൾ ആയത് പാലിക്കുന്നില്ലാ എന്നത് സമിതി വളരെ ഗൗരവമായി കാണുന്നു. ചട്ടങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
17	176	,,	എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതും ടെണ്ടർ സ്വീകരിച്ച ശേഷം പലതവണ എസ്റ്റിമേറ്റ് പുതുക്കുന്ന പ്രവണത പല മരാമത്ത് പണികളിലും കാണുന്നതായുള്ള ഓഡിറ്റിന്റെ കണ്ടെത്തലിനെ സമിതി ഗൗരവമായി വീക്ഷിക്കുന്നു. എന്നാൽ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് തിരുവനന്തപുരം നഗരസഭ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നതെന്ന് തെളിവെടുപ്പ വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വെളിപ്പെടുത്തലിൽ സമിതിക്ക് ബോധ്യപ്പെട്ടു.

1	2	3	4
18	177	തദ്ദേശസ്വയംഭരണ വകുപ്പ്	കരാർ വ്യവസ്ഥകൾ അനുസരിച്ചും പൊതുമരാമത്ത് മാന്വൽ അനുസരിച്ചും ഉണ്ടാക്കുന്ന കരാർ ഉടമ്പടിയിൽ നിശ്ചയിക്കുന്ന സമയപരിധിക്കകം മരാമത്ത് പണികൾ പൂർത്തിയാക്കാൻ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രമിക്കാറില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കരാർ ആണെങ്കിലും ഗുണഭോക്തൃ സമിതിയാണെങ്കിലും ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. സമയപരിധിക്കകം പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
19	178	,,	ആലുവാ നഗരസഭയിൽ പൊതുമരാമത്ത് പണിയെ സംബന്ധിച്ച വസ്തുതകൾ പഞ്ചായത്ത്/ നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത വിവരം പ്രവൃത്തി നടക്കുന്ന പ്രദേശത്തെ ഗ്രാമ/വാർഡ് സഭയുടെ അറിവിലേക്കായി വയ്ക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
20	179	,,	തിരുവനന്തപുരം നഗരസഭയിൽ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതെന്നും എക്സസ്/എക്സ്ട്രാ ഇനങ്ങളിൽ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങിയിട്ടാണ് നിലവിൽ പ്രവൃത്തികൾ നടപ്പാക്കുന്നതെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
21	180	തദ്ദേശസ്വയംഭരണ വകുപ്പ്	കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി ഒറ്റ ടെണ്ടർ മാത്രം ലഭിച്ച പ്രവൃത്തിക്ക് റീ-ടെണ്ടർ നടത്താതെ ഏക ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചുകൊടുക്കുന്ന പ്രവണത പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതായി സമിതി നിരീക്ഷിച്ചു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ എല്ലാം നഗരസഭകൾ പരിഹരിച്ചുവരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. മരാമത്ത് പണികളുടെ സുതാര്യത ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
22	181	,,	കരാർ വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആയത് പാലിക്കുന്നില്ലാ എന്ന് സമിതി മനസിലാക്കുന്നു. റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം ഉള്ളതായി സമിതി കരുതുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മിനിട്സ്, വരവ് ചെലവ് കണക്ക്, മസ്റ്റർ റോൾ, മറ്റ് ചെലവ് രേഖകൾ എന്നിവ തയ്യാറാക്കുന്നതിൽ യാതൊരു വിശ്വാസ്യതയും സുതാര്യതയും ഇല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. കൺവീനർ പ്രവൃത്തി മഹത്തായ ഒരു ആശയമാണെന്നും നിലവിലുള്ള വ്യവസ്ഥിതികൾമൂലമാണ് ശരിയായരീതിയിൽ

1	2	3	4
			മുന്നോട്ട് പോകാത്തതെന്നും ഗുണഭോക്തൃ സമിതികൾക്കുള്ള മാർഗ്ഗരേഖ പുതുക്കി പ്രസിദ്ധീകരിച്ചാൽ ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാകുമെന്നും സമിതി കരുതുന്നു. റോഡ് നിർമ്മാണ പ്രവൃത്തികളിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഫൈനൽ ടെണ്ടർ നൽകാവൂ എന്ന നിർദ്ദേശം നൽകിയിട്ടുള്ളതായി നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയത് പാലിച്ചു വരുന്നതായും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ വഴി നടപ്പാക്കുകയും ആയതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റോഡ് പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും ഉണ്ടാകുന്നതിലേക്ക് ഗുണഭോക്തൃ സമിതിയുടെ മോണിറ്ററിംഗ് കൂടാതെ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.
23	182	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡു പ്രവൃത്തികളിൽ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട പദ്ധതികളിൽ

1	2	3	4
			പ്രത്യേകം മോണിറ്ററിംഗ് നടത്തി നിർവ്വഹണ ഉദ്യോഗസ്ഥന് റിപ്പോർട്ട് നൽകേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പല പഞ്ചായത്ത്/നഗരപാലികാ സ്ഥാപനങ്ങളും പാലിക്കുന്നില്ല. എന്നാൽ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് സമിതി കൂടുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്യുന്നില്ലെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതിയുടെ അവസാന ഘട്ടത്തിൽ റോഡുപണി പൂർത്തിയായി എന്ന് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടാണ് നിലവിൽ വാങ്ങുന്നതെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആദ്യാവസാനം പദ്ധതി വിഭാവനംചെയ്ത രീതിയിൽ തന്നെയാണ് നടക്കുന്നതെന്ന് വിലയിരുത്തേണ്ട ചുമതലയാണ് മോണിറ്ററിംഗ് സമിതിക്കുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ മോണിറ്ററിംഗിന്റെ അപാകങ്ങൾ പരിഹരിച്ച് കൃത്യമായി മോണിറ്ററിംഗ് നടത്തുന്നുവെന്ന് ഉറപ്പുവരുത്തുവാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. റോഡ് പ്രവൃത്തികൾ ഒരു തേർഡ് പാർട്ടി മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.
24	183	തദ്ദേശസ്വയംഭരണ വകുപ്പ്	റോഡുകളുടെ ഈടിനും ഉറപ്പിനും അനിവാര്യമായ ഘടകമാണ് ഡ്രെയിനേജ് സമ്പ്രദായം എങ്കിലും നിർമ്മാണത്തിലെ അപാകങ്ങൾമൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. റോഡുകളിൽ ഡ്രെയിനേജ് സ്ഥാപിക്കുവാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി

1	2	3	4
			കാനകൾക്ക് സ്ലാബിട്ടശേഷം ആയത് റോഡാക്കി ഉപയോഗിക്കുകയാണ് നിലവിലെ സ്ഥിതിയെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓടകൾക്ക് സ്ലാബുകൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റോഡ് നിർമ്മാണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
25	184	തദ്ദേശസ്വയംഭരണ വകുപ്പ്	പാലം പണിയാതെ അപ്രോച്ച് റോഡ് പണിയുകയും അപ്രോച്ച് റോഡ് പണിഞ്ഞ സ്ഥലത്ത് പാലം നിർമ്മിക്കാതെയും റോഡുകളും പാലങ്ങളും ഉപയോഗിക്കാനാകുന്നില്ല എന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതി വളരെ ഗൗരവമായി കാണുന്നു. ശരിയായ ആസൂത്രണമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. നിരണം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളും വെള്ളക്കെട്ട് പ്രദേശമായതിനാൽ അപ്രോച്ച് റോഡില്ലാതെ പാലങ്ങൾ നിർമ്മിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശം പാലിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
26	185	തദ്ദേശസ്വയംഭരണ വകുപ്പ്	അപ്രോച്ച് റോഡില്ലാത്തതുമൂലം ഉപയോഗ ശൂന്യമായ പനങ്കാവ് ഇുള്ളപാലം ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.
27	186	,,	വികസന മേഖലയിൽ ഗതാഗതത്തിന് മുൻഗണന നൽകി റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നത്. റോഡ് പ്രവൃത്തികളിൽ ചെലവ് കുറഞ്ഞ ടാറിംഗിനും മെറ്റലിംഗിനും പകരം അതിന്റെ 3 ഇരട്ടിയോളം ചെലവുവരുന്ന കോൺക്രീറ്റിംഗാണ് പലയിടത്തും നടത്തി വരുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. കോൺക്രീറ്റിംഗ് കൂടുതൽകാലം നിലനിൽക്കും എന്ന വാദഗതി നിലനിൽക്കുന്നുണ്ടെങ്കിലും കോൺക്രീറ്റിംഗിൽ മണലിന് പകരം പാറപ്പൊടി ഉപയോഗിക്കുന്നതിനാലും ആവശ്യമായ അളവിൽ സിമന്റുപയോഗിക്കാത്തതിനാലും എസ്റ്റിമേറ്റ് പ്രകാരമുള്ള കനത്തിൽ കോൺക്രീറ്റിംഗ് നടത്താത്തതിനാലും പ്രവൃത്തിക്ക് ഗുണനിലവാര തകർച്ച ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. ഏതൊരു നിർമ്മാണ പ്രവൃത്തിക്കും നിർമ്മാണ സാമഗ്രികൾ അളന്ന് തിട്ടപ്പെടുത്തണമെന്ന പൊതുനിർദ്ദേശം കോൺക്രീറ്റിംഗിനും ബാധകമാക്കി സർക്കാർ തലത്തിൽ നിന്നും ഉത്തരവ് ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ചെറിയ റോഡുകളിൽ കോൺക്രീറ്റിംഗിന് പകരം ഇന്റർലോക്കിംഗ് ടൈൽസ് പാകുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
28	187	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഏറിയപങ്കം കരാറുകാർ മുഖേനയാണ് നടത്തുന്നത്. ടെണ്ടർ നടപടിക്രമങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. കരാറുകാർ മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തിയിൽ ആവശ്യത്തിന് പ്രചാരം നൽകാത്തതിനാൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ നടക്കാത്ത അവസ്ഥ സംജാതമാകുന്നതായി സമിതി കരുതുന്നു. ലഭിച്ച ടെണ്ടറുകളിലെ നിരക്കുകൾ സ്വീകാര്യമല്ലാത്ത സാഹചര്യത്തിൽ പണി റീ-ടെണ്ടർ ചെയ്യേണ്ടതാണെന്ന വ്യവസ്ഥ പലപ്പോഴും പാലിച്ചു കാണുന്നില്ല. എന്നാൽ, നിലവിൽ 5 ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ പദ്ധതികളിലും ഇ-ടെണ്ടറിംഗ് മുഖേനയാണ് നടത്തുന്നതെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടുന്നു. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്തുവാനും ചെലവ് കുറയ്ക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും ടെണ്ടർ വ്യവസ്ഥകൾ ലംഘിക്കുന്ന കരാറുകാരെ അയോഗ്യരാക്കുന്നതിനും ഇ-ടെണ്ടർ നടപടി കുറ്റമറ്റതാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
29	188	,,	1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലൂടെ ത്രിതല പഞ്ചായത്തുകൾക്കും നഗരപാലിക സ്ഥാപനങ്ങൾക്കും കൂടുതൽ അധികാരങ്ങളും ചുമതലകളും കൈമാറ്റം

1	2	3	4
			ചെയ്യപ്പെട്ടതോടെ അധികാരവികേന്ദ്രീകരണത്തിന മുമ്പ് കൈമാറ്റം ചെയ്യപ്പെട്ടതും ആയതിനുശേഷം പദ്ധതിപ്പണം, തനത് ഫണ്ട് തുടങ്ങിയ സ്രോതസ്സുകളിലൂടെ ആർജ്ജിച്ച വിപുലമായ ആസ്തികളുടെ സംരക്ഷണവും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതായി സമിതി മനസ്സിലാക്കുന്നു. റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി സംസ്ഥാന വാർഷിക നികുതി വരുമാനത്തിന്റെ അഞ്ച് ശതമാനം വരുന്ന തുക ഓരോ വർഷവും സംരക്ഷണ ഗ്രാന്റായി സർക്കാർ നൽകുന്നുണ്ടെന്ന് സമിതി കരുതുന്നു. പൊതുആവശ്യത്തിനുള്ള ഗ്രാന്റും സംരക്ഷണ ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ആയത് അവഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക വകമാറ്റി ചെലവഴിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. റോഡ് മെയിന്റനൻസിനുള്ള തുക വളരെ കുറച്ചു മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നുള്ളൂ എന്നതിനാൽ റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് സംരക്ഷണത്തിനായുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചുനൽകുവാൻ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുവാനും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.
30	189	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ ബിൽ നൽകൽ വരെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു.

1	2	3	4
			ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെ സ്ഥലപരിശോധനയും എഞ്ചിനീയറിംഗ് വിഭാഗത്തിനായതിനാൽ അവരുടെ ജോലിഭാരം വർദ്ധിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പണികളുടെ ബാഹുല്യത്തിന് ആനുപാതികമായി എഞ്ചിനീയറിംഗ് സംവിധാനം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഒന്നിലധികം പഞ്ചായത്തുകളുടെ ചുമതല വഹിക്കേണ്ടി വരുന്നതിനാൽ പ്രവൃത്തികളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയാതെ വരികയും അത് പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കുകയും ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടെങ്കിൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റിക്ക് നിയന്ത്രണമുണ്ടാകൂ എന്ന സർക്കാർ മറുപടി സമിതി ഗൗരവമായി വീക്ഷിക്കുന്നു. കൂടാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്വന്തമായി ക്ലറിക്കൽ സംവിധാനമില്ലാത്തതിനാൽ ടി ജോലികളും സാങ്കേതിക വിദഗ്ദ്ധർതന്നെ ചെയ്തുവരുന്നതിനാൽ മുഴുവൻസമയവും സാങ്കേതിക ജോലികളിൽ ശ്രദ്ധപതിപ്പിക്കാൻ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
31	190	തദ്ദേശസ്വയംഭരണ വകുപ്പ്	ജനകീയാസൂത്രണ പദ്ധതികൾക്ക് മുൻകൂറുകൾ കൈപ്പറ്റിയശേഷം പ്രവൃത്തി ഉപേക്ഷിക്കുകയോ പ്രവൃത്തി ആരംഭിക്കുവാൻ വൈകുകയോ ചെയ്യുന്ന പ്രവണത പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. കൺവീനർമാർക്ക് എസ്റ്റിമേറ്റ് തുകയുടെ 25%-മോ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് ആയത് മുൻകൂറായി നൽകാമെന്ന സർക്കുലർ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കരാറിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കൺവീനർമാരിൽ നിന്ന് നിശ്ചിത തീയതിക്ക് ശേഷം 12% നിരക്കിലും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുമ്പോൾ 18 ശതമാനം നിരക്കിലും ഈടാക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ സമയ പരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കൺവീനറിൽ നിന്നും പിഴ ഈടാക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ മുൻകൂറുകൾ കൈപ്പറ്റി കരാർ തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനർമാർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
32	191	,,	കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതല കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള റോഡുകളുടെ നിർമ്മാണവും സംരക്ഷണവും മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതെങ്കിലും പല ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ

1	2	3	4
			പരിമിതമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന റോഡുകൾക്കും വിനിയോഗിച്ചതായി സമിതി നിരീക്ഷിക്കുന്നു. വിവിധതരത്തിലുള്ള പഞ്ചായത്തുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാവണം പദ്ധതികൾ ആവിഷ്കരിക്കുവാനെന്ന് സമിതി നിഷ്കർഷിക്കുന്നു. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമുമ്പ് ജില്ലാ ആസൂത്രണ സമിതികൾ ആയത് സൂക്ഷ്മപരിശോധന നടത്തി ക്രമവിരുദ്ധമായ പ്രവൃത്തികൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ അധികാരപരിധി ലംഘിച്ച് റോഡ് പ്രവൃത്തി ഏറ്റെടുക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അനുബന്ധം II

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2011-12) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പരാമർശത്തിന്മേൽ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

ക്രമ നമ്പർ	സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം	സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ		ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2011-12	3.2.6(1)		**പത്തനംതിട്ട ജില്ല** നാരങ്ങാനം ഗ്രാമപഞ്ചായത്ത് തുടർന്നുള്ള വർഷങ്ങളിൽ നിർദ്ദേശം പാലിച്ചിട്ടുണ്ട്. ഗ്രാമസഭയിലേയും വികസന സെമിനാറിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. **കോട്ടയം ജില്ല** മണിമല ഗ്രാമപഞ്ചായത്ത് ഗ്രാമസഭാ മിനിട്ട്സ് ബുക്കുകൾ ആധികാരികമായി സൂക്ഷിക്കുന്നുണ്ട്. റോഡ് നിർമ്മാണ/സംരക്ഷണ പ്രവൃത്തിയുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പ് അംഗീകാരം നേടിയിട്ടാണ് നിലവിൽ പദ്ധതി തയ്യാറാക്കി വരുന്നതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **ഇടുക്കി ജില്ല** കട്ടപ്പന ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തിലെ ആസൂത്രണ പ്രക്രിയയിൽ ചില അപാകതകൾ വന്നുപോയത് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരി ക്കുന്നതാണെന്നും തുടർന്നുള്ള വാർഷിക രൂപീകരണ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുമെന്നും, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

				ആലപ്പുഴ ജില്ല: ചെറുതന ഗ്രാമപഞ്ചായത്ത് ജി.ഒ(എം.എസ്) 128/27/തസ്വഭവ തീയതി 14.5.2007 ലെ ഉത്തരവു പ്രകാരവും ഭരണസമിതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി മാത്രമാണ് റോഡ് നിർമ്മാണം/സംരക്ഷണം പ്രവർത്തികളുടെ ആസൂത്രണവും നിർവ്വഹണവും നടത്തിയിട്ടുള്ളതെന്നും ഗ്രാമസഭാ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ആലപ്പുഴ എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. നൂറനാട് ഗ്രാമപഞ്ചായത്ത് പോരായ്മകൾ ആവർത്തിക്കാതെ ശ്രദ്ധിച്ചു കൊള്ളാമെന്നും ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിച്ചാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്നും ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു.
2	2011 -12	3.2.6(3)		1. തിരുവനന്തപുരം ജില്ല: വെള്ളറട ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്നുവരുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. 2. ഇടുക്കി ജില്ല: കട്ടപ്പന ഗ്രാ.പ ഈ വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിനും തുടർന്നുള്ള വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവുകളും

നിയമങ്ങളും പ്രകാരം നിശ്ചി
മാനദണ്ഡങ്ങളും പാലിച
നടപ്പിലാക്കുന്നതാണെന്ന്
നമ്പരായി ഗ്രാമ പ
തീരുമാനിക്കുകയുണ്ടായി. എ
അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട്
അറിയിക്കുന്നു.

3. എറണാകുളം ജില്ല:

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 12 വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടെന്നും 2012-17-ലെ പദ്ധതി രൂപീകരണത്തിനുവേണ്ടി 04.07.2012, 06.08.2012, 14.02.2013 എന്നീ തീയതികളിൽ വർക്കിംങ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും മുൻ കാലങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതിരുന്ന അംഗങ്ങളെ മാറ്റി പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതെന്നും ടി വർക്കിംഗ് ഗ്രൂപ്പുകളുടെ മാർഗ്ഗനിർദ്ദേശപ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ഇപ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കല്ലൂർക്കാട്:- ഗ്രാമപഞ്ചായത്തിൽ 2012-13-ൽ വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2013-14 ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ സമയാസമയം കൂടി പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. കോഴിക്കോട് ജില്ല:

അരിക്കുളം ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതികാലത്ത് വർക്കിംഗ്

				ഗ്രൂപ്പുകൾ കൃത്യമായി ചെയ്തിരുന്നുവെന്നും പശ്ചാത്തല മേഖലകയെക്കുറിച്ച് വിശകലനം നടത്തുന്നതിലും ഫയലുകൾ സൂക്ഷിക്കുന്നതിലെയും അപാകതയാണ് ഓഡിറ്റ് പരാമർശത്തിനിടാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഈ അപാകത ആവർത്തിച്ചിട്ടില്ല. റോഡ് നിർമ്മാണ/സാരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച കാര്യങ്ങൾ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വെച്ച് വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ വികസന സെമിനാറിൽ നിർദ്ദേശിക്കപ്പെട്ട പുതിയമ്പ്ര - ഉമ്മാണിക്കുന്ന് റോഡ്, പുന്നൂർ മഠത്തുപൊയിൽ റോഡ് എന്നിവ പ്രസ്തുത വർഷം പശ്ചാത്തലമേഖലയിൽ പ്രതീക്ഷിച്ച തുകയിൽ കുറവു വന്നതിനാൽ ഒഴിവാക്കേണ്ടി വന്നതിനാലാണ് അംഗീകാരത്തിനായി സമർപ്പിക്കാതിരുന്നത്. എന്നാൽ തുടർ വർഷങ്ങളിൽ ഈ റോഡ് പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കുകയും നടപ്പിലാക്കുകയും യാത്രാ പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭാ ശുപാർശ, വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് പദ്ധതികൾ രൂപീകരിക്കുന്നത്. ഫയലുകൾ ഡോക്യുമെന്റ് ചെയ്യുന്നതിലുള്ള അപാകതയാണ് ഓഡിറ്റ് പരാമർശത്തിനിടയാക്കിയത്. തുടർന്നുള്ള വർഷങ്ങളിൽ ഈ അപാകത ആവർത്തിച്ചിട്ടില്ല എന്നും വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ഇപ്പോൾ സൂക്ഷിച്ച് വരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്നവിവരം

				ബോധിപ്പിക്കുന്നു.
3	2011-12	3.2.7		<u>തിരുവനന്തപുരം ജില്ല</u> വെള്ളറട ഗ്രാമപഞ്ചായത്തിൽ എല്ലാതരം റോഡുകളുടേയും വിശദമായ വിവരം ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതും ആയത് കാലികമായി സൂക്ഷിച്ചിട്ടുള്ളതുമായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. മംഗലപുരം - ആസ്തി രജിസ്റ്ററുകൾ നിലവിൽ കുറ്റമറ്റ രീതിയിൽ പരിപാലിച്ചു വരുന്നതായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ അപാകതകൾ പരിഹരിച്ചും പുതിയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയും ഡിജിറ്റൽ രജിസ്റ്ററുകളായും സൂക്ഷിച്ചിട്ടുള്ളതായും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ റോഡുകളുടെയും വിവരങ്ങൾ ടി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പരമാവധി കുറ്റമറ്റതാക്കിയാണ് ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം അറിയിക്കുന്നു.

നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്ററിൽ പുതിയ വിവരങ്ങൾ കൂട്ടി ഉൾപ്പെടുത്തി പുതുക്കി ഡിജിറ്റൽ രജിസ്റ്ററാക്കി പരിപാലിച്ച് വരുന്നതായി നാവായിക്കുളം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

പനവൂർ ഗ്രാമപഞ്ചായത്തിൽ ഓരോ വർഷവും നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന [illegible] കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ യഥാസമയം ചേർത്ത് ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കാറുണ്ട്. ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടി കുറ്റമറ്റ രീതിയിൽ കാലികമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

<u>കൊല്ലം ജില്ല</u>

നെടുവത്തൂർ ഗ്രാ.പ:- ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി ഡിജിറ്റലൈസ് ചെയ്ത് ഓഫീസിൽ സൂക്ഷിക്കുന്നുണ്ട് എന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം സമർപ്പിക്കുന്നു.

പത്തനാപുരം ഗ്രാ.പ:- 2012-13 വർഷം വരെയുള്ള ആസ്തികളുടെ വിവരങ്ങൾ സർക്കാർ നിർദ്ദേശാനുസരണം തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതും 2014-15 വർഷത്തെ ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചു വരുന്നു എന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം

			സമർപ്പിക്കുന്നു. **<u>പത്തനംതിട്ട ജില്ല</u>** കോഴഞ്ചേരി ഗ്രാ.പ. ആസ്തി രജിസ്റ്ററുകൾ കാലികമായി സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ടെന്നും. വർഷാവർഷങ്ങളിൽ പുതുക്കുന്നുമുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. **<u>ആറന്മുള ഗ്രാമ പഞ്ചായത്ത്</u>** റിപ്പോർട്ട് വേളയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി വരുന്ന ഘട്ടത്തിലാണ് ടി പരാമർശം ഉണ്ടായത് നിലവിൽ അപാകതകൾ പരിഹരിച്ച് പുതിയ ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ഡിജിറ്റലായി സൂക്ഷിച്ചിട്ടുള്ളതും വിവരം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ് എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. **<u>നിരണം ഗ്രാമ പഞ്ചായത്ത്</u>** നിലവിൽ ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിച്ച് വരുന്നതായും വർഷാവർഷങ്ങളിൽ പുതുക്കുന്നുമുണ്ടെന്നും എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. **<u>ഇടുക്കി ജില്ല</u>** 1. ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്: ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടുള്ളതായി

28.9.13-ലെ എ1-9094/12 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. കട്ടപ്പന ഗ്രാമ പഞ്ചായത്ത്: ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടുള്ളതായി 01.10.13-ലെ ബി5-158/13 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കോട്ടയം ജില്ല</u>

കിടങ്ങൂർ, കുറിച്ചി, മണിമല ഗ്രാ.പ-.08.2008-ലെ 56178/എഫ്.എം3/08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ പുതുക്കി അതുവരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും രജിസ്റ്ററിലെ പലകോളങ്ങളിലും വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല തുടർന്ന് 13.01.2010-ലെ 58608/ഡിഎ2/09/തസ്വഭവ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വീണ്ടും രജിസ്റ്റർ പുതുക്കുന്ന നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ആസ്തികളുടെ പൂർണ്ണ വിവരം ലഭ്യമായിരുന്നില്ല. 06.01.2012-ലെ സർക്കാർ ഉത്തരവ് നമ്പർ 59/2012/തസ്വഭവ പ്രകാരം പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ആസ്തികളുടെ പുനഃപരിശോധന നടത്തി അളവുകൾ രേഖപ്പെടുത്തി ഐ.കെ.എം ലഭ്യമാക്കിയ സോഫ്റ്റ് വെയറിന്റെ സഹായത്തിൽ ആസ്തി രജിസ്റ്റർ പൂർണ്ണമായും കുറ്റമറ്റതായും തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

<u>ആലപ്പുഴ ജില്ല</u>

ചെറുതന ഗ്രാ.പ: സംസ്ഥാന സർക്കാർ

				24.8.2008-ലെ 55178/എഫ്.എം3. /2008/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതും അത് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.അതുപോലെ തന്നെ 13.1.2010 ലെ സർക്കുലർ നം.56608/ഡി.ബി.2/2009/തസ്വഭവയിൽ നിർദ്ദേശിക്കുന്ന പ്രകാരം ഡിജിറ്റൽ രജിസ്റ്ററായും സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. നെടുമുടി ഗ്രാമപഞ്ചായത്തിൽ 31.03.2013 വരെയുള്ള ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി ഓൺലൈനായി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. __എറണാകുളം ജില്ല:__ വരാപ്പുഴ, വടക്കേക്കര, കല്ലൂർക്കാട് ഗ്രാ.പ. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. __പാലക്കാട് ജില്ല:__ മാത്തൂർ, അനങ്ങനടി, മുതലമട ഗ്രാ.പ. തുടങ്ങി എല്ലാ ഗ്രാമപഞ്ചായത്തുകളും ആസ്തി രജിസ്റ്ററിൽ 2012-13 വരെയുള്ള വിവരങ്ങൾ പൂർത്തീകരിച്ച് ഐ.കെ.എം-ന് സമർപ്പിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ പുതുതായി ആർജ്ജിച്ചിട്ടുള്ള ആസ്തികൾ കൂടി ഉൾപ്പെടുത്തി രജിസ്റ്റർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും ബോധിപ്പിക്കുന്നു. __മലപ്പുറം ജില്ല:__

				ഊരകം ചാലിയാർ, നെടിയിരുപ്പ് എന്നീ പഞ്ചായത്തുകൾ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ച് വച്ചിട്ടുണ്ട് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. <u>കോഴിക്കോട് ജില്ല</u> ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ ആസ്തി രജിസ്റ്റർ കാലികമാക്കി ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുകയും ഇ-കോപ്പി ഐ.കെ.എം ന് കൈമാറുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ കാലികമാക്കി ഇ-കോപ്പി ഐ.കെ.എം - ന് അയച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. അരിക്കുളം ഗ്രാമപഞ്ചായത്ത് അരിക്കുളം ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ കാലികമാക്കി ഇ-കോപ്പി ഐ.കെ.എം - ന് കൈമാറുകയും ഡിജിറ്റൽ രൂപത്തിൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സമാഹൃത റിപ്പോർട്ടിലെ അനുബന്ധം9 പേജ് നമ്പർ 203 - ൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് എന്ന് പരാമർശിച്ചതിനാൽ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലേക്ക് ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകാൻ ആവശ്യപ്പെട്ടെങ്കിലും, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമല്ല എന്നറിവായി. തുടർന്ന് ലോക്കൽ ഫണ്ട് ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഈ വിഷയം ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടു. ചെറുവണ്ണൂർ -

				നല്ലളം ഗ്രാമപഞ്ചായത്ത് 01.10.2010 മുതൽ കോർപ്പറേഷനിൽ ലയിപ്പിച്ച ഗ്രാമപഞ്ചായത്താണ്. ഈ പരാമർശത്തിന് മറുപടി നേരിട്ട് സമർപ്പിക്കുന്നതിന്, പരാമർശഖണ്ഡിക സഹിതം കോഴിക്കോട് കോർപ്പറേഷൻ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. **<u>വയനാട് ജില്ല:</u>** നെന്മേനി ഗ്രാമപഞ്ചായത്ത് ന്യൂനത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.ആസ്തി രജിസ്റ്റർ തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്ത് 09.07.2014-ന് ഐ.കെ.എം-ന് അയച്ചുകൊടുത്തിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **<u>കണ്ണൂർ ജില്ല:</u>** ചേലോറ ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിവരശേഖരണം പൂർത്തിയാകാത്തതിനാൽ 6-1-2012 ലെ സർക്കാർ ഉത്തരവ് പ്രകാരം 30-1-2012 നകം കുറ്റമറ്റരീതിയിൽ ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിരുന്നില്ല. സർക്കാർ ഉത്തരവ് (സാധാ) 423/13/തസ്വഭവ. തീയ്യതി 15.2.13 പ്രകാരം ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള കാലാവധി 30-4-2013 വരെ ദീർഘിപ്പിച്ചിരുന്നു. ആയതിനുശേഷം 31-1-2013 വരെയുള്ള ആസ്തി രജിസ്റ്ററുകൾ പൂർത്തിയാക്കി ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി ഐ.കെ.എം.ന് സമർപ്പിച്ചിട്ടുണ്ട്. മാടായി ഗ്രാമപഞ്ചായത്തിൽ

				ജീവനക്കാരുടെ അപര്യാപ്തത കാരണം 14-7-2007 ലെ സർക്കാർ ഉത്തരവ് പാലിക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ 31-3-2013 വരെയുള്ള വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പുതുക്കിയ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് ഐ.കെ.എം.ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.
4	2011 -12	3.2.8		പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്താണ് പരാമർശിച്ചിട്ടുള്ളത്, പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിർദ്ദേശം കൃത്യമായി പാലിക്കുന്നതിനും, പൊതുമരാമത്ത്പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ കൃത്യമായി സൂക്ഷിക്കുന്നതിനും അളവു പുസ്തകങ്ങൾ ഫയലിനൊപ്പം സൂക്ഷിക്കുവാനും ആയത് കൃത്യമായി ഓഡിറ്റിൽ ഹാജരാക്കുന്നിനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, പെർഫോമൻസ് ഓഡിറ്റ് വേളകളിൽ അപാകതകൾ പരിഹരിക്കുന്നതിന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചിട്ടുണ്ട്.
5	2011-12	3.2.9		1. തിരുവനന്തപുരം ജില്ല: മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിലവിൽ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

പനവൂർ ഗ്രാമപഞ്ചായത്തിൽ , റോഡ് വികസനത്തിന്റെ ഭാഗമായി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് യഥാസമയം തയ്യാറാക്കി സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന മുൻഗണനാപ്രകാരമാണ് വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ റോഡുകളുടേയും ഒരു ശൃംഖല മാനദണ്ഡങ്ങളെ ആധാരമാക്കി സർക്കാരുത്തരവിന് വിധേയമായി ഈ മേഖലയിലെ വിദഗ്ധരുടെ ഒരു യോഗം വിളിച്ചു ചേർത്ത് എല്ലാ ഭാഗങ്ങളും പ്രയോജനം ലഭിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

വെള്ളറട ഗ്രാമപഞ്ചായത്ത് 2011-12 വർഷത്തെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ സമാഹൃത ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.9 പരാമർശിച്ചിട്ടുള്ള കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്തത് സംബന്ധിച്ച വിഷയം അടുത്ത ഗ്രാമപഞ്ചായത്ത് കമ്മറ്റി മുൻപാകെ അവതരിപ്പിക്കുന്നതും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നതുമാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

2. കൊല്ലം ജില്ല:

നെടുവത്തൂർ, പത്തനാപുരം, ചവറ എന്നീ ഗ്രാമ

				പഞ്ചായത്തുകളിൽ റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് എന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. 3. <u>പത്തനംതിട്ട ജില്ല:</u> തുമ്പമൺ ഗ്രാമ പഞ്ചായത്ത് ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ ശൃംഖല ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് തയ്യാറാക്കാതിരുന്നത്. നിലവിൽ ഗ്രാമസഭ വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയുടെ ശുപാർശയുടെയും ഭരണസമിതി തീരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് മുൻഗണന നിശ്ചയിച്ച് പദ്ധതി തയ്യാറാക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ മാർഗ്ഗനിർദ്ദേശം പാലിച്ചു വരുന്നു എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.
				<u>നാരങ്ങാനം ഗ്രാമപഞ്ചായത്ത്</u> 14/07/2007 ലെ ജി ഒ (എംഎസ് 128/2007 തസ്വഭവ യിലെ ഖണ്ഡിക പ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല അതായത് ഹൈവേയുടെ മേജർ ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസസ്ഥലങ്ങളും എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന്

നൽകുന്നതുമാണ്. ടി കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ലക്ഷ്യവും ഉൾക്കൊള്ളിക്കുന്നതുമാണ്. ആയതിന് ശേഷം കമ്മിറ്റി യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാ ക്രമം നിശ്ചയിക്കുകയും ദീർഘ വീക്ഷണത്തോടെ കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി എല്ലാ ജനങ്ങൾക്കും പ്രയോജനം ലഭിക്കും വിധം പ്രവർത്തനങ്ങൾക്കു രൂപം നൽകുകയും തുടർന്നുള്ള വർഷങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കുന്നതുമാണ് എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

തണ്ണിത്തോട്, കോഴഞ്ചേരി, നിരണം, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചിട്ടുണ്ട്.

4. <u>ഇടുക്കി ജില്ല</u>

കുട്ടപ്പന ഗ്രാമ പഞ്ചായത്ത്: 2014-15 വർഷത്തെ പദ്ധതിയിൽ പ്രോജക്റ്റ് ഉൾപ്പെടുത്തിയതായും ടി പ്രോജക്ടിന് 30.5.14-ലെ 1-3ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ചതായും 23.6.14-ലെ എ1-157/14 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്: കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് 2014-15 വർഷത്തെ

പദ്ധതിയിൽ പ്രൊജക്ട് ഉൾപ്പെടുത്തുന്നതിനായി 17.6.14-ലെ 4(3) തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ചതായി സെക്രട്ടറി 24.6.14-ലെ എ1-9084/12 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിൽ 14.7.2007-ലെ 128/07 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിരുന്നില്ല. ആയത് മാപ്പാക്കണമെന്നും മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കി ബ്ലോക്കിൽ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 7/7/14-ലെ എ4-3178/14 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

കോട്ടയം ജില്ല

കിടങ്ങൂർ ഗ്രാ.പ. 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 12.08.2013ൽ III(3)(a) നമ്പർ തീരുമാനമെടുത്തിട്ടുണ്ട് എന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

നീണ്ടൂർ ഗ്രാമപഞ്ചായത്ത്: നീണ്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.04.2013ലെ 6(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിലെ

				കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതും നടപടികൾ പൂർത്തീകരിച്ചു വരുന്നതുമാണ് എന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. കുറിച്ചി ഗ്രാമപഞ്ചായത്ത്: 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. മണിമല ഗ്രാമപഞ്ചായത്ത്: മണിമല ഗ്രാമപഞ്ചായത്തിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച ചുമതല എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2014/15 വാർഷിക പദ്ധതിയിൽ ടി പ്രോജക്ട് ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണെന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. 6. <u>ആലപ്പുഴ ജില്ല:-</u> ചെറുതന ഗ്രാ.പ 14.5.2007 ലെ ജി.ഒ(എം.എസ് 128/07/തസ്വഭവ യിലെ ഖണ്ഡിക 5-12ൽ നിഷ്കർഷിച്ചിരിക്കുന്നു പ്രകാരം ചെറുതന ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടേയും കണക്ടിവിറ്റി പ്ലാൻ തയാറാക്കി ബ്ലോക്ക് പഞ്ചായത്തിൽ

				സമർപ്പിച്ചിരുന്നതാണ്. എന്നാൽ ടി ഉത്തരവിൽ പറയുന്ന പ്രകാരം കണക്ടിവിറ്റി പ്ലാൻ വിദഗ്ധരുടെ മേൽ നോട്ടത്തിൽ ക്രോഡീകരിച്ച അന്തിമമാക്കിയതിന്റെ അറിയിപ്പ് നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. 7. <u>എറണാകുളം ജില്ല</u> പായിപ്ര ഗ്രാമപഞ്ചായത്തിലെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി സ്പിൽ ഓവർ ആയി 2013-14 സാമ്പത്തിക വർഷം ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവർത്തി പൂർത്തിയായില്ല. 2014-15 ലെ ഭേദഗതി പ്രോജക്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വരാപ്പുഴ, വടക്കേക്കര ഗ്രാമപഞ്ചായത്തുകളിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചതായി എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 8. <u>പാലക്കാട് ജില്ല</u> നാഗലശേരി, അനങ്ങനടി ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചാണ് പരാമർശിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി (അതായത് ഹൈവേയും, മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും)

				ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് സമർപ്പിക്കുന്നതിനും ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ എന്നിവരെ കൊണ്ട് നിർവ്വഹിപ്പിക്കുന്നതിന് പഞ്ചായത്തു സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിച്ചുകൊള്ളുന്നു. 9. <u>മലപ്പുറം ജില്ല:</u> ഊരകം, നെടിയിരുപ്പ് ഗ്രാമപഞ്ചായത്തുകൾ കണ്ടിജൻസി പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് മൂർക്കനാട് ഗ്രാമപഞ്ചായത്ത് കണ്ടിജൻസി പ്ലാൻ തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 08.07.2014-ലെ എ1- 3003/14 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 10. <u>കോഴിക്കോട് ജില്ല:</u> പരാമർശ വിധേയമായ കോഴിക്കോട് ജില്ലയിലെ 3 ഗ്രാമപഞ്ചായത്തുകളിലും കണ്ടിജൻസി പ്ലാൻ തയ്യാറായിട്ടില്ല. ഈ വർഷം ആയത് തയ്യാറാക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബോധിപ്പിച്ചിട്ടുണ്ട്. അരിക്കുളം ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിൽ വിശദമായ പഞ്ചായത്ത് മാപ്പ്

				തയ്യാറാക്കി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നവിവരം പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ ഓരോ വാർഡിലുമുള്ള അടിയന്തിരമായി ചെയ്യേണ്ടി വരുന്ന റോഡുകളുടെ വിപുലീകരണവും, അറ്റകുറ്റപണിയും, നിർമ്മാണവും ജനങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നത്. പഞ്ചായത്തിന്റെ 24.06.14 -ലെ ഭരണസമിതി യോഗത്തിൽ റോഡു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പെരുവയൽ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥലം രേഖപ്പെടുത്തുന്ന ജോലി തീരുന്നമുറക്ക് ആയത് ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ള വിവരം സമർപ്പിക്കുന്നു. 11. <u>കണ്ണൂർ ജില്ല:</u> അഴീക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും പഞ്ചായത്തിലെ എല്ലാ റോഡുകളെയും വ്യക്തമായി കാണിക്കുന്ന കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മരാമത്ത്

				പ്രവർത്തികളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇതിനുള്ള തുക വകയിരുത്തി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മേലിൽ ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ റോഡു പ്രവർത്തികൾ നടപ്പിലാക്കുകയുള്ളുവെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് എന്ന് കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. മാടായി ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാരുടെ അപര്യാപ്തത ഉണ്ടായിരുന്നതിനാൽ 14-7-2007 ലെ ജി.ഒ.(എം.എസ്)128/2007/ തസ്വഭവ. പ്രകാരമുള്ള കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് നൽകാൻ സാധിച്ചിരുന്നില്ല. .... ഡിസംബർമാസത്തിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി ബ്ലോക്കിൽ നൽകുകയും ആയത് പ്രകാരം റോഡ് പ്രവർത്തികൾക്ക് മുൻഗണന നൽകിവരികയും ചെയ്യുന്നുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് എന്ന് കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.
6	2011-12	3.2.10		1. <u>തിരുവനന്തപുരം ജില്ല:</u> മംഗലപുരം ഗ്രാമപഞ്ചായത്തിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. വരും വർഷങ്ങളിൽ ഇതിനായി പദ്ധതി രൂപീകരിച്ച്

നടപടി കൈക്കൊള്ളുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന. വിവരം സമർപ്പിക്കുന്നു.

വെള്ളറട ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന റോഡുകളുടേയും പ്രധാന സ്ഥലങ്ങളുടേയും പേരുവിവരം പ്രദർശിപ്പിക്കുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും അവശേഷിക്കുന്ന സ്ഥലങ്ങളുടേയും റോഡുകളുടേയും വിവരം രേഖപ്പെടുത്തുന്നതിന് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

വെമ്പായം ഗ്രാമപഞ്ചായത്തിൽ നടപ്പ് സാമ്പത്തിക വർഷം തന്നെ ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തി 3 മീറ്ററിലധികം വീതിയുള്ള റോഡുകളിൽ നിർദ്ദേശ പ്രകാരം കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

പനവൂർ ഗ്രാമപഞ്ചായത്തിന്റെ സംരക്ഷണത്തിനുള്ള റോഡുകളിൽ റോഡ് ചെയ്നേജ് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. 2014–15 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

				2. കൊല്ലം ജില്ല: നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ കി.മീ. ഹെക്ടോമീറ്റർ കല്ലുകൾ പഞ്ചായത്തിന്റെ റോഡുകളിൽ സ്ഥാപിച്ചിട്ടില്ല. ആയത് ഈ വർഷം (2014 –15) മാറ്റപ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണെന്ന് എന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പത്തനാപുരം ഗ്രാമപഞ്ചായത്തിൽ കി.മീ, ഹെ.മീ. കല്ലുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ആയത് യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതാണ് പരാമർശത്തിന് ഇടയായത്. ആയത് നടപ്പുസാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണെന്ന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. **3. പത്തനംതിട്ട ജില്ല:** **തുമ്പമൺ ഗ്രാമ പഞ്ചായത്ത്** ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്താൻ സാധിക്കാതിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ നിർദ്ദേശം പാലിക്കുന്നതായിരിക്കും എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. **കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത്** റോഡ് ചെയിനേജ് തുടർ വർഷങ്ങളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ച വിവരം

				ബോധിപ്പിക്കുന്നു. **നാരങ്ങാനം ഗ്രാമ പഞ്ചായത്ത്** നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ 200 ൽ പരം റോഡുകളാണുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് ബോർഡ് സ്ഥാപിക്കുന്നതിനും കി.മീ/ഹെ.മീ. സ്ഥാപിക്കുന്നതിനും ഭാരിച്ച സാമ്പത്തിക ചെലവിന് പുറമേ സർവ്വേ പ്രവർത്തികൾ തുടങ്ങിയ സങ്കീർണ്ണമായ സാങ്കേതിക പ്രവർത്തികളും നിർവ്വഹിക്കുന്നതാനാവശ്യമായ ജീവനക്കാരുടെ അഭാവവും നിമിത്തവുമാണ് ആയത് നടപ്പിലാക്കാൻ സാധിക്കാതെ പോയത് എന്നും. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. **നിരണം ഗ്രാമ പഞ്ചായത്ത്** നിരണം പഞ്ചായത്തിലെ റോഡ് ചെയിനേജ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന്, പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. **4 ഇടുക്കി ജില്ല:** കട്ടപ്പന ഗ്രാമപഞ്ചായത്ത്: സമാഹൃത റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതിനായി 2014-15 പദ്ധതിയിൽ പ്രോജക്റ്റ് വച്ചിട്ടുണ്ട്. ടി പ്രോജക്ടിന് 30.5.14-ലെ 1-൦൦ നമ്പർ തീരുമാന

				പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരട്ടയാർ ഗ്രാമപഞ്ചായത്ത്: സമാഹൃത റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതിനായി 2014-15 പദ്ധതിയിൽ പ്രോജക്റ്റ് വച്ചിട്ടുണ്ട്. ടി പ്രോജക്ടിന് 17.6.14-ലെ 4(3)-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി 24.6.14-ലെ എ1-9094/12 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരിമണ്ണൂർഗ്രാമപഞ്ചായത്ത്:ബഹു.സർക്കാരിന്റെ 16.1.2010-ലെ 165/10 നമ്പർ ഉത്തരവ് പ്രകാരമുള്ള റോഡ് ചെയിനേജ് സംവിധാനം നടപ്പാക്കുന്നതിനായി 2015-16-ലെ പദ്ധതിയിൽ തുക വകയിരുത്തുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 7.7.14-ലെ എ4-3178/14 നമ്പർ കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 5. കോട്ടയം ജില്ല: മണിമല ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. കുറിച്ചി ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി റോഡുകളിൽ ദൂരം കാണിക്കുന്ന കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി കോട്ടയം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

റ്റി.വി.പുരം ഗ്രാമപഞ്ചായത്ത് 29.08.2013 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയിൽ പഞ്ചായത്ത് പരിധിയിലുള്ള റോഡുകളിൽ ബോർഡുകൾ, കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും വരും വർഷങ്ങളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഗ്രാമസഭയുടെയും അംഗീകാരത്തിനു വിധേയമായി ആയതിലേക്ക് പ്രോജക്ട് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി റോഡുകളിൽ ദൂരം കാണിക്കുന്ന കല്ലുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 12.08.2013ൽ തീരുമാനമെടുത്തിട്ടുണ്ട് എന്ന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

നീണ്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.04.2013-ലെ 6(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റോഡുകളിൽ റോഡിന്റെ പേര്, ദൈർഘ്യം എന്നിവ കാണിക്കുന്ന ബോർഡും ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

				6. ആലപ്പുഴ ജില്ല: രാമങ്കരി ഗ്രാമപഞ്ചായത്തിൽ കി.മീ, ഹെ.മീ. കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണെന്ന് ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. ചെറുതന ഗ്രാമപഞ്ചായത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം 16.01.2010-ലെ സ.ഉ(സാധാ)നം. 165/2010-ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു. നൂറനാട് ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണം പൂർത്തിയാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ ദൂരം എന്നിവ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാറുണ്ടെന്നും ദൂരം വ്യക്തമാക്കുന്നതിന് ഹെ.മീ. കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. നെടുമുടി ഗ്രാമപഞ്ചായത്തിൽ 26.07.13-ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി തീരുമാനം നം VII-(12) ന്റെ അടിസ്ഥാനത്തിൽ കി.മീ. ഹെ.മീ. കല്ലുകൾ സ്ഥാപിക്കുന്നതിന് PWD (റോഡ്സ്) അധികൃതരോട് അഭ്യർത്ഥിക്കുകയും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്ന് ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

7. എറണാകുളം ജില്ല:

പായിപ്ര ഗ്രാമപഞ്ചായത്തിൽ കി.മീ., ഹെ.മീ കല്ലുകൾ സ്ഥാപിക്കുന്നതിനായി സ്പിൽ ഓവറായി 2013-14 സാമ്പത്തിക വർഷം ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങിയിരുന്നു. ഫണ്ടിലെ അപര്യാപ്തതമൂലം പ്രവർത്തി പൂർത്തിയായില്ല. 2014-15 -ലെ ഭേദഗതി പ്രോജക്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

വരാപ്പുഴ, കല്ലൂർക്കാട് ഗ്രാമപഞ്ചായത്തുകളിൽ ടി പദ്ധതി 2014-15 -ൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതിനാൽ 2014-15 പദ്ധതി ഭേദഗതി ചെയ്യുമ്പോൾ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണെന്ന് ബന്ധപ്പെട്ട പഞ്ചായത്തിലെ സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ റോഡുകളിൽ കി.മീ, ഹെ.മീ കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി 6 മാസത്തിനകം പൂർത്തീകരിക്കുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

8. പാലക്കാട് ജില്ല

മാത്തൂർ, മുതലമട, നാഗലശേരി, അനങ്ങനടി, മലമ്പുഴ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ചാണ് പരാമർശിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്ത് വക റോഡുകളുടെ നീളം , വീതി , പേര്, കടന്ന് പോകുന്ന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ

				ബോർഡും,3 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുൽ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. 9. <u>മലപ്പുറം ജില്ല</u> മൂർക്കനാട് ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ റോഡ് ചെയിനേജ് രേഖ പ്പെടുത്തുന്നതിയുള്ള പ്രോജക്ട് ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതാണ് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. കീഴാറ്റൂർ പഞ്ചായത്തിൽ 2014-15 പദ്ധതി മുതൽ ഇവ സ്ഥാപിച്ച് വരുന്നുണ്ട് എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിക്കുള്ള വിവരം ബോധിപ്പിക്കുന്നു. ചാലിയാർ ഗ്രാമപഞ്ചായത്തിൽ റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതിനുള്ള കല്ലുകൾ സ്ഥാപിച്ചിട്ടില്ല. അടുത്ത പഞ്ചായത്ത് കമ്മിറ്റി യിൽ തന്നെ തീരുമാനമെടുത്ത് സ്ഥാപിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുള്ള വിവരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും ബോധിപ്പിച്ചു കൊള്ളു ന്നു. നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സംരക്ഷണത്തിലുള്ള

				റോഡുകൾക്ക് കിലോമീറ്റർ കല്ലുകൾ, ഹെക്ടോമീറ്റർ കല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുളള വിവരവും ബോധിപ്പിച്ചു കൊളളുന്നു. 10 കോഴിക്കോട് ജില്ല: ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്:- സമാഹൃതം റിപ്പോർട്ടിലെ അനുബന്ധം9 പേജ് നമ്പർ 203 - ൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് എന്ന് പരാമർശിച്ചതിനാൽ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലേക്ക് ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകാൻ ആവശ്യപ്പെട്ടെങ്കിലും, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമല്ല എന്നറിയിച്ചു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റുമായി ബന്ധപ്പെട്ടപ്പോൾ ഈ വിഷയം ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടു. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് 01.10.2010 മുതൽ കോർപ്പറേഷനിൽ ലയിപ്പിച്ച ഗ്രാമപഞ്ചായത്താണ്. ഈ പരാമർശത്തിന് മറുപടി നേരിട്ട് സമർപ്പിക്കുന്നതിന്, പരാമർശഖണ്ഡിക സഹിതം കോഴിക്കോട് കോർപ്പറേഷൻ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുളള വിവരം ബോധിപ്പിക്കുന്നു. അരിക്കുളം ഗ്രാമപഞ്ചായത്ത്:- അരിക്കുളം ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിൽ റോഡുകളുടെ ബോർഡും ചെയിനേജും

				സൂചിപ്പിക്കുന്നതും റോഡുകളുടെ വിശദാംശങ്ങൾ അടങ്ങിയതുമായ ബോർഡുകളും കിലോമീറ്റർ കല്ലുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ആയത് ഭരണസമിതിയുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചവിവരം ബോധിപ്പിക്കുന്നു. ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന 150 കി.മീറ്ററോളം വരുന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിനും, സംരക്ഷിക്കുന്നതിനും നിലവിൽ ലഭിക്കുന്ന ഫണ്ട് അപര്യാപ്തമാണ്. ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മുൻഗണനാ ലിസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾക്ക് പരിഗണന ലഭിക്കാത്തതിനാലും ഫണ്ട് അപര്യാപ്തമായതിനാലും റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും, സർക്കാരിൽ നിന്നോ, മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഫണ്ട് ലഭിക്കുന്ന മുറക്ക് ഈ പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. 11. <u>കണ്ണൂർ ജില്ല:</u> അഴീക്കോട് പഞ്ചായത്ത് കമ്മിറ്റിയുടെ 11.9.2013 ന് ചേർന്ന യോഗം ചർച്ച ചെയ്യുകയും പഞ്ചായത്തിന്റെ അധീന പ്രദേശത്തുള്ള റോഡുകളെ തിരിച്ചറിയുന്നതിനുള്ള പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും, കൃത്യമായ ദൂരം കാണിക്കുന്ന കി.മീറ്റർ, ഹെക്ടോമീറ്റർകല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. 2014-15 വർഷത്തിൽ ഇതിനായി തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി

				പ്രവർത്തി പൂർത്തീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ചേലോറ പഞ്ചായത്തിൽ 29.6.13 ന് ചേർന്ന ഭരണ സമിതി ചർച്ച ചെയ്യുകയും 2013-14 വർഷം ഈ പദ്ധതിക്ക് തുക വകയിരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ 2014-15 വർഷം തുക വകയിരുത്തി പദ്ധതി രൂപീകരിച്ച് പ്രോജക്ടിന് മുൻഗണന നൽകി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ റോഡുകളെ തിരിച്ചറിയുന്നതിനുള്ള ബോർഡ് സ്ഥാപിക്കുകയും കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്യുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ചൊക്ലി പഞ്ചായത്തിൽ 26-9-2013 ന് ചേർന്ന ഭരണ സമിതി ചർച്ച ചെയ്യുകയും ചൊക്ലി പഞ്ചായത്തിന്റെ അധീനതയിലുള്ള 3 മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡുകളുടെയും പേര് പ്രദർശിപ്പിക്കുന്ന ബോർഡ് റോഡുകളിൽ കി.മീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോജക്ട് 2014-15 വർഷത്തിൽ തയ്യാറാക്കി പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.
7	2011-12	3.2.11		1. തിരുവനന്തപുരം ജില്ല: മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിലവിൽ വ്യതിയാനം വരുത്തിയ എസ്റ്റിമേറ്റുകൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം

സമർപ്പിക്കുന്നു.

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ സാങ്കേതിക ഉപദേശക സമിതിയുടെ അംഗീകാരത്തിനെക്കാൾ കൂടിയ നിരക്കിൽ സാങ്കേതിക അനുമതി നൽകിയിട്ടുണ്ടെന്ന പരാമർശം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു.

2. <u>ആലപ്പുഴ ജില്ല:</u>

നെടുമുടി ഗ്രാമപഞ്ചായത്ത് 26.07.2013 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം. VII (12)) ഈ പരാമർശം ചർച്ച ചെയ്യുകയും, തുടർന്ന് ബന്ധപ്പെട്ട് അസി. എഞ്ചിനീയറുടെ വിശദീകരണം കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. റ്റി. എസ് ലഭിച്ചിട്ടുള്ളതാണെന്നും സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കുവാൻ കഴിയാതിരിന്നതുമാണെന്ന് ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. <u>പാലക്കാട് ജില്ല:</u>

മാത്തൂർ, മുതലമട, നാഗലശേരി ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ചാണ് പരാമർശിച്ചിട്ടുള്ളത്, സാങ്കേതികമാനുമതി രേഖയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ബന്ധപ്പെട്ട എസ്റ്റിമേറ്റിലും ഉൾപ്പെടുത്തി ആഡിറ്റ് അധികൃതർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതി ന് സമാന ന്യൂനതകൾ വരാതെ ഫയലുകളിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എൽ.എസ്.ജി.ഡി

അസി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിമാരെചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, പെർഫോമൻസ് ഓഡിറ്റ് വേളകളിൽ അപാകതൾ പരിഹരിക്കുന്നതിന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

4. മലപ്പുറം ജില്ല:

നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് ടി.എ.ജി ലെ അംഗങ്ങളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്നില്ല, മോണിറ്ററിംഗ്, ഇൻസ്പെക്ഷൻ വെരിഫിക്കേഷൻ എന്നിവ നടത്തുന്നില്ല. പൂർത്തീകരണ റിപ്പോർട്ട് പരിശോധിച്ച് അംഗീകാരം നൽകുന്നില്ല എന്നീ പരാമർശങ്ങൾ 27.08.2013-ലെ നെടിയിരുപ്പ് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ടി പരാമർശം ബോധ്യപ്പെട്ട് 7(10) നമ്പർ തീരുമാന പ്രകാരം മേലിൽ അപാകത പരിഹരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ള വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8		3.2.12		**1. തിരുവനന്തപുരം ജില്ല:** മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിലവിൽ കരാറുകാർക്ക് കൃത്യമായി സെലക്ഷൻ നോട്ടീസ് അയയ്ക്കുന്നുവെന്നും കരാർ ഉടമ്പടി തയ്യാറാക്കിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. നിലവിൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാരുടെ മേൽ നടപടി സ്വീകരിച്ചു വരുന്നതായും പ്രവർത്തിമൂല്യം കരാർ പ്രകാരമുള്ള തുകയിൽ പരിമിതപ്പെടുത്തുന്നതായും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. **പാലക്കാട് ജില്ല:** മാത്തൂർ, മുതലമട, നാഗലശ്ശേരി, അനങ്ങനടി, മലമ്പുഴ ഗ്രാമപഞ്ചായത്തുകളാണ് പരാമർശിച്ചിട്ടുള്ളത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഒരു സാമ്പത്തികവർഷാരംഭത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കണമെന്ന നിബന്ധന നടപ്പിലാക്കുന്നതിനും കേരളപഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 17(1) പ്രകാരം പൊതുമരാമത്ത് പണിയെ സംബന്ധിച്ച് 3-ാം ഉപചട്ടത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ

പ്രസിദ്ധപ്പെടുത്തേണ്ടതും അവ പണി നടക്കുന്ന പ്രദേശത്തെ ഗ്രാമസഭയുടെ അറിവിലേയ്ക്കായി വായിക്കേണ്ടതുമാണെന്ന് ചട്ടം നടപ്പിലാക്കുന്നതിനും കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 8(6) പ്രകാരം എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സാധനസാമഗ്രികളുടെ അളവ് അവയുടെ ഗുണനിലവാരവും വിലയും കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം അതിനുള്ള കൂലി,മതിപ്പു ചെലവ്,എന്നിവയടങ്ങിയ ഒരു കുറിപ്പ് പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർക്കേണ്ടതാണെന്ന നിബന്ധന നടപ്പിലാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

മലപ്പുറം ജില്ല:

നെടിയിരുപ്പ് പഞ്ചായത്ത് 27.08.2013-ലെ പഞ്ചായത്ത് ഭരണസമിതി 7(10)-ാം നമ്പർ തീരുമാന പ്രകാരം ഇക്കാര്യങ്ങളിന്മേൽ അപാകതകൾ പരിഹരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.

കീഴാറ്റൂർ ഗ്രാ.പ. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ചട്ടങ്ങൾ പ്രകാരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിരുന്നില്ല. ജനകീയാസൂത്രണ പദ്ധതി മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കർമ്മ സമിതികൾ ചേർന്ന് കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഗ്രാമസഭകളുടെ അംഗീകാരം വാങ്ങി അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയത് പ്രകാരമുള്ള ക്രമം പാലിച്ചുകൊണ്ടാണ്

പഞ്ചായത്ത് വിവിധ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത് എന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

കോഴിക്കോട് ജില്ല:

ഉണ്ണികുളം ഗ്രാമപഞ്ചായത്ത്:-

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ വാർഷികപദ്ധതി അംഗീകാരം ലഭിച്ചതിനുശേഷം, പദ്ധതിരേഖ നോട്ടീസ് ബോർഡിലും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, വായനശാലകൾ, ഗ്രാമസഭകൾ, ആവശ്യപ്പെടുന്ന പൊതുജനങ്ങൾ എന്നിവർക്ക് നൽകുന്നതിനാലാണ് പ്രത്യേക മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന വിഷയം ശ്രദ്ധിക്കപ്പെടാതെ പോയതെന്നും, ഇതുമൂലം പദ്ധതി നടത്തിപ്പിന് യാതൊരുവിധ സുതാര്യത കുറവും ഉണ്ടായിട്ടില്ലെന്നും ഭരണസമിതിയുടെ 04.03.2014 ലെ യോഗം വിലയിരുത്തിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഈ അപാകത പരിഹരിച്ച് കൂടുതൽ കൃത്യമായും കാര്യക്ഷമമായും പഞ്ചായത്ത് രാജ്, പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് മരാമത്ത് പ്രവൃത്തികൾ നടത്തപ്പെടുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്:-

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പണികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. എങ്കിലും ഓരോ

				വാർഡിലുമുള്ള അടിയന്തിരമായി ചെയ്യേണ്ടി വരുന്ന മരാമത്ത് പ്രവൃത്തികൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന പാലിച്ചാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത് എന്ന് പഞ്ചായത്ത് ഭരണസമിതി വിലയിരുത്തിയിട്ടുണ്ട്. മേലിൽ ഇത്തരം അപാകതകൾ വരുത്താതെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുമെന്നും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.
9	2011–12	3.2.13		1. <u>തിരുവനന്തപുരം ജില്ല:</u> മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിയുടെ ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തി വരുന്നതായി മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമർപ്പിക്കുന്നു. 2. <u>പത്തനംതിട്ട ജില്ല:</u> നാരങ്ങാനം ഗ്രാമ പഞ്ചായത്ത് നിലവിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തികളിൽ സ്വീകരിക്കേണ്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണ് ഈ പ്രവർത്തികൾ നടത്തി വരുന്നത് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ച വിവരം ബോധിപ്പിക്കുന്നു. തുമ്പമൺ ഗ്രാമപഞ്ചായത്തി നിലവിൽ ഗുണഭോക്തൃ കമ്മറ്റികൾ മോണിട്ടറിംഗ്

നടത്തുന്നുണ്ട്. പ്രവർത്തികളുടെ പൂർത്തീകരണം കഴിഞ്ഞ് ബന്ധപ്പെട്ട വാർഡുകളിലെ മെമ്പറൻമാർ ഉൾപ്പെടെയുള്ള കമ്മറ്റി പരിശോധിച്ചാണ് ഫൈനൽ തുക നൽകുന്നത് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഇടുക്കി ജില്ല:

കരിമണ്ണൂർ ഗ്രാ.പ ടെണ്ടർ ചെയ്ത പണികൾ പരിശോധിക്കുന്നതിനുവേണ്ടി മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ പ്രവൃത്തികൾക്കും മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങി മാത്രമാണ് തുക നൽകുന്നത് എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി [illegible]07.14-ലെ എ4-3178/14 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ടെണ്ടർ ചെയ്ത പണികൾ പരിശോധിക്കുന്നതിനു വേണ്ടി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ പ്രവർത്തികൾക്കും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിമാത്രമാണ് തുക നൽകുന്നതെന്ന് ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

4. എറണാകുളം ജില്ല:

പായിപ്ര ഗ്രാമപഞ്ചായത്തിൽ 2011-12 വർഷങ്ങളിൽ പ്രവർത്തികൾ സംബന്ധിച്ച മോണിറ്റ

റിംഗ് സമിതി നിലവിലുണ്ടായിരുന്നില്ല. 2012-13 മുതൽ എല്ലാ പ്രവർത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നടത്തിവരുന്നത്. മേലിൽ എല്ലാ പ്രവർത്തികളും മോണിറ്ററിംഗ് നടത്തുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ ബെനിഫിഷ്യറി വർക്കുകൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന മോണിറ്ററിംഗ് നടത്തിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. നിലവിൽ ടെണ്ടർ ചെയ്യുന്ന എല്ലാ പ്രവർത്തികളുടെയും മോണിറ്ററിംങും, പരിശോധനയും നടത്തിയതിനു ശേഷമാണ് അന്തിമ ബില്ല് പാസ്സാക്കി തുക നൽകി വരുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

പാലക്കാട് ജില്ല:

മാത്തൂർ,മുതലമട,നാഗലശേരി,അനങ്ങനടി, ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചാണ് പരാമർശിച്ചിട്ടുള്ളത് , മരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നതിന് പണികൾ നടക്കുന്ന ഭാഗങ്ങളിലെ ഗുണഭോക്താക്കളെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിളിച്ച് ചേർത്ത് ഗുണഭോക്തൃ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും മോണിറ്ററിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും, ഗുണഭോക്താക്കളുടെ കമ്മറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെന്ന സർക്കാർ ഉത്തരവ്

(പി)നം183/2007/തസ്വാഭാവ തീയതി 24.07.2007 ഖണ്ഡിക 6(12) ലെ വ്യവസ്ഥ കൃത്യമായി പാലിക്കുന്നതിന് പഞ്ചായത്ത് അസി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും പെർഫോമൻസ് ഓഡിറ്റ് വേളകളിൽ ടി. അപാകതൾ പരിഹരിക്കുന്നതിന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും നിർദ്ദേശം ന[illegible]ണ്. പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

7. കോഴിക്കോട് ജില്ല:

അരിക്കുളം ഗ്രാമപഞ്ചായത്തിൽ ടെണ്ടർ പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിന് നിലവിൽ അതാത് പ്രദേശത്തെ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന കമ്മിറ്റി നിയമാനുസൃതം മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ഓരോ പ്രവൃത്തിയുടേയും രൂപീകരണം മുതൽ പ്രവൃത്തി പൂർത്തിയാക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ മോണിറ്ററിംഗ് സമിതി വിലയിരുത്തി വേണ്ടത്ര നിർദ്ദേശങ്ങൾ നല്കി വരുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതി മോണിറ്ററിംഗിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ 2009-10, 2010-11 വർഷങ്ങളിൽ നടത്തിയ വിവിധ ടെണ്ടർ പ്രവർത്തികളുടെ ഫയൽ, ബില്ല് എന്നിവ ഭരണസമിതി പരിശോധിക്കുകയും, പഞ്ചായത്ത് അംഗങ്ങൾ അവരവരുടെ വാർഡുകളിൽ നടന്ന

				പ്രവർത്തികളുടെ സാമ്പത്തികവും ഭൗതികവുമായ ലക്ഷ്യങ്ങൾ കൈവരിച്ചിരുന്നതായി ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ മോണിറ്ററിംഗ് കമ്മറ്റി പ്രവൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും വിലയിരുത്തൽ നടത്തിയിരുന്നതായും, എന്നാൽ വിവരങ്ങൾ ഫയൽ രൂപത്തിൽ രേഖപ്പെടുത്തി വെക്കുന്നതിലുണ്ടായ വീഴ്ചയാണ് ഓഡിറ്റ് പരാമർശത്തിനു കാരണമായതെന്നും ഭരണസമിതി വിലയിരുത്തി പ്രസ്തുത അപാകത പരിഹരിച്ചുകൊണ്ട് ഇപ്പോൾ യഥാസമയം മോണിറ്ററിംഗ് നടത്തിവരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ 2009-10, 2010-11 വർഷത്തിൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി, സതൃത്യർ[illegible] രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത ആസ്തികൾ ഗുണനിലവാരത്തോടെ ഇപ്പോഴും നിലനില്ക്കുന്നതായും ഭരണസമിതി വിലയിരുത്തിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഗുണഭോക്തൃസമിതിയുടെ മോണിറ്ററിംഗ് യഥാസമയം ഫലപ്രദമായി നടത്തി വരുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

10	2011-12	3.2.14		<u>പത്തനംതിട്ട ജില്ല:</u> നാരങ്ങാനം ഗ്രാമ പഞ്ചായത്ത് ഖണ്ഡികയിലെ പരാമർശങ്ങൾ പ്രകാരം നിലവിൽ പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയായതായുള്ള സാക്ഷ്യപ്പെടുത്തൽ കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലെ വിലയിരുത്തൽ നടത്തി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമായതിന് ശേഷമാണ് പദ്ധതി തുക ചെലവു ചെയ്ത് വരുന്നത് എന്ന് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് ഖണ്ഡികയിലെ പരാമർശങ്ങൾ പ്രകാരം നിലവിൽ പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരാമർശം തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 2014-15 വാർഷിക പദ്ധതി നിർവ്വഹണം മുതൽ ഫലപ്രദമായ മോണിട്ടറിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല മോണിട്ടറിംഗ് സംബന്ധിച്ച് ഒരു ബോധവൽക്കരണം എല്ലാ മോണിട്ടറിംഗ് കമ്മറ്റികൾക്കും നൽകുന്നതാണെന്ന വിവരം പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

				കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഖണ്ഡികയിലെ പരാമർശങ്ങൾ പ്രകാരം നിലവിൽ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മോണിറ്ററിംഗ് സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രോജക്ടുകളും മോണിറ്ററിംഗ് സമിതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള വിവരവും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. തുമ്പമൺ ഗ്രാമപഞ്ചായത്തിൽ നിലവിൽ മോണിറ്ററിങ് കമ്മിറ്റികൾ പരിശോധിച്ച് വിലയിരുത്തി ബോധ്യപ്പെട്ടാണ് പ്രോജക്ട് തുക അനുവദിക്കുന്നത്. ആയതിനാൽ നിലവിൽ ഫലപ്രദമായി മോണിറ്ററിങ് നടത്തുന്നുണ്ടെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.
11	2011-12	3.2.15		എറണാകുളം ജില്ല പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ കാനകളുടെ നിർമ്മാണത്തിൽ കോൺക്രീറ്റിന്റെ അളവ് കനം, ആവശ്യത്തിൽ കൂടുതൽ കാണിച്ച് എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടാകാം. എന്നാൽ ഇപ്പോൾ നിലവിലെ ചട്ടങ്ങൾ അനുസരിച്ചാണ് നിർമ്മാണവും എസ്റ്റിമേറ്റ് തയ്യാറാക്കലും നടക്കുന്നത്. ഇത്തരത്തിലെ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് പഞ്ചായത്ത്

				സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ കാനകളുടെ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ലാത്തതാണ്. മുൻ വർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർമാർക്ക് പ്രദേശത്തെപ്പറ്റി ധാരണയില്ലാത്തതിനാൽ സംഭവിച്ച പിശകായിരിക്കാമെന്നും ഇനി ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ എസ്റ്റിമേറ്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മേലിൽ ഇപ്രകാരം ന്യൂനതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

12	2011-12	3.2.16		1. പത്തനംതിട്ട ജില്ല: നിരണം ഗ്രാമ പഞ്ചായത്ത് തുടർ വർഷങ്ങളിൽ ടി അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു. 2. മലപ്പുറം ജില്ല: ചാലിയാർ ഗ്രാമപഞ്ചായത്തിലെ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടുള്ളതാണ്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം വനംവകുപ്പുമായുള്ള പ്രശ്നം കാരണം നിർമ്മാണം വൈകുകയായിരുന്നു. 18.[illegible]3-ന് അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കുകയും ____ പാലംവഴി കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

13	2011–12	3.2.17		**പത്തനംതിട്ട ജില്ല:** കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് റോഡ് കോൺക്രീറ്റ് റോഡ് ടാറിംഗിനേക്കാൾ കൂടുതൽകാലം നിലനിൽക്കുന്നുണ്ട്, കൃത്യമായ സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

			23	കീഴുകര - നെടുമ്പാറ റോഡ് കോൺക്രീറ്റ്	37150	37150
			24	കീഴുകര - നെടുമ്പാറ - ചരൽക്കുന്നേൽ റോഡ് കോൺക്രീറ്റ്	37850	34586
			25	ചൂലന്ത്രപ്പടി - കളരിക്കൽപ്പടി നടപ്പാത	28500	26178
			26	കടവന്ത്ര - കിഴക്കേത്തുപടി നടപ്പാത കോൺക്രീറ്റ്	25000	23711
			27	മണിവള്ളിപ്പടി - മണിമലമുരുപ്പേൽ നടപ്പാത കോൺക്രീറ്റ്	50000	43206
			28	വാലുമണ്ണിൽപ്പടി - തണുങ്ങാട്ടിൽപ്പടി റോഡ് കോൺക്രീറ്റ്	50000	43732
			29	കാരിനോട്ട് - കുളത്തുംപടി നടപ്പാത	50000	48811
			30	കുന്നേൽപ്പടി ഡിസ്ട്രിക്ട് ഹോസ്പിറ്റൽ നടപ്പാത	31500	28970
			31	കുരങ്ങുമല - ചാപ്പൽപ്പടി റോഡ്	70000	68102
			32	പനച്ചിക്കുഴി - ചരിവുകാലാപ്പടി അമ്പലത്തുംപാറ നടപ്പാത	72378	62584
			33	സെൻ്റ് മേരീസ്കൂൾ - കീഴുകര റോഡ് റീടാറിംഗ്	935000	933534

14	2011-12	3:2.1[illegible]		1. <u>പത്തനംതിട്ട ജില്ല:</u> നാരങ്ങാനം ഗ്രാമ പഞ്ചായത്ത് പഞ്ചായത്തിലെ ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമായാണ് നടപ്പിലാക്കി വരുന്നത് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു. 2. <u>കോട്ടയം ജില്ല:</u> നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ മത്സരം കുറവായിരുന്ന പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിനാലാണ് നെഗോസിയേഷൻ നടത്താതിരുന്നത്. വരും വർഷങ്ങളിൽ ഈ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും ഇതിനായി ടെണ്ടർ പരസ്യം പ്രമുഖ ദിനപത്രങ്ങളിലും ഐ.കെ.എം ന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട്

ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

3. എറണാകുളം ജില്ല:

പായിപ്ര ഗ്രാമപഞ്ചായത്തിൽ 22 വാർഡുകളാണുള്ളത്. ഏകദേശം 100- ഓളം പദ്ധതികൾ ഒരു വർഷം നടപ്പിലാക്കുന്നു. ടെണ്ടറിന് നിയമാനുസൃത പരസ്യങ്ങൾ നൽകാറുണ്ട്. എന്നാല ഒന്നോ രണ്ടോ ടെണ്ടറുകൾ മാത്രമേ വരാറുള്ളൂ. ആയത് റീ ടെണ്ടർ ചെയ്താലും കൂടുതൽ പ്രയോജനം ലഭിക്കാത്ത സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിംഗിൾ ടെണ്ടറും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പിൽ വരുമ്പോൾ പ്രദേശിക കരാറുകാർ അല്ലാത്തവർ പണി നടപ്പിലാക്കാൻ പ്രദേശ വാസികൾ എതിർപ്പ് പ്രകടിപ്പിക്കുകയും അതുവഴി പദ്ധതി നടപ്പിലാവാത്ത സ്ഥിതി വിശേഷം ഉണ്ടാവുകയും ഫണ്ട് ലാപ്സാവുകയും പതിവായിരുന്നു. ഇവയെല്ലാം മുൻ നിർത്തി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കഴിയുന്നത്ര പദ്ധതികൾ ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പിലാക്കുന്നത് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ ടെണ്ടർ നടപടികൾ പത്രപരസ്യം വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ വെബ് സൈറ്റിലും പഞ്ചായത്താഫീസ്, വില്ലേജാഫീസ് തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും പരസ്യപ്പെടു

ത്തുന്നുണ്ട്. ഒരു ടെണ്ടർമാത്രം വരുന്ന പ്രോജക്ടുകളിൽ റീ ടെണ്ടർ നടത്താറുണ്ട്. രണ്ട് ടെണ്ടർ മാത്രം ലഭിച്ച സന്ദർഭങ്ങളിൽ ജി.ഒ (പി) നം.322/2003/തസ്വഭവ/തീയതി 03.11.2003 ഉത്തരവിലെ 4 (2) ഖണ്ഡിക പ്രകാരവും ബന്ധപ്പെട്ട എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലുമാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത്. എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിരുന്നത് എന്ന വിവരവും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികളുടെ ടെണ്ടറുകൾ പത്രപരസ്യം വഴി വ്യാപകമായ പ്രചാരണം ലഭ്യമാകുന്ന വിധത്തിൽ നിയമാനുസൃത മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടാണ് നൽകിയിട്ടുള്ളതെന്നും. പത്രപരസ്യം നൽകിയിട്ടും ഭൂരിഭാഗം പൊതുമരാമത്ത് പണികൾക്കും സിംഗിൾ ടെണ്ടറുകൾ മാത്രമാണ് ലഭിച്ചതെന്നും കുറഞ്ഞ അടങ്കലിലുള്ള പൊതുമരാമത്ത് പണികൾ ആയതിനാൽ കരാറുകാർ ടെണ്ടറുകൾ സമർപ്പിക്കുന്നതിൽ വിമുഖത കാട്ടിയതായും വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചാൽ തന്നെ പത്രപരസ്യത്തിന് വീണ്ടും പരസ്യചെലവുകൾ കൊടുക്കാമെന്നല്ലാതെ ആരും തന്നെ പുതുതായി ടെണ്ടറുകൾ വെയ്ക്കുന്നതിന് വരാത്തതുമായ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ എൽ. എസ്. ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ

			എസ്റ്റിമേറ്റ	ശുപാർശയുടെ അടിസ്ഥാനത്തിലുമാണ് പഞ്ചായത്ത് കമ്മിറ്റി ലഭ്യമായ സിംഗിൾ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിലോ അതിൽ കുറവോ ആയിട്ട് ടെണ്ടർ നൽകിയിട്ടുള്ളവർക്ക് കരാർ നൽകിയത് എന്ന് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ള വിവരം സമർപ്പിക്കുന്നു. കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ കൂടുതലും ഗുണഭോക്തൃസമിതി ഏറ്റെടുത്ത് പ്രവർത്തികൾ നടത്തിയിട്ടുള്ളതാണ്. വളരെക്കുറച്ച് പ്രവർത്തികൾ മാത്രമേ കരാറുകാർ നടത്തിയിട്ടുള്ളൂ. ടെണ്ടർ ക്ഷണിക്കുമ്പോൾ പ്രധാനപത്രങ്ങളിലും നോട്ടീസ് ബോർഡുകളിലും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ഒന്നോ, രണ്ടോ ടെണ്ടറുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. പിന്നീട് റീ ടെണ്ടർ ക്ഷണിച്ചിട്ടാണ് ടെണ്ടറുകൾ ഉറപ്പിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

15	2011-12	3.2.19		**ആലപ്പുഴ ജില്ല:** ചെറുതനഗ്രാമ പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ 9.12.2004 ജി.ഒ(എം.എസ് 330/04/തസ്വഭവ നമ്പർ പ്രകാരവും ,നം 68228/എഫ്.01/2012/തസ്വഭവ തീയതി 28.11.2012 ലെ നിർദ്ദേശങ്ങളും പരമാവധി പാലിച്ചും ഭരണസമിതിയുടെ അന്തിമതീരുമാനത്തിനു വിധേയമായും മാത്രമാണ് പദ്ധതികൾ നിർവ്വഹണം നടത്തിയിരിക്കുന്നത് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

16	2011–12	3.2.21		പാലക്കാട് ജില്ല നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് 1) 2008/09 ആഞ്ഞാവ് വല്ലംകുണ്ട് ചീർപ്പ് നിർമാണം മുൻകൂർ തുക 25000/- രൂപ, പണി പൂർത്തീകരിച്ചു. 2) 2009-10 വർഷത്തിൽ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം മുൻകൂർ തുക 30500/- രൂപ, പണി പൂർത്തീകരിച്ചു. 3) 2010-11 വർഷത്തിൽ പൊട്ടക്കുഴി മണ്ണാറക്കൽ റോഡ് മെറ്റലിങ്ങ് നിർമ്മാണം മുൻകൂർ തുക 7500/- രൂപ, പണി പൂർത്തീകരിച്ചു പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

17	2011-12	3.2.22		ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല:- അധികാരപരിധിയിൽ വരുന്ന റോഡുകളുടെ ഉണ്ണികുളം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഭാഗങ്ങൾ വളരെ ശോചനീയവും ഗതാഗതയോഗ്യ മല്ലാതായിത്തിരുകയും ചെയ്യുകയും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലും, ഗ്രാമസഭയുടെ പ്രഥമപരിഗണന ഉള്ള റോഡുകളായതിനാലും

				പ്രസ്തുത റോഡ് പ്രവൃത്തികൾ പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരികയായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ വന്നിട്ടില്ലെന്നും ഇത്തരം റോഡുകളുടെ ലിസ്റ്റ് അതാത് പഞ്ചായത്തുകൾക്ക് കൈമാറിയാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളവിവരം ബോധിപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011 - 12 - 3.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ - നടപടി വിശദീകരണ പത്രിക

ക്രമ നം.	ഖണ്ഡിക നമ്പർ		ശുപാർശ/നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി
1	3.2.6 (1)		**കോട്ടയം നഗരസഭ :-** കോട്ടയം നഗരസഭയിൽ വികസന പ്രവർത്തനങ്ങൾ വാർഡ് സഭകളുടെ നിർദ്ദേശങ്ങൾ പ്രകാരമാണ് തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. നിലവിൽ മിനിട്ട്സ് ബുക്കുകൾ യഥാവിധി സൂക്ഷിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മുനി:കൗൺസിൽ ടി വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നതിനും വാർഡ് കോർഡിനേറ്റർമാർക്ക് കർശന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുന്നതുമായിരിക്കും. ഭാവിയിൽ ഇത്തരം അപാകതകൾ വരാത്ത വിധം കുറ്റമറ്റ വിധം ശ്രദ്ധിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.ആയതിനാൽ ഈ തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിയ്ക്കുന്നു.
2	3.2.6(2)		**ചാവക്കാട് നഗരസഭ :-** മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനോടൊപ്പം നിർവ്വഹണചുമതലയുള്ള ഉദ്യോഗസ്ഥൻ വാർഡ് സഭയിൽ അവതരിപ്പിക്കേ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് വാർഡ് സഭയുടെ അംഗീകാരം വാങ്ങുന്നതിന് കഴിയാതിരുന്നത്. റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എൻജിനീയർക്ക് നിർദേശം നൽകുന്നതാണ്. **ഇരിഞ്ഞാലക്കുട നഗരസഭ :-** വാർഡ് സഭകൾ കൂടി വാർഡ് സഭകളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് നഗരസഭയിലെ റോഡുകളുടെ നിർമ്മാണ/ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പദ്ധതികൾ തയ്യാറാക്കുന്നത്. അവലോകന റിപ്പോർട്ടുകൾ വാർഡ് സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
3	3.2.6(4)		**കൊച്ചി കോർപ്പറേഷൻ :-** കൊച്ചി നഗരസഭയിൽ തനതു ഫ് ഉപയോഗിച്ച് വാർഡ് തലത്തിലുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട വാർഡ് സഭായോഗ തീരുമാനപ്രകാരമാണ് നടത്തി വരുന്നത്. പ്രവൃത്തികൾ സംബന്ധിച്ച് രേഖാ മൂലമുള്ള വിവരങ്ങൾ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേവ ഇപ്പോൾ പ്രദർശിപ്പിച്ചു വരുന്നു. വാർഡ് സഭാ തീരുമാനങ്ങൾ മാറ്റം വരുത്താതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതിനായി കൗൺസിലർ. കോ-ഓർഡിനേറ്റർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടു് അപാകതകൾ ഉാകാതിരിക്കുവാൻ പ്രത്യേകം

			ശ്രദ്ധിക്കുന്നതാണ്.
4.	3.2.7		1. **പാലാ നഗരസഭ** :- പാലാ നഗരസഭയിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ആരംഭിച്ചതോടുകൂടി ആസ്തി രജിസ്റ്റർ നിലവിലുള്ളതാണ്. 2013-14 വർഷം വരെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലോചിതമായി പരിഷ്ക്കരിച്ച് വന്നിട്ടു. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തി നൽകിയിട്ടുള്ളതായി കൂപിടിക്കപ്പെട്ടാൽ ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ കാര്യത്തിൽ കാലോചിതമായ തിരുത്തലുകൾ വരുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടു. 2. **ചാവക്കാട് നഗരസഭ** :- ആസ്തി രജിസ്റ്ററിന്റെ കമ്പ്യൂട്ടറൈസേഷൻ 2013-14 വർഷത്തിൽ പൂർത്തീകരിച്ചിട്ടു. 3. **ഇരിഞ്ഞാലക്കുട നഗരസഭ** :- നഗരസഭയിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് 31-03-2013 വരെ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്. 31-03-2014 വരെയുള്ള ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടു.

4. **കാഞ്ഞങ്ങാട് നഗരസഭ :-** കാഞ്ഞങ്ങാട് നഗരസഭയിൽ 31.3.2014 വരെയുള്ള നഗരസഭയുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

5. **തിരുവനന്തപുരം നഗരസഭ :-** നഗരസഭയിൽ ആസ്തി രജിസ്റ്റർ നിലവിലുള്ളതും ആയത് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

6. **കൊല്ലം നഗരസഭ :-** ആസ്തി രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നു.

7. **കോട്ടയം നഗരസഭ :-** ആസ്തി രജിസ്റ്റർ കുറ്റമറ്റതും പൂർണ്ണവും ആക്കി കാലികമായ മാറ്റങ്ങൾ വരുത്തി ഐ.കെ.എം ന്റെ സോഫ്റ്റ് വെയറിലൂടെ വിവരങ്ങൾ പുതുക്കുന്ന പ്രക്രിയ ഏകദേശം അവസാന ഘട്ടത്തിൽ എത്തികഴിഞ്ഞിട്ടുള്ളതാണ്. എത്രയും പെട്ടന്നുതന്നെ നടപടികൾ പൂർത്തീ കരി ക്കുന്നതാണെന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

8. **ചങ്ങനാശ്ശേരി നഗരസഭ :-** നഗരസഭയിൽ ആസ്തി രജിസ്റ്റർ ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടു. വാർഷിക പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്ഡേറ്റ് ചെയ്യുന്നതാണ്.

9. **ആലപ്പുഴ നഗരസഭ :-** കേരള സർക്കാരിന്റെ ഉത്തരവുകൾ (1) സ.ഉ.(എം.എസ്)363/05 ത.സ്വ.ഭ.വ തീയതി 2/12/2010 (2) സർക്കുലർ നമ്പർ 50412/ഡി.ബി2/11 ത.സ്വ.ഭ.വ തീയതി 23/5/2012 (3) സ.ഉ.(കൈ) നമ്പർ 212/2012 ത.സ്വ.ഭ.വ തിരുവനന്തപുരം 6.8.12 എന്നിവയ്ക്ക് അനുസൃതമായി 1/4/2013 വരെ ആലപ്പുഴ നഗരസഭയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടു. പ്രസ്തുത രജിസ്റ്ററുകളിൽ നഗരസഭ ആർജ്ജിച്ചിട്ടുള്ള എല്ലാ റോഡുകളും കെട്ടിടങ്ങളും വിട്ടുകിട്ടിയ സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടു. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഉത്തരവിൽ പറഞ്ഞിട്ടുള്ള പ്രകാരം റോഡുകളുടെ നീളം, വീതി എന്നിവ രേഖപ്പെടുത്തിയിട്ടു. എന്നാൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിവിധ കാലയളവുകളിൽ ഒരേ പ്രവൃത്തികൾ തന്നെ പല പേരുകളിൽ ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടു. ടി ന്യൂനത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

10. **കൊച്ചി നഗരസഭ :-** ആസ്തി രജിസ്റ്റർ കാലികമായി പുതുക്കി തയ്യാറാക്കിയത് കൗൺസിൽ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. അംഗീകാരം ലഭിച്ചതിന് ശേഷം ഓഡിറ്റിന് നൽകുന്നതാണ്.

11. **കൊടുങ്ങല്ലൂർ നഗരസഭ :-** നഗരസഭ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ പദ്ധതി വിഹിതം വിനിയോഗിച്ച് ആർജ്ജിച്ചിട്ടുള്ളതും സർക്കാർ വിട്ടുതന്നിട്ടുള്ളതുമായ എല്ലാ തരം ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർത്തുവരുന്നു. 2012-13 വരെയുളള എല്ലാ ആസ്തികളും ഇപ്രകാരം ചേർത്ത് ഡിജിറ്റൽ രജിസ്റ്ററുകളായി സൂക്ഷിക്കുന്നു. 2013-14 വർഷത്തേത് പൂർത്തിയാക്കി വരുന്നു.

ടി രജിസ്റ്ററിൽ നഗരസഭയുടെ അധീനതയിലുള്ള റോഡുകളുടെ നിളം, വീതി, ചെയിനേജ്, തരം ,വിവിധ അറ്റകുറ്റപ്പണികൾ, കാലകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ വിവരം, പ്രവൃത്തി ഏറ്റെടുത്ത കാലയളവ് , ചെലവഴിച്ച തുക തുടങ്ങിയ ചേർക്കുന്നു. എന്നാൽ എം.എൽ.എ ഫ്, എം.പി.ഫ്, ബ്ലോക്ക് ഫ് എന്നിങ്ങനെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല ആയവ കൂടി ഉൾപ്പെടുത്തി രജിസ്റ്റർ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

			12. ഗുരുവായൂർ നഗരസഭ :- ഗുരുവായൂർ നഗരസഭയിൽ ആസ്തി രജിസ്റ്റർതയ്യാറാക്കി ഇ.കോപ്പി ഇൻഫർമേഷൻ കേരളാമിഷന് നൽകിയിട്ടുള്ളതാണ്. **13. കുന്നംകുളം നഗരസഭ :-** കുന്നംകുളം നഗരസഭ ആസ്തി രജിസ്റ്റർ ഇപ്പോൾ പരിപാലിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ പുതുക്കുന്നതിനും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ട്. നിലവിൽ കഗങ്ങ സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ട്. **14. തൃശ്ശൂർ നഗരസഭ :-** ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തൃശൂർ കോർപ്പറേഷനിലെ ആസ്തി റജിസ്റ്ററിൽ മറ്റ് ആസ്തികളോടൊപ്പം റോഡുകളുടെ വിവരങ്ങളും ചേർത്ത് വർഷാവർഷം പുതുക്കുന്നു്. റോഡുകളുടെ നീളം, വീതി ചെയിനേജ്, തരം, വിവിധ അറ്റകുറ്റപ്പണികൾ/ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിയ വിവരങ്ങൾ, പുതുതായി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ വിവരം, പ്രവൃത്തി ഏറ്റെടുത്ത കാലയളവ്, ചിലവഴിച്ച തുക തുടങ്ങിയ വിവരങ്ങൾ ആസ്തി റജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷൻ എഞ്ചിനീയർക്ക് നൽകിയിട്ട്. **15. പാലക്കാട് നഗരസഭ :-** **16. കണ്ണൂർ നഗരസഭ :-** സർക്കാർ നിർദ്ദേശിച്ചത് പ്രകാരം പൂർണ്ണമായും ഡിജിറ്റലായി കണ്ണൂർ നഗരസഭയിലെ ആസ്തി രജിസ്റ്റർ 2013 മാർച്ച് 31 വരെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ട്. 2013 മാർച്ച് 31 ന് ശേഷം നാളിതുവരെയുള്ള വിവരങ്ങൾ 31-7-2014 നകം അപ്ഡേറ്റ് ചെയ്യുന്നതും ഇനി മുതൽ വിവിധ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുമ്പോൾ അവ അപ്പോൾ തന്നെ അപ്ഡേറ്റ് ചെയ്യുന്നതുമായിരിക്കും. **17. തലശ്ശേരി നഗരസഭ :-** തലശ്ശേരി നഗരസഭയുടെ ആസ്തി രജിസ്റ്ററുകൾ അപാകതകൾ പരിഹരിച്ചും 2013 മാർച്ച് 31 വരെയുള്ള പുതിയ ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയും ഡിജിറ്റലൈസ് ചെയ്ത് തയാറാക്കി സൂക്ഷിച്ചിട്ട്. ആയതിന്റെ ഒരു കോപ്പി ഐ.കെ.എം നും വകുപ്പ് മേധാവിക്കും നൽകിയിട്ട്. ആസ്തി രജിസ്റ്റർ നിലവിൽ അപ്ഡേറ്റ് ചെയ്തു വരുന്നു്.
5	3.2.8		**1. പാലക്കാട് നഗരസഭ :-** **2. തിരുവനന്തപുരം നഗരസഭ :-** മരാമത്ത് പണികളുമായി ബന്ധപ്പെട്ട ടെൻഡർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ ഡ്രോയിംഗ് ബ്രാഞ്ചിൽ കൃത്യമായി രേഖ പ്പെടുത്തി സൂക്ഷിക്കുന്നു്. എം. ബുക്കുകൾ അസിസ്റ്റന്റ് എൻജിനീയർമാരുടെ പക്കലും, ഫയലുകൾ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കു മാരുമാണ് സൂക്ഷിക്കുന്നത്. നിർമ്മാണം പ്രവൃത്തികൾ പൂർത്തിയായ അളവ് പുസ്തകങ്ങൾ ബന്ധപ്പെട്ട ഫയലുകൾ ക്കൊപ്പം സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ട് **3. കൊച്ചി നഗരസഭ :-** ബിറ്റുമിൻ വാങ്ങുന്നതിലേയ്ക്കായി പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇൻവോയ്സ് വാങ്ങി തുക അടച്ചതിന്

			ശേഷം പ്രവർത്തികളുടെ ആവശ്യാനുസരണം ബിറ്റുമിൻ വാങ്ങുകയും അതാത് സോണൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ ഫയലിലും സ്റ്റോക്ക് രജിസ്റ്ററിലും എൻട്രി വരുത്തി വിതരണം ചെയ്യുന്നു. തൻമൂലം കണക്കുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ നിന്നും സ്റ്റോക്ക് രജിസ്റ്ററുകളിൽ നിന്നും ലഭിക്കുന്നതാണെന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നു.
6	3.2.9		1. **പാലാ നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന താണ്. വിഷയം കൗൺസിലിലേയ്ക്ക് അജയാക്കിയിട്ട് 2. **ഇരിഞ്ഞാലക്കുട നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 3. **തിരുവനന്തപുരം നഗരസഭ :-** നഗരസഭകളുടെ റോഡുകൾ താരതമ്യേന വളരെ വീതി കുറഞ്ഞതായ റോഡുകളാണ്. റോഡ് ടാറിംഗ് പ്രവൃത്തികളും കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്യുന്നത്. സാധാരണ ഗതിയിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി വരുന്നില്ല. എന്നാൽ പ്രധാന റോഡുകളെ കണക്ട് ചെയ്തു വരുന്ന റോഡുകളെ ബന്ധപ്പെടുത്തി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നത് അഭികാമ്യമായിരിക്കും. ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 4. **കോട്ടയം നഗരസഭ :-** 14/7/2007 ലെ ജിഒ പ്രകാരം റോഡിന്റെ കണക്ടിവിറ്റി പ്ലാൻ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ്. നഗരസഭ പ്രദേശം ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്നതല്ല. ഭാവിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുംവിധം പ്രവൃത്തികൾ രൂപം നൽകുന്നതിന് ശ്രദ്ധിക്കുന്നതാണ്. ആകെയാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നു അപേക്ഷിച്ചു കൊള്ളുന്നു. 5. **ചങ്ങനാശ്ശേരി നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നാൽ നഗരസഭാ പരിധിയിലെ മുഴുവൻ റോഡുകളും ഉൾക്കൊള്ളിച്ച് റോഡ് മാപ്പ് തയ്യാറാക്കിയിട്ട്. ഇവയിൽ നിന്നും അടിയന്തിര അറ്റകുറ്റപ്പണി നടത്തേണ്ടുന്ന റോഡുകൾ വാർഡുസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ ഏറ്റെടുക്കുകയാണ് ചെയ്ത് വരുന്നത്. ഓഡിറ്റ് പരാമർശം വർക്കിംഗ് ഗ്രൂപ്പിന് നിർദേശമായി നൽകുന്നതാണ്

			6. **കൊച്ചി നഗരസഭ :-** കണക്ടിവിറ്റി റോഡ് പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിച്ചിട്ട്. 7. **ചാലക്കുടി നഗരസഭ :-** ചാലക്കുടി നഗരസഭയിൽ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആയത് തയ്യാറാക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ്. 8. **ചാവക്കാട് നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനും റോഡുകളിൽ കിലോമീറ്റർ/ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 9. **ഗുരുവായൂർ നഗരസഭ :-** വാർഡുസഭ മുഖാന്തിരമാണ് ഭൂരിഭാഗം പ്രവർത്തികളും നഗരസഭയിൽ നടപ്പാക്കുന്നത്. കണക്ടിവിറ്റി പ്ലാൻ ബാധകമല്ല. 10. **കുന്നംകുളം നഗരസഭ :-** ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്ത് റോഡുകളുടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾ കണക്ടിവിറ്റി റോഡ് പ്ലാൻ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കേതുമു്. എന്നാൽ നഗരസഭയിൽ ഇപ്രകാരം ത്രിതല പഞ്ചായത്ത് സംവിധാനമില്ലാത്തതിനാൽ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി തയ്യാറാക്കുന്നത്. 11. **തൃശ്ശൂർ നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ, സമഗ്ര റോഡ് വികസന പ്ലാൻ എന്നിവ അടുത്ത പദ്ധതി വർഷം മുതൽ തൃശൂർ കോർപ്പറേഷനിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 12. **തലശ്ശേരി നഗരസഭ :-** തലശ്ശേരി നഗരസഭയുടെ ആസ്തി രജിസ്റ്ററുകൾ അപാകതകൾ പരിഹരിച്ചും 2013 മാർച്ച് 31 വരെയുള്ള പുതിയ ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയും ഡിജിറ്റലൈസ് ചെയ്ത് തയയാറാക്കി സൂക്ഷിച്ചിട്ട്. ആയതിന്റെ ഒരു കോപ്പി ഐ.കെ.എം നും വകുപ്പ് മേധാവിക്കും നൽകിയിട്ട്. ആസ്തി രജിസ്റ്റർ നിലവിൽ അപ്ഡേറ്റ് ചെയ്തു വരുന്നു. 13. **ആലപ്പുഴ നഗരസഭ :-** കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ നാളിതുവരെ ആയിട്ടില്ല. കൗൺസിലുമായി ആലോചിച്ച് തുടർ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. 14. ആലുവ നഗരസഭ: റോഡ് കണക്റ്റിവിറ്റി പ്ലാൻ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ളതാണ്. N.H, PWD തുടങ്ങിയ പ്രധാന റോഡുകളും, മുനിസിപ്പൽ റോഡുകളും പ്ലാനിൽ രേഖപ്പെടുത്തിയിട്ട്. മുനിസിപ്പൽ റോഡുകളുടെ നീളം, വീതി എന്നിവയുടെ ലിസ്റ്റും തയ്യാറാക്കിയിട്ട്. റോഡ്

			കണക്റ്റിവിറ്റി പ്ലാൻ പരിശോധിച്ചാണ് പുതിയ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചുവരുന്നത്.
6	3.2.10		1. **പാലാ നഗരസഭ :-** പാലാ നഗരസഭയിൽ എല്ലാ റോഡുകളിലും ദിശാബോർഡുകൾ സ്ഥാപിച്ചിട്ടുട്. പ്രസ്തുത സർക്കാർ ഉത്തരവിലെ മറ്റു കാര്യങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കുന്നതാണ്. 2. **ഇരിഞ്ഞാലക്കുട നഗരസഭ :-** സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതാണ്. 3. **കാഞ്ഞങ്ങാട് നഗരസഭ :-** നഗരസഭയുടെ അധീനതയിലുള്ള റോഡുകളിൽ കിലോമീറ്റർ / ഹെക്ടോമീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ്. 4. **തിരുവനന്തപുരം നഗരസഭ :-** തിരുവനന്തപുരം നഗരസഭയുടെ റോഡുകൾ താരതമ്യേന നീളവും വീതിയും കുറവുള്ളതാണ്. അതുകൊ് മിക്കവാറും റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ വയ്ക്കുന്നത് ആവശ്യമില്ലാത്തതാണ്. എന്നാൽ പ്രധാനപ്പെട്ടതും വീതി കൂടിയതുമായ റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. 5. **കൊല്ലം നഗരസഭ :-** റോഡുകളിൽ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു്. 6. **കോട്ടയം നഗരസഭ :-** റോഡ് ചെയിനേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടു ള്ളതാണ്. കാല താമസം കൂടാതെ നടപ ടികൾ പൂർത്തിയാക്കുന്നതാ ണെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. ആകെയാൽ ഓഡിറ്റ് തടസ്സം ഒഴിവാ ക്കണമെന്നപേക്ഷിച്ചു കൊള്ളുന്നു. 7. **ചങ്ങനാശ്ശേരി :-** നഗരസഭാ റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന ഗവൺമെന്റ് ഉത്തരവ് കൗൺസിൽ മുമ്പാകെ സമർപ്പിച്ച് നടപ്പിലാക്കുന്നതാണ്. 8. **കൊച്ചി നഗരസഭ :-** റോഡുകളുടെ പേര്, ദൂരം എന്നിവ രേഖപ്പെടുത്തി കൊുള്ള ബോർഡുകൾ ഇനിയും സ്ഥാപിക്കാനുള്ളത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നഗരസഭാ തലത്തിലുള്ള റോഡുകളിൽ അധികവും, വളരെ വീതി കുറഞ്ഞവയാണ്. അത്തരം റോഡുകളിൽ കല്ലുകൾ സ്ഥാപിച്ചാൽ വഴിയാത്രക്കാർക്കും വാഹനങ്ങൾക്കും തടസ്സമുാക്കുവാൻ സാധ്യതയുള്ളതിനാലാണ് കല്ലുകൾ സ്ഥാപിക്കാതിരിക്കുന്നത്. പ്രസ്തുത വിവരം ശ്രദ്ധയിൽ കൊു വന്നിട്ടുള്ളതാണ്. 9. **പെരുമ്പാവൂർ നഗരസഭ :-** 10. **കൊടുങ്ങല്ലൂർ നഗരസഭ :-** നഗരസഭയുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്ന ജോലി പൂർത്തിയായി വരുന്നു. കിലോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്ന ജോലി അടിയന്തരമായി ചെയ്യുന്നതാണ്. ഇതിനായി വികസന, റോഡ് മെയിന്റനൻസ്, തനതു, ജനറൽ പർപ്പസ് ഫ്ലുകളിൽ നിന്നും തുക കത്തുന്നതാണ്. 11. **ചാവക്കാട് നഗരസഭ :-** 12. **ഗുരുവായൂർ നഗരസഭ :-** നഗരസഭയിൽ ഭൂരിഭാഗം റോഡുകളും നീളം കുറഞ്ഞ റോഡുകളാണ്. റോഡുകൾക്ക് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടുങ്കിലും, കി.മീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശ പ്രകാരം റോഡ് ചെയിനേൻ

			രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 13. **കുന്നംകുളം നഗരസഭ** :- റോഡ് ചെയിനേജ് രേഖപ്പെടുത്തുന്നതിന് ആവശ്യമായ തുകയും കൂടുതൽ ജീവനക്കാരും സാങ്കേതിക സഹായവും വേണ്ടതാണ്. എന്നാൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് കാരണം ഇപ്രകാരം ചെയിനേജ് രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. 14. **തൃശ്ശൂർ നഗരസഭ** :- റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്നും ചെയിനേജ് രേഖപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം കൗൺസിലിന്റെ പരിഗണനയിലാണ്. 15. **കണ്ണൂർ നഗരസഭ** :- നഗരസഭ റോഡുകൾക്ക് നെയിംബോർഡ് കി.മീ സ്റ്റോൺ ഹെക്ടോമീറ്റർ സ്റ്റോൺ എന്നിവ സ്ഥാപിച്ചിട്ടില്ല. റോഡുകളുടെ നാമകരണം നടത്തേത് കെ. എം. എ ആക്ട് സെക്ഷൻ 379 പ്രകാരം കൗൺസിൽ ആണ്. ഇതിനായി ബന്ധപ്പെട്ട വാർഡ് സഭകളുടെ ശുപാർശ സഹിതം കൗൺസിലിലേക്ക് വെക്കുന്നതാണ്. റോഡിന്റെ നാമകരണം പൂർത്തിയാവുന്നതോടെ സ്റ്റോണുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 16. **തലശ്ശേരി നഗരസഭ** :- നഗരസഭയുടെ സംരക്ഷണിത്തിലുള്ള റോഡുകൾ തിരിച്ചറിയുന്നതിന് ബോർഡുകൾ സ്ഥാപിക്കുന്നതിനും കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് തുടർന്ന് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നഗരസഭയിലെ എഞ്ചിനിയറിങ്ങ് വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടു്. 17. **കാസർകോട് നഗരസഭ** :- നഗരസഭാ റോഡുകളിൽ കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്നും ചെയിനേജ് രേഖപ്പെടുത്തണ മെന്നുള്ള ലോക്കൽ ഫ് അക്കൗ് കമ്മിറ്റിയുടെ ശുപാർശ നിലവിൽ കാസർകോട് നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണ്. കൗൺസിൽ തീരുമാനമനുസരിച്ച് ഗവൺമെന്റ് ഉത്തരവിന് വിധേയമായി ടി വിഷയത്തിൽ നഗരസഭ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. 18. **ആലപ്പുഴ നഗരസഭ** :- നഗരസഭയുടെ അധീനതയിലുള്ള പ്രമുഖ റോഡുകൾക്കെല്ലാം ചെയിനേജ് സിസ്റ്റം പാലിക്കാറു്. എന്നാൽ നടപ്പാത ബൈ ലൈനുകൾ എന്നിവയ്ക്കെല്ലാം ചെയിനേജ് നൽകുന്നത് സംബന്ധിച്ച് പ്രായോഗിക ബുദ്ധിമുട്ട് ഉ്. എന്നിരുന്നാലും 26/1/2010-ലെ ഉത്തരവ് പ്രകാരം വേ ക്രമീകരണങ്ങൾ അടിയന്തിരമായി ചെയ്യുന്നതാണ്.
6	3.2.11		

6	3.2.12		1. **ആലുവ നഗരസഭ :-** കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 17(1) പ്രകാരം പൊതുമരാമത്ത് പണിയെ സംബന്ധിച്ച വസ്തുതകൾ നഗരസഭാ നോട്ടീസിൽ പ്രസിദ്ധപ്പെടുത്തുന്നതും, അവ പ്രവൃത്തികൾ നടപ്പാക്കുന്ന അതത് പ്രദേശത്തെ വാർഡ് സഭയുടെ അറിവിലേക്കായി വെയ്ക്കുന്നതിന് ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലത്ത് പ്രവൃത്തികൾ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡുകളും നിലവിൽ സ്ഥാപിച്ചുവരുന്നു്. കൂടാതെ അതത് വാർഡുകളിലെ റെസിഡൻഷ്യൽ അസോസിയേഷൻ പോലുള്ള സംഘടനകളെ ബന്ധപ്പെട്ട വാർഡുകളിലെ നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച വിവരം അതാതാ വാർഡ് കൗൺസിലർമാർ യഥാസമയം അറിയിച്ചുവരുന്നതുമാണ്. 2. **തിരുവനന്തപുരം നഗരസഭ :-** ടെൻഡർ നടപടികളിൽ പ ാലിക്കേ എല്ലാ നിബന്ധനകളും (പത്ര പരസ്യം, വെബ്സൈറ്റ്) പ ാലിച്ചുകൊണ്ട് നഗരസഭ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഏക ടെൻഡർ ഒന്നുംതന്നെ നഗരസഭ അംഗീകരിക്കാറില്ല. എക്സസ് / എക്സ്ട്രാ ഇനങ്ങൾ ഉങ്കെിൽ പുതുക്കിയ ഭരണാനുമതിയും സാങ്കേതിക അനുമതിയും വാങ്ങിയിട്ടുശേഷംമാത്രം അത്തരം പ്രവൃത്തികൾ നടത്തുവാൻ നടപടി സ്വീകരിച്ചിട്ടു്. നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാം ശങ്ങൾ രേഖപ്പെടുത്തിയ ബോർഡ് പണി സ്ഥലത്ത് എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള ഇനം കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമ്മാണ സ്ഥലത്ത് ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടു്. 3. **തൃശ്ശൂർ നഗരസഭ :-** കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം എഗ്രിമെന്റ് വച്ചാണ് തൃശൂർ കോർപ്പറേഷനിൽ പ്രവൃത്തികൾ നടത്തിവരുന്നത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കി വരുന്നു്. കോമ്പറ്റീറ്റീവ് ടെർ ആണ് നടക്കാറുള്ളത്. ഏക ടെർ സാധാരണ അംഗീകരിക്കാറില്ല. നടപടിക്രമങ്ങൾ പാലിച്ച ശേഷമാണ് ഏക ടെർ സ്വീകരിക്കാറുള്ളത്. 4. **തലശ്ശേരി നഗരസഭ :-** ഓഡിറ്റ് നിർദ്ദേശ പ്രകാരം ടെർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ കൈയ്യൊപ്പ് തെളിവിനായി ടെർ രജിസ്റ്ററിൽ മേലിൽ രേഖപ്പെടുത്തുന്നതാണ്. **5. കോഴിക്കോട് നഗരസഭ :-** 1)എസ്റ്റിമേറ്റ് റിപ്പോർട്ട് എല്ലാ എസ്റ്റിമേറ്റിനോടൊപ്പവും വെക്കാറു്. 2) റോഡ്. ഡ്രെയിൻ, ചെറിയ കെട്ടിടങ്ങൾ എന്നിവയുടെ സ്കെച്ചും ലൊക്കേഷനും അതുമായി ബന്ധപ്പെട്ട എ.ഇ യും ഓവർസിയറും തയ്യാറാക്കി എസ്റ്റിമേറ്റിനോടൊപ്പം വെക്കാറു്. വലിയ കെട്ടിടങ്ങൾക്ക് ഡിസൈനും സ്ട്രക്ച്ചറൽ ഡിസൈനിംഗ്, സോയിൽ ടെസ്റ്റ് എന്നിവ നടത്തി ഗവൺമെന്റ് ഓതറൈസ്ഡ് എഞ്ചിനീയർമാർ തയ്യാറാക്കി അംഗീകാരം വാങ്ങിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രവർത്തിക്കാവശ്യമായ

			വസ്തുക്കളെ കുറിച്ചുള്ള വിശദവിവരം പൂർണ്ണമായും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താറില്ല. പ്രവർത്തിയുടെ ആവശ്യകതയെ കുറിച്ചാണ് വിശദമാക്കാറുള്ളത്. തുടർന്ന് പി ഡബ്ല്യു ഡി മാന്വലിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിശദമായ റിപ്പോർട്ട് എസ്റ്റിമേറ്റിനോടൊപ്പം വെക്കുന്നതാണ്. 3) കോഴിക്കോട് നഗരസഭക്ക് പിഡബ്ല്യു ഡി ഡാറ്റാബുക്കിനേയും ഷെഡ്യൂൾ ഓഫ് റേറ്റും ഐആർസി യും ആവറേജ് കൺവേയൻസും ആധാരമാക്കി തയ്യാറാക്കി അംഗീകരിച്ച പൊതുനിരക്ക് ഉ്. ആയത് ഉപയോഗിച്ചാണ് എസ്റ്റിമേറ്റിൽ നിരക്കുകൾ ഉൾപ്പെടുത്തുന്നത്. അതിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് മാത്രമേ വിശദമായ ഡാറ്റാ ഷീറ്റും പ്രത്യേകം നിരക്കുകളും നൽകാറുള്ളു. ആയത് എസ്റ്റിമേറ്റിനോടൊപ്പം സമർപ്പിക്കാറ്റ്. 4)ഡാറ്റാഷീറ്റ് വർക്ക് അബ്സ്ട്രാക്ട് എസ്റ്റിമേറ്റായാണ് മിക്കവാറും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. അതിൽ യൂണിറ്റ് നിരക്കും, അളവും, ചെലവും രേഖപ്പെടുത്താറ്റ്. 5)നിലവിൽ ഫയൽ കവറിലാണ് ഡീറ്റേയ്ൽസ് രേഖപ്പെടുത്താറുള്ളത്. മേലിൽ ഡാറ്റാഷീറ്റ് നിർ ബന്ധമായും വെക്കുന്നതാണ്.

7	3.2.13		1. **പാലാ നഗരസഭ :-** പരാമർശത്തിന്റെ ഗൗരവം ഉൾക്കൊ് റിപ്പോർട്ട് വർഷത്തിനു ശേഷമുള്ള വർഷങ്ങളിൽ ഗുണഭോക്തൃ കമ്മറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തി വരുന്നു. തുടർന്നും ഇപ്രകാരം പരാമർശം പരിഗണിച്ച് തുടർപ്രവർത്തനം നടത്തുന്നതാണ്. 2. **ചങ്ങനാശ്ശേരി നഗരസഭ :-** നഗരസഭയിലെ പൊതുമരാമത്ത് വർക്കുകൾ എല്ലാം മുനി. കൗൺസിലർമാരും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്താണ് തുക നൽകിയിട്ടുള്ളത്. ഈ വർഷം മുതൽ ഓരോ വാർഡിലും പൊതുജനങ്ങൾ ഉൾക്കൊള്ളുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തുന്നതാണ് 3. **ആലുവ നഗരസഭ :-** നഗരസഭയിൽ കൂടുതൽ പ്രവൃത്തികൾ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്നതിന് നഗരസഭയ്ക്ക് താല്പര്യമുണ്ടെങ്കിലും ആയതിലേക്ക് ഗുണഭോക്തൃകമ്മിറ്റികൾ തയ്യാറായി വരാത്ത സാഹചര്യമാണ് നിലവിലുള്ളത്. നിലവിൽ ടെൻഡർ ചെയ്ത പ്രവൃത്തികൾ അതത് വാർഡിലെ ഗുണഭോക്താക്കളാണ് പ്രസ്തുത വേലകളുടെ മേൽനോട്ടം വഹിച്ചുവരുന്നതും. പരാതികളും അഭിപ്രായങ്ങളും നഗരസഭയെ അറിയിച്ചുവരുന്നതും. ഗുണഭോക്തൃകമ്മിറ്റികളെ പ്രോത്സാഹിപ്പിക്കുന്നതിനും ആയതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും. നഗരസഭ പരമാവധി ശ്രമിച്ചുവരുന്നു. ആലുവ മേഖല കൂടുതൽ നഗരവത്കരിക്കപ്പെട്ടിട്ടുള്ളതിനാലായിരിക്കണം ഇപ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ ജനകീയമാകാത്തത് എന്ന് കരുതപ്പെടുന്നു. 4. **കൊച്ചി നഗരസഭ :-** എല്ലാ പ്രവൃത്തികളും പ്രവൃത്തി നടക്കുന്ന സമയത്ത് ഗുണഭോക്തൃ കമ്മിറ്റികൾ പരിശോധന നടത്തുന്നു് എന്നാൽ അതിനായി പ്രത്യേക രേഖകൾ സൂക്ഷിച്ചു വെച്ചിട്ടില്ലാത്തതാണ്. കോർപ്പറേഷൻ തല മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശ പ്രകാരമാണ് ബില്ല് നൽകി വരുന്നത്.
	3.2.14		1. **തിരുവനന്തപുരം നഗരസഭ :-** നിർമ്മാണ പ്രവർത്തനങ്ങളുടെ മോണി റ്ററിംഗ് സംബന്ധിച്ച് ഓഡിറ്റ് പ

			രാമർശത്തിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇനിയുള്ള പേമെന്റുകൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ നൽകുകയുള്ളുവെന്നുള്ള വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു. 2. **കൊച്ചി നഗരസഭ :-** റോഡുകൾ, മറ്റു മരാമത്ത് വേലകൾ എന്നിവയുടെ മോണിറ്ററിംഗ് ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ട്. 3. **തലശ്ശേരി നഗരസഭ :-** പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിങ്ങിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവദിച്ച തുകയ്ക്കുള്ളിൽ നിർത്തിക്കൊ് മാത്രമേ മേലിൽ ചിലവ് ചെയ്യുന്നതിന് ശ്രദ്ധിക്കുന്നതാണ്. മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.
	3.2.15		**കോഴിക്കോട് നഗരസഭ :-** പൊതുജനങ്ങളുടെ സൗകര്യാർത്ഥം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റോഡുകളായും ഫുട്പാത്തുകളായും . ഡ്രെയിനുകളായും നിർമ്മിച്ചുനൽകുകയാണ് പതിവ്. പൊതുവായ സ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ സൗജന്യമായി ജനങ്ങൾ ഭൂമി ലഭ്യമാക്കുകയോ, അല്ലെങ്കിൽ ഭൂമി അക്വയർ ചെയ്തോ ആണ് പ്രവൃത്തി നടത്തിവരുന്നത്. കോഴിക്കോട് നഗരസഭയിൽ ഭൂമി പൊതു ആവശ്യാർത്ഥം അക്വയർ ചെയ്യുന്നത് വളരെയധികം ദുർഘടമാണ്. കാരണം ഭൂമിയുടെ വിലതന്നെ. നഗരസഭ അക്വയർ ചെയ്ത ഭൂമി പലതും പൊന്നുംവിലകൊടുത്താണ്. ഭൂമി ഉങ്കിലും ഇല്ലെങ്കിലും പ്രസ്തുത പ്രവർത്തികൾ അനിവാര്യമായി നടത്തേതാണ്. നഗരസഭയുടെ അഴുക്കുചാലിൽ കവറിംഗ് സ്ലാബിട്ട് പൊതുജനങ്ങൾ റോഡായി ഉപയോഗിക്കുന്നു എന്നതാണ് പരാമർശം. തുറന്നു കിടക്കുന്ന കാന അപകട കാരണമാകു

			ന്നതിനാൽ സ്ലാബിട്ട് സംരക്ഷിക്കുവാൻ നിലവിൽ നിർദ്ദേശമുള്ളതാണ്. കാന നിർമ്മിക്കുവാൻ സ്വകാര്യ സ്ഥലം അക്വയർ ചെയ്യണമെങ്കിൽ നഗരത്തിലുള്ള മിക്ക കെട്ടിടങ്ങളുടെയും മുൻഭാഗം പൊളിക്കേിവരും. മാത്രമല്ല, പാർക്കിംഗ് സ്പേസ് കുറയുകയും ചെയ്യുന്നതാണ്. റോഡിനു വേ സ്ഥലം അക്വയർ ചെയ്യുകയാണെങ്കിൽ ഭീമമായ തുക അക്വിസിഷനായി നൽകേിവരും. പിന്നീട് പ്രവർത്തിക്കുവേിയും തുക വകയിരുത്തേിവരും. സൂചിത പരാമർശത്തിലെ അക്വിസിഷൻ ഇല്ലാതെ തന്നെയാണ് ആവശ്യാമായ സേവനം നഗരസഭ നൽകിവരുന്നത്. ആയത് സൂചിപ്പിക്കുന്നത് അധിക ചെലവ് ഉാവുകയല്ല, ചെലവ് കുറയുകയാണ് ചെയ്യുന്നത് എന്നാണ്. നിലവിൽ പൊതുവായ സ്ഥലം ഇല്ലാത്ത പലയിടത്തും ജനങ്ങളുടെ സഹകരണത്തോടെ ഘട്ടംഘട്ടമായി ഫൂട്പാത്തുകളും ഡ്രെയിനേജുകളും റോഡുകളും വികസിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഓട്ടോ, ആംബുലൻസ് പോലെയുള്ള ചെറിയ വാഹനങ്ങൾ പോകേ ആവശ്യാ ർത്ഥം കൂടിയാണ് ഇത്തരം വഴികൾ നിർമ്മിക്കേിവരുന്നത്. ഇത്തരം കാരണങ്ങൾ പരിഗണിച്ച് ഓഡിറ്റ് തടസ്സവാദത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു
	3.2.16		1. കാഞ്ഞങ്ങാട് നഗരസഭ :-കേന്ദ്രാവിഷ്കൃത കടളങ്ങം പദ്ധതിയിൽ അടങ്കൽ വകയിരുത്തി കൊ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഐങ്ങോത്ത് പനക്കാവ് ഭൂതത്താൻ കടവ് തൂക്കുപാലം ഉപയോഗ പ്രദമാക്കുന്നതിന് നിലവിൽ അംഗീകരിച്ച വഴികളൊന്നും തന്നെയില്ല. പ്രസ്തുത പാലത്തിലേക്ക് റോഡ് സൗകര്യമേർപ്പെടുത്തുന്നതിന് ബജറ്റിൽ 10 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടു്. എൻ.എച്ച് ൽ നിന്നും ഏകദേശം 500 മീറ്ററോളം നടപ്പാത നിർമ്മിക്കുന്നതിന് സ്ഥലം ഉടമയുടെ സമ്മതപത്രം കിട്ടുന്ന മുറയ്ക്ക് ഈ വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. തൂക്കുപാലത്തിന്റെ കിഴക്ക് ഭാഗം നിലവിൽ റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടു്.
	3.2.18		1. ആലപ്പുഴ നഗരസഭ :- ആലപ്പുഴനഗരസഭയിൽ

പൊതുമരാമത്ത് പ്രവൃത്തികൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ഗൈഡ് ലൈൻ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഡി.പി.സി യുടെ അംഗീകാരം വാങ്ങിയതിനുശേഷം സാങ്കേതികാനുമതി, ടെൻ എന്നീ പ്രക്രിയകൾ പൂർത്തിയാക്കുമ്പോൾ പദ്ധതി നിർവ്വഹണത്തിന് 3-4 മാസം മാത്രമേ ലഭിക്കുന്നുള്ളൂ. നിലവിലുള്ള നിയമത്തിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വ്യാപകമായി പരസ്യം ക്ഷണിക്കുന്നു്. എന്നാൽ പലപ്പോഴും പ്രമുഖ പത്രങ്ങൾ നഗരസഭയുടെ പരസ്യം തങ്ങളുടെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് വിസമ്മതിക്കാറു്. ആയതിന് കാരണം കഴിഞ്ഞ കാലങ്ങളിൽ യഥാസമയം പണം നൽകിയിട്ടില്ല എന്നതുകൊാണ്.

2. **ചാലക്കുടി നഗരസഭ :-** ചാലക്കുടി നഗരസഭ പദ്ധതിപ്പണം -/സംരക്ഷണ ഗ്രാന്റ്/ തനതുഫുപയോഗിച്ച് നടത്തുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും മത്സരാധിഷ്ടമായ ടെറുകളാണ് ക്ഷണിച്ചു വരുന്നത്. 2009-10, 2010-11 കാലയളവിലും പദ്ധതിപ്പണം ഉപയോഗിച്ച് നടത്തിയ എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും, നിയമാനുസൃതം ടെറുകൾ ക്ഷണിച്ചിട്ടുള്ളതാണ്. ഒന്നിൽ കൂടുതൽ കരാറുകാർ ഷെഡ്യൂൾ വാങ്ങുകയും ടെറുകൾ സമർപ്പിക്കാതെ, പലകാരണത്താൽ പിൻവാങ്ങുന്ന പ്രവണത കാണുന്നു്. 2012-13, 2013-14 വർഷങ്ങളിൽ, ടെറുകളിൽ വ്യക്തമായ മത്സരം ഉായിട്ടുള്ളതും, ഓരോ പ്രവൃത്തിക്കും ഒന്നിൽ കൂടുതൽ ടെറുകൾ ലഭിച്ചിട്ടുള്ളതുമാണ്. നഗരസഭയുടെ ഭാഗത്ത് നിന്ന് ടി വിഷയത്തിൽ യാതൊരു വിധത്തിലുമുള്ള വീഴ്ചയും വന്നിട്ടില്ലാ. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് വിനീതമായി അപേക്ഷിക്കുന്നു.

3. **ചാവക്കാട് നഗരസഭ :-** നഗരസഭയിലെ ടെർ പരസ്യങ്ങൾ, നിയമാനുസൃതമായി പത്രപരസ്യം മുഖേനയും നോട്ടീസ് ബോർഡ് മുഖാന്തിരവും കൃത്യമായി പ്രസിദ്ധപ്പെടുത്താറു്, നഗരസഭയിൽ രജിസ്റ്റർചെയ്ത കരാറുകാരുടെ എണ്ണം താരതമ്യേന കുറവായതിനാലാണ് ടെറുകളിൽ ഒരേ വ്യക്തികൾ പങ്കെടുക്കുന്ന സാഹചര്യം ഉാകുന്നത്.

4. **ഇരിഞ്ഞാലക്കുട നഗരസഭ :-** നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ ടെറുകൾ പ്രചാരമുള്ള ദിനപത്രങ്ങളിൽ ആവശ്യമായ സമയം നൽകി പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമാണ് ടെർ ചെയ്യുന്നത്.

5. **തൃശ്ശൂർ നഗരസഭ :-** കോമ്പറ്റീറ്റീവ് ടെർ ആണ് കോർപ്പറേഷനിൽ നടക്കാറുള്ളത്. ഏക ടെർ സാധാരണ അംഗീകരിക്കാറില്ല. നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊ് നിയമാനുസൃതമായാണ് കോർപ്പറേഷനിലെ പ്രവൃത്തികൾ നടത്താറുള്ളത്. കരാറുകാരുടെ ഒത്തുകളി അവസാനിപ്പിക്കുന്നതിന് ബഹു. മേയറുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു്.

6. **കൊച്ചി നഗരസഭ :-** ടി ഖണ്ഡികകളിൽ കൊച്ചി നഗരസഭയ്ക്ക് ബാധകമായിട്ടുള്ള പരാമർശ വിഷയം ടെറുകൾ ലഭ്യമാക്കുന്ന സമയം രേഖപ്പെടുത്തിയിട്ടില്ല എന്നതാണ്. ആയതു പരിശോധിച്ചതിൽ ചില സോണൽ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന ടെറുകളിലാണത്ര ടി അപാകത കിട്ടുള്ളത്. ആയത് പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടു്.

	3.2.19		**ചാലക്കുടി നഗരസഭ :-** 2009-10 വർഷം പ്രൊജക്ട് നമ്പർ 179/09 നമ്പറായി നഗരസഭ കൗൺസിൽ ഹാളിൽ ഓഡിയോ സിസ്റ്റം അറ്റകുറ്റപണികൾക്കായി 145000/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കൗൺസിലിന്റെ തീരുമാനപ്രകാരം ഉജഇ യുടെ അംഗീകാരത്തോടെയാണ് പ്രവൃത്തി നടത്തിയിരുന്നത്. തുക വകമാറ്റി ചെലവഴിച്ച നടപടി അംഗീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. ചാലക്കുടി നഗരസഭയിൽ 2009-10, 2010-11 വർഷങ്ങളിൽ റോഡുകളുടെ സംരക്ഷണ ഗ്രാന്റിൽ നിന്നും പുതിയ റോഡ് നിർമ്മാണത്തിന് വേി തുക വകമാറ്റിയിട്ടുള്ളതായി 2009-10,2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായി കത്തിയിട്ടില്ല. തുക മാറ്റി ചെലവഴിച്ചിട്ടുള്ള നടപടിക്ക് സാധൂകരണം നൽകണമെന്നും മേലിൽ തുക മാറ്റി ചെലവഴിക്കുന്നതല്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.
	3.2.20		1. **ആലുവ നഗരസഭ :-** നിലവിൽ നഗരസഭയിൽ ഓവർസിയർ ഗ്രേഡ്-1 തസ്തികയിൽ ഒരു ഒഴിവു മാത്രമാണ് നികത്താനുള്ളത്. മറ്റുള്ള ഒഴിവുകൾ എല്ലാം തന്നെ നികത്തിയിട്ടുള്ളതാണ്. കൂടാതെ എൻജിനീയറിംഗ് വിഭാഗത്തിൽ സ്വന്തമായി ക്ലരിക്കൽ സംവിധാനമില്ലാത്തതിനാൽ സാങ്കേതികവിഭാഗം ജീവനക്കാർത്തന്നെ ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കേി വരുന്നതായി പരാമർശമു്. എന്നാൽ ആലുവ നഗരസഭയിൽ സൂപ്ര്-1, ക്ലാർക്ക്-3, ഓഫീസ് അറ്റൻഡന്റ്-1, ടൈപ്പിസ്റ്റ്-1 എന്ന പ്രകാരം ജീവനക്കാരെ എൻജിനീയറിംഗ് വിഭാഗത്തിലേക്ക് അനുവദിച്ചിട്ടു്. 2. **കണ്ണൂർ നഗരസഭ :-** കണ്ണൂർ നഗരസഭയിൽ 2 ഒന്നാം ഗ്രേഡ് ഓവർസിയർമാരുടേയും ഒരു മൂന്നാം ഗ്രേഡ് ഓവർസിയറുടേയും ഒഴിവ് നിലനിൽക്കുന്നു്. ഇത് സർക്കാർ തലത്തിൽ പരിഹരിക്കേതാണ്. 3. **തൃശ്ശൂർ നഗരസഭ :-** ജീവനക്കാരുടെ കുറവ് നികത്തേത് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറാണ്. ഇതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടു്. നിലവിൽ താൽക്കാലിക ജീവനക്കാരെ വച്ചാണ് സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് നികത്തിയിട്ടുള്ളത്. ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നത് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരായ ക്ലാർക്കുമാരാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിങ്

വിഭാഗമാണ് തൃശൂർ കോർപ്പറേഷനിലുള്ളത്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് സംവിധാനം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.

C. VALSALA
Joint Secretary to Govt.
Govt. Secretariat, Tvpm.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.